# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

പുസ്തകം 76
ലക്കം 4
ഏപ്രിൽ 2005
ശഹാദത്ത് - 1383
സഫർ - റബീഉൽ അവ്വൽ 1426

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) 5520733
95495 (Land)
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ലേഖനം**

6 ***സത്യസമ്പൂർണ്ണമായ ക്ഷണം***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

8 ***ക്രിസ്തുമതവും കൊളോണിയലിസവും***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

11 ***തിരുനബി(സ) യുടെ ദാനശീലം***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

13 ***ഉയിർത്തെഴുന്നേൽപ്പോ അബോധമുക്തിയോ?***
ലോയ്ഡ് ഡേവിസ് & മിസിസ് ഡേവിസ്

17 ***ഇസ്‌ലാമിക ലോകത്തെ ഒബ്സർവേറ്ററികൾ***
സക്കറിയ

20 ***പോണ്ടിയസ് പിലാത്തോസ്***
ഷീലാ അഹ്മദ്

24 ***കച്ചവടം***
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

26 ***വിവാഹിതനായ യേശു***
എ. ആർ. മലബാരി

30 ***തിയോഡർ ഹെർട്സും ജൂതരാഷ്ട്രവും***
ഏ.എം. മുഹമ്മദ് സലീം

34 ***ദുൽഖർനൈൻ ആരാണ്?***
ഏ. പി. കുഞ്ഞാമു

37 ***വിദ്യാഭ്യാസം :***
***നാലുചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും***
അബ്ദുൾ മജീദ്, ശഹാബ് അഹ്മദ്

**കവിത**

19 ***ദിവ്യതേജസ്സ്***
എസ്. വി. സുബൈദ, പഴയങ്ങാടി

കുറിപ്പുകൾ, സൂഫിക്കഥ, വാർത്തകൾ.

**മുഖചിത്രം:** വെള്ളികൊണ്ടുള്ള ചിത്രപ്പണിയോടുകൂടിയ പിത്തളയിൽ പണിത രാജകീയ പാന പാത്രം. ഖുറാസാനിൽ (ഹീറാത്ത്) നിന്നും കണ്ടെടുത്തത് - ക്രി. വ.1200

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.


## ഖുർആനിൽ നിന്ന്

നിന്നെ അവർ കള്ളവാദിയാക്കിത്തള്ളിയെങ്കിൽ നിനക്ക് മുമ്പ് ദൃഷ്ടാന്തങ്ങളോടും തിരുവെഴുത്തുകളോടും വ്യക്തമായ ഗ്രന്ഥത്തോടും കൂടെ വന്ന പ്രവാചകന്മാരും കള്ളന്മാരാക്കപ്പെട്ടിട്ടുണ്ട്. (3:183)

## നബിവചനം

ഈ സമുദായത്തിൽ ശ്രേഷ്ഠമായതു അതിന്റെ ആദ്യത്തിലുള്ളതും അവസാനത്തിലുള്ളതും ആകുന്നു. ആദ്യത്തേതിൽ അല്ലാഹുവിന്റെ റസൂലും അവസാനത്തേതിൽ ഈസബ്നു മർയമും ആണ്.

*(കൻസുൽ ഉമ്മാൽ)*



# ഇരുണ്ട കാലഘട്ടത്തിന്റെ വെളിച്ചം

**വാഗ്ദത്ത മസീഹ്**

ഈ ഇരുണ്ടകാലഘട്ടത്തിന്റെ വെളിച്ചം ആകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവെച്ച പടുകുഴികളിൽ വീഴുന്നതിൽ നിന്നും എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലൂടെയും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴി നടത്തുന്നതിനും ഇസ്ലാമിൽ ധാർമ്മികതക്കുള്ള സ്ഥാനം ഊന്നിപ്പറയുന്നതിന്നുമായിട്ടത്രെ എന്നെ ദൈവം അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയാടയാളങ്ങൾ ദൈവം എനിക്ക് വേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു.

**(മസീഹ് ഹിന്ദുസ്ഥാൻ മെ)**

മുഖക്കുറിപ്പ്

# ഉയിർത്തെഴുന്നേൽപ്പും ക്രിസ്തീയ മുക്തി ശാസ്ത്രവും

ഏദൻ തോട്ടത്തിൽ വസിച്ചിരുന്ന ആദാമും ഭാര്യ ഹവ്വയും വിലക്കപ്പെട്ട കനി ഭക്ഷിച്ചു പാപികളായി. പറുദീസയിൽ നിന്നും ബഹിഷ്കൃതരായ ആദം ദമ്പതികളുടെ പാപം സന്തതികളിലേക്കും സംക്രമിച്ചു മനുഷ്യവംശം മുഴുവൻ പാപികളായിത്തീർന്നു. പാപികളെ ശിക്ഷിക്കാൻ ദൈവത്തിന്റെ കാരുണ്യം അനുവദിക്കുന്നില്ല. പാപികളെ ശിക്ഷിക്കാതിരിക്കുന്നത് ദൈവനീതിക്ക് ചേർന്നതുമല്ല. ഈ വിഷമ പ്രശ്നം പരിഹരിക്കാൻ ദൈവം ആവിഷ്ക്കരിച്ച പദ്ധതിയാണ് തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ച് കുരിശിൽ മരിച്ച് പാപികളെ വീണ്ടെടുക്കുക എന്നത്. ഈ ദൈവിക പദ്ധതിയുടെ ഭാഗമായി രണ്ടായിരം വർഷം മുമ്പ് ക്രിസ്തു ഭൂമിയിൽ വരികയും മനുഷ്യവംശത്തിന്റെ പാപ പരിഹാരാർത്ഥം കുരിശ് മരണം വരിക്കുകയും ചെയ്തു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് പിന്നീട് സ്വർഗ്ഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി. ഇതിൽ വിശ്വസിക്കുന്ന പാപികളായ എല്ലാ മനുഷ്യർക്കും മോക്ഷമുണ്ടെന്ന് ക്രിസ്ത്യൻ മുക്തി ശാസ്ത്രം പറയുന്നു. വിചിത്രമെന്ന് പറയട്ടെ യാന്ത്രികവും തത്ത്വശൂന്യവുമായ ഈ ക്രിസ്തീയ മുക്തിമാർഗ്ഗത്തെപ്പറ്റി ബൈബിളിൽ യാതൊരു പരാമർശവുമില്ല. ക്രിസ്തീയ ദൈവശാസ്ത്രിമാർ പിൽക്കാലത്ത് രൂപം നൽകിയതാണ് ഈ പാപ പരിഹാര സിദ്ധാന്തം പൂർവ്വാപര വൈരുദ്ധ്യങ്ങൾ നിറഞ്ഞു നിൽക്കുന്നു.

മനുഷ്യന്റെ യുക്തിയെ അമ്പരപ്പിക്കുകയും ധിഷണയെ പരിഹസിക്കുന്നതുമായ ഈ പാപ പരിഹാരമാർഗ്ഗം മതലോകം പൊതുവെ വിശ്വസിക്കുന്ന ആത്മ സംസ്കരണാത്മകമായ മുക്തി മാർഗത്തിൽ നിന്നും തികച്ചും വ്യത്യസ്തവും യാന്ത്രികവുമായ ഒരു മോക്ഷ സങ്കല്പമാണ്. മറ്റു മതസ്ഥരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ വമ്പിച്ച സന്നാഹങ്ങളുമായി പ്രചാരണം നടത്തുന്ന ക്രിസ്തുമതം പാപ പരിഹാര സിദ്ധാന്തത്തിലെ നീതിസാരം എന്താണെന്ന് സർവ്വാംഗീകൃത ധാർമ്മിക യുക്തിയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ ബാദ്ധ്യസ്ഥരാണ്.

മതസംവാദങ്ങളുടെ മേന്മകളെപ്പറ്റിയും അതിന്റെ ആവശ്യകതയെ സംബന്ധിച്ചും ക്രിസ്ത്യാനികളുടെ ആസ്ഥാനങ്ങളിൽ നിന്നും ഇടക്കിടെ ആഹ്വാനങ്ങളുണ്ടാകുമെങ്കിലും മനുഷ്യസൃഷ്ടി, ദൈവപുത്രത്വം, ത്രിത്വം, പാപം, പാപസംക്രമണം, യേശുവിന്റെ കുരിശുമരണത്തിലൂടെയുള്ള പാപ പരിഹാരം എന്നീ അടിസ്ഥാനപരമായ ക്രിസ്തീയ സിദ്ധാന്തങ്ങളേ പററി മറ്റുള്ളവർക്കുള്ള വിയോജിപ്പുകളിൽ ക്രിസ്ത്യാനികൾ സംവാദമോ ചർച്ചയോ നടത്താറില്ല. പകരം യേശുവിന്റെ അത്ഭുതകൃത്യങ്ങളിലും രണ്ടാം വരവിന്റെയും പ്രഘോഷണങ്ങളിലുമാണ് ക്രിസ്ത്യാനികൾ ഊന്നൽ നൽകുന്നത്.

യേശു ക്രിസ്ത്യാനികളുടേത് മാത്രമല്ല മുസ്ലിംകളുടേയും ആദരണീയനായ ഒരു പ്രവാചകനാണ്. അതുകൊണ്ട് യേശുവിന്റെ അദ്ധ്യാപനങ്ങൾ എന്താണെന്ന് വെളിപ്പെടുത്താൻ മുസ്ലിംകൾക്കും ബാധ്യതയുണ്ട്. അതികഠിനമായ പരീക്ഷണങ്ങളേയും പീഢനങ്ങളേയും അതിജീവിച്ച മഹാനായ യേശു വിന്റെ ജീവിതത്തെയും സന്ദേശത്തെയും കുറിച്ച് അർത്ഥവത്തായ സംവാദങ്ങൾ മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിൽ സ്നേഹപൂർവ്വം നടത്തേണ്ടതുണ്ട് എന്ന ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഏതായാലും യേശു പറഞ്ഞ ആത്മീയ വിമോചനമാർഗ്ഗം തീർച്ചയായും കുരിശുമരണത്തിലും ഉയിർത്തെഴുന്നേൽപ്പിലുമുള്ള വിശ്വാസമല്ല എന്ന് സ്പഷ്ടമാണ്.

സ്വന്തം തൂലികയിലൂടെ

## ലേഖനം

# സത്യസമ്പൂർണ്ണമായ ക്ഷണം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**മറിയമിന്റെ മകൻ യേശു (അ) ദൈവമോ ദൈവപുത്രനോ അല്ല. ദൈവത്തിന്റെ ഏകത്വം പ്രേഷണം ചെയ്ത ആ മഹാത്മാവ് ദിവംഗതനായിരിക്കുന്നു. തിരുനബി(സ) പ്രവചിച്ച മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആകുന്നു.**

പ്രഖ്യാപിക്കുക! പരമകാരുണികനായ അല്ലാഹുവിന് ഒരു പുത്രനുണ്ടായിരുന്നെങ്കിൽ ഞാൻ ആരാധകരിൽ ഒന്നാമനാകുമായിരുന്നു. (43:82)

അങ്ങേയറ്റം വിനയത്തോടും വണക്കത്തോടും താഴ്മയോടുംകൂടി പാതിരി സഹോദരങ്ങൾക്കുവേണ്ടി ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയാണ്. ഹസ്റത്ത് ഈസാമസീഹ് യഥാർത്ഥത്തിൽ ദൈവത്തിന്റെ പുത്രനോ ദൈവമോ ആയിരുന്നെങ്കിൽ എറ്റവുമാദ്യം ഞാൻ അദ്ദേഹത്തെ ആരാധിക്കുമായിരുന്നു. രാജ്യം മുഴുവൻ അദ്ദേഹത്തിന്റെ ദൈവത്വം പ്രചരിപ്പിക്കുമായിരുന്നു. പീഡനങ്ങൾ പേറേണ്ടിവന്നാലും മർദ്ദനങ്ങൾ ഏൽക്കേണ്ടി വന്നാലും വധിക്കപ്പെടേണ്ടി വന്നാലും അദ്ദേഹത്തിന്റെ വഴിയിൽ കഷണം കഷണമാകേണ്ടി വന്നാലും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിൽ നിന്നും അത് ഉറക്കെ പ്രഖ്യാപിക്കുന്നതിൽ നിന്നും ഞാൻ പിന്മാറുകയില്ലായിരുന്നു.

എന്നാൽ, പ്രിയ സ്നേഹിതരേ! ദൈവം നിങ്ങളുടെ മേൽ കരുണ ചൊരിയുമാറാകട്ടെ. നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. ഹസ്റത്ത് ഈസാ (അ) ദൈവമല്ല. അദ്ദേഹം ഒരു നബി മാത്രമാണ്. അതിനെക്കാളുപരി ഒരു തരിപോലും സ്ഥാനം അദ്ദേഹത്തിനില്ല. ദൈവത്തെ കൊണ്ടു സത്യം! ഞാനദ്ദേഹത്തെ സത്യമായും സ്നേഹിക്കുന്നു. ആ സ്നേഹം നിങ്ങൾക്കൊരിക്കലും അദ്ദേഹത്തിനോടില്ല. ഏതൊരു പ്രകാശം കൊണ്ട് ഞാനദ്ദേഹത്തെ തിരിച്ചറിഞ്ഞുവോ അങ്ങനെ അദ്ദേഹത്തെ തിരിച്ചറിയാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അദ്ദേഹം ദൈവത്തിന്റെ ഒരു പ്രീതദാസനും പ്രവാചകനുമായിരുന്നു എന്നതിൽ ഒരു സംശയവുമില്ല. പക്ഷേ, അദ്ദേഹം ദൈവമായിരുന്നില്ല. ദൈവത്തിന്റെ പുത്രനുമായിരുന്നില്ല.

ഇത് ഞാൻ പറയുന്നതല്ല. മറിച്ച് ഭൂമിയുടേയും ആകാശത്തിന്റേയും സ്രഷ്ടാവായ ദൈവം എന്നിൽ വെളിപ്പെടുത്തിയ കാര്യമാണിത്. ഈ അവസാനകാലത്ത് എന്നെ വാഗ്ദത്ത മിശിഹാവായി നിയോഗിച്ചിട്ടുള്ളത് അവൻ തന്നെയാണ്. മർയയുടെ മകൻ യേശു ദൈവമോ ദൈവപുത്രനോ അല്ലെന്നതാണ് സത്യമെന്ന് അവൻ എന്നോടു പറഞ്ഞു. എന്നെ സംബോധന ചെയ്തുകൊണ്ട് അവൻ പറഞ്ഞു: അല്ലാഹുവിൽ നിന്ന് വിശുദ്ധ ഖുർആൻ കൊണ്ടുവരികയും ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്ത ആ നബി – മുഹമ്മദുനബി(സ) – സത്യപ്രവാചകൻ തന്നെയാണ്. അദ്ദേഹത്തിന്റെ പാദത്തിൻകീഴിൽ തന്നെയാണ് മോക്ഷം. അദ്ദേഹത്തെ പിൻപറ്റാതെ ആർക്കും ഒരിക്കലുമൊരിക്കലും ദൈവിക വെളിച്ചം ലഭിക്കുകയില്ല. എന്റെ അല്ലാഹു ആ നബിയുടെ മഹത്വവും സ്ഥാനവും പ്രതാപവും എന്നിൽ വെളിപ്പെടുത്തിയപ്പോൾ ഞാൻ വിറച്ചുപോയി. എന്റെ ശരീരത്തിൽ വിറയലുണ്ടായി. എന്തുകൊണ്ടെന്നാൽ, ക്രിസ്ത്യാനികൾ ഹസ്റത്ത് ഈസാ മസീഹിനെ പുകഴ്ത്തിപ്പുകഴ്ത്തി ദൈവത്തിന്റെ പുത്രനാക്കിത്തീർത്തു. എന്നാൽ, ഈ വിശുദ്ധ പ്രവാചകനെ തിരിച്ചറിയേണ്ട വിധം ജനങ്ങൾ തിരിച്ചറിഞ്ഞില്ല. യഥാവിധി ജനങ്ങൾക്ക് അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങൾ ഇപ്പോഴും അറിയുകയുമില്ല. ആ ഒരു പ്രവാചകൻ മാത്രമാണ് ഏകദൈവത്വസിദ്ധാന്തത്തിന്റെ വിത്ത് ഒരിക്കലും നഷ്ടപ്പെട്ടുപോകാത്തവിധം വിതച്ചത്. മുഴുവൻലോകവും അധഃപ്പതിച്ചുപോയൊരു കാലഘട്ടത്തിൽ ആഗതനായ ഒരേയൊരു പ്രവാചകൻ അദ്ദേഹമാണ്. സമുദ്രത്തെപ്പോലെ ഏകദൈവത്വസിദ്ധാന്തം പരത്തിയതിനുശേഷമാണ് അദ്ദേഹം ഇവിടെനിന്ന് യാത്രയായത്. ആ ഒരു പ്രവാചകനുവേണ്ടി മാത്രമാണ് ദൈവം ഓരോ കാലത്തും തന്റെ ആഭിമുഖ്യം കാണിച്ചുകൊണ്ടിരുന്നത്. ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിനായി ആയി

രക്കണക്കിന് ദിവ്യാത്ഭുതങ്ങൾ ദൈവം വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

ഇക്കാലത്തും ആ പരിശുദ്ധ പ്രവാചകൻ അപമാനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, ദൈവത്തിന്റെ രക്ഷാധികാരം അലയടിച്ചുയർന്നിരിക്കുകയാണ്. കഴിഞ്ഞകാലത്തേക്കാളെല്ലാം അധികമായി അത് അലയടിച്ചുയർന്നിരിക്കുന്നു. ആ മഹാത്മാവിന്റെ പ്രവാചകത്വത്തിന് ലോകം മുഴുവൻ സാക്ഷി പറയാൻ ദൈവം എന്നെ വാഗ്ദത്ത മിശിഹാവായി അയച്ചിരിക്കുന്നു. തെളിവില്ലാതെയാണ് ഞാനിത് പറയുന്നതെങ്കിൽ ഞാൻ കള്ളവാദി തന്നെ. കിഴക്കു മുതൽ പടിഞ്ഞാറുവരെയും വടക്കു മുതൽ തെക്കുവരെയും ഉദാഹരണമില്ലാത്ത വിധം തന്റെ ദൃഷ്ടാന്തങ്ങൾ കൊണ്ട് ഞാൻ സത്യവാനാണെന്ന് ദൈവം സാക്ഷി പറയുന്നു. അപ്പോൾ നീതിയും ദൈവഭയവും ഉണ്ടെങ്കിൽ ഈ സകല അധ്യാപനങ്ങളോടുംകൂടി എന്നെ സ്വീകരിക്കുക. ദൈവം എനിക്കുവേണ്ടി ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തി. ആ ദൃഷ്ടാന്തങ്ങൾ വെള്ളവും തീയും കാറ്റുംകൊണ്ട് നശിപ്പിക്കപ്പെട്ട മുൻ സമുദായക്കാർ കണ്ടിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ല. ഇക്കാലത്തെ ജനങ്ങളെ ഞാനെന്തിനോടാണ് സാദൃശ്യപ്പെടുത്തി പറയേണ്ടത്? കണ്ണുണ്ടായിട്ടും കാണാത്തവരെപ്പോലുള്ള നിർഭാഗ്യരാണിവർ. ചെവിയുണ്ട് പക്ഷേ, കേൾക്കുന്നില്ല. ബുദ്ധിയുണ്ട് പക്ഷേ, മനസ്സിലാക്കുന്നില്ല. ഞാൻ അവർക്കുവേണ്ടി വിലപിക്കുന്നു. എന്നാൽ, അവർ എന്നെ പരിഹസിച്ച് ചിരിക്കുന്നു. ഞാനവർക്ക് അമൃതജലം നൽകുന്നു. അവർ എന്റെ മേൽ തീമഴ വർഷിക്കുന്നു. ദൈവം അവന്റെ വാക്കുകൾകൊണ്ടു മാത്രമല്ല എന്നിൽ പ്രത്യക്ഷപ്പെട്ടത്. പ്രവൃത്തിയിലൂടെയും എന്റെ മേൽ പ്രകാശിച്ചു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹം ഇല്ലാത്തവനുവേണ്ടി കാണിക്കപ്പെടാത്ത പ്രവൃത്തി അവൻ എനിക്കുവേണ്ടി കാണിച്ചു, കാണിക്കുകയും ചെയ്യും.

ജനങ്ങളെന്നെ ഉപേക്ഷിച്ചു. എന്നാൽ, ദൈവം എന്നെ സ്വീകരിച്ചു. ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതിൽ എനിക്കെതിരിൽവരാൻ ആരെങ്കിലുമുണ്ടോ? ദൈവം എന്നിലൂടെ വെളിപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ വെളിപ്പെട്ടിരിക്കുന്നത്. മറഞ്ഞിരിക്കുന്ന ഒരു നിധിപോലെയായിരുന്നു അവൻ. എന്നാൽ, ഇക്കാലത്ത് അവൻ എന്നെ അയച്ചുകൊണ്ട് ദൈവമില്ലെന്നു പറയുന്ന സകല നിരീശ്വരവാദികളുടെയും നിർമ്മതവാദികളുടെയും വായടയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു.

പ്രിയ സ്നേഹിതരേ! ദൈവത്തെ തിരഞ്ഞുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് ഞാൻ സന്തോഷവാർത്ത അറിയിക്കട്ടെ. വിശുദ്ധ ഖുർആൻ അവതരിപ്പിച്ച ആ ദൈവം തന്നെയാണ് യഥാർത്ഥ ദൈവം. അവൻ തന്നെയാണ് എന്റെ മേൽ ദിവ്യജ്യോതിസ്സ് വെളിപ്പെടുത്തിയത്. അവൻ എപ്പോഴും എന്നോടൊപ്പമുണ്ട്. (ഹഖീഖത്തുൽവഹ്യ് പേ:617)

## ആത്മാവിന്റെ വടംവലിയിൽ നിന്ന് രക്ഷയ്ക്കുള്ള മാർഗ്ഗം

മുത്തഖി അഥവാ അല്ലാഹുവിനെ രക്ഷകനായി തിരഞ്ഞെടുത്തവൻ അവനെ ഭയപ്പെടുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നു. ആ ഘട്ടത്തിൽ വിവിധ തരം ദുർബോധനങ്ങളും ആശങ്കകളുമുണ്ടാകുകയും ദൈവസന്നിധിയിൽ അത് തടസ്സം സൃഷ്ടിക്കുകയും നമസ്കാരത്തെ വീഴ്ത്തിക്കളയുകയും ചെയ്യുന്നതാണ്. പക്ഷേ, മുത്തഖി ആത്മാവിന്റെ ഈ വടംവലിയിലും നമസ്കാരത്തെ എഴുന്നേല്പിച്ച് താങ്ങി നിറുത്തുന്നു. ഇടയ്ക്ക് നമസ്കാരം വീഴുന്നു. അപ്പോൾ അയാൾ വീണ്ടും അതിനെ താങ്ങി നിറുത്തുന്നു. ബുദ്ധിമുട്ടിയും പരിശ്രമിച്ചും വീണ്ടും വീണ്ടും നമസ്കാരത്തെ എഴുന്നേല്പിച്ച് താങ്ങി നിറുത്തുന്ന ഈ അവസ്ഥ അവന് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. അങ്ങനെ അല്ലാഹു തന്റെ ഗ്രന്ഥത്തിലൂടെ അവന് ഹിദായത്ത് നല്കുന്നു? എന്താണ് അവന്റെ ഹിദായത്ത്? അഥവാ സന്മാർഗ്ഗം? ഹിദായത്തു ലഭിക്കുന്ന നേരത്ത് യുഖീമൂനസ്സ്വലാത്ത – അവർ നമസ്കാരത്തെ നിലനിറുത്തുന്നു – എന്നതിനുപകരം വടംവലിയും ദുർബോധനങ്ങളും നിറഞ്ഞ ആ ജീവിതത്തിൽ നിന്ന് പുറത്തു ചാടുന്ന ഒരവസ്ഥയിലേക്ക് അവരെത്തിച്ചേരുന്നു. നമസ്കാരം ഭക്ഷണമായിത്തീർന്ന സമ്പൂർണ്ണരായ ചിലയാളുകളുടെ സ്ഥാനം അദൃശ്യതയിൽ നിന്ന് അല്ലാഹു ഇവർക്കു നൽകുന്നു. ദാഹം കഠിനമായ നേരത്ത് ശീതളപാനീയം കുടിക്കുമ്പോഴുണ്ടാകുന്ന രുചിയും ആനന്ദവും നമസ്കാരത്തിൽ അവർക്കു നൽകപ്പെടുന്നു. അവർ അതീവ താൽപര്യത്തോടെ അതു പാനം ചെയ്യുകയും സുസംതൃപ്തരായി സന്തോഷം കരസ്ഥമാക്കുകയും ചെയ്യുന്നു; അല്ലെങ്കിൽ, കഠിനമായ വിശപ്പുള്ളപ്പോൾ വിഭവസമൃദ്ധവും രുചികരവുമായ ഭക്ഷണം കഴിച്ച് സംതൃപ്തി നേടന്നതുപോലെ! ഇതേ അവസ്ഥ അവർക്ക് നമസ്കാരത്തിൽ ഉണ്ടായിവരുന്നു. അതവർക്കൊരു ലഹരിയായി മാറുന്നു. അതു ലഭിക്കുന്നില്ലെങ്കിൽ അവന് കഠിനമായ ദുഃഖവും അസ്വസ്ഥതയും ഉണ്ടാകുന്നു. എന്നാൽ, നമസ്കരിക്കുമ്പോൾ അവന്റെ മനസ്സിൽ ഒരു പ്രത്യേക സന്തോഷവും കുളിരും അനുഭവപ്പെടുന്നു. അത് എല്ലാവർക്കും പ്രാപ്യമായ ഒന്നല്ല. ഈ ആനന്ദലഹരിയുടെ അവസ്ഥ വാക്കുകളിൽ പറയാനും ഒക്കുകയില്ല. മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ച് അല്ലാഹുവിനോട് വ്യക്തിഗതമായ സ്നേഹം ഉണ്ടാക്കിത്തീർക്കുന്ന ഒരവസ്ഥയിൽ എത്തിച്ചേരുമ്പോൾ നമസ്കാരത്തെ താങ്ങിനിറുത്തേണ്ട ആവശ്യം അവനുണ്ടാകുകയില്ല. കാരണം, അവന്റെ നമസ്കാരം വീണുപോകാതെ എഴുന്നേറ്റുതന്നെ നിൽക്കുന്നതാണ്. സ്വാഭാവികമായ ഒരവസ്ഥ അതിനുണ്ടാകുന്നു. അത്തരക്കാരുടെ ആഗ്രഹം അല്ലാഹുവിന്റെ ആഗ്രഹമായിരിക്കും. അല്ലാഹുവിനോട് വ്യക്തിഗതമായ സ്നേഹത്തിന്റെ നിറം ഉൾക്കൊള്ളുന്ന ഒരു സ്നേഹാവസ്ഥ ഉടലെടുക്കുന്നു. കൃത്രിമമോ അഭിനയമോ ഒന്നും അപ്പോൾ ഉണ്ടാകുക

*(ശേഷം 10-ാം പേജിൽ)*

## ലേഖനം

Christianity a Journery From Fact to Fiction
എന്ന പുസ്തകത്തിൽ നിന്ന്

# ക്രിസ്തുമതവും കൊളോണിയലിസവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (അ)

**പാശ്ചാത്യ നാഗരികതയുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിച്ചുവരുന്ന ക്രിസ്തുമതം അവരുടെ നഗ്നമായ കൊളോണിയൻ ചൂഷണങ്ങൾക്കെതിരെ മൗനം ദീക്ഷിക്കുകയാണ്. കറുത്ത ആഫ്രിക്കയിൽ ആത്മാവിന്റെ മോചനം പ്രസംഗിക്കുന്നവർ അവരുടെ ശരീരത്തിന്റെയും സമ്പത്തിന്റെയും അടിമത്വത്തെ പറ്റി ഒന്നും പറയുന്നില്ല.**

ക്രിസ്തീയ ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ധാരണാ ശക്തിയുടെ കുറവും അതുപോലെ സത്യം അറിയാനുള്ള വൈമുഖ്യവും അത് സ്വീകരിക്കാനുള്ള സന്നദ്ധതയില്ലായ്മയുമാണ്. ഐതിഹ്യപരമാകട്ടെ, വസ്തുനിഷ്ഠാപരമാകട്ടെ ക്രിസ്തുമതം പാശ്ചാത്യ നാഗരികതയുടെ അവിഭാജ്യഘടകമാണ്. അവരുടെ കോളനിവത്ക്കരണത്തിലും സാമ്രാജ്യത്വ വിജയങ്ങളിലും വളരെ പ്രമുഖമായ പങ്കാണ് ക്രിസ്തുമതം വഹിച്ചത്. സാമ്പത്തികവും രാഷ്ട്രീ യവുമായ പാശ്ചാത്യ വ്യവസ്ഥകളെ അത് താങ്ങി നിർത്തുകയും അവർക്ക് ഏകീകൃതവും ബലവത്തായതുമായ ഒരു ഏകശിലാ ഘടന നൽകുകയും ചെയ്യുന്നു. സങ്കീർണമായ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പാശ്ചാത്യ സംസ്കാരത്തെ നിർമ്മിക്കാനും ഒന്നിച്ചു നിർത്താനും ക്രിസ്തുമതം ഏറ്റവും പ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. പാശ്ചാത്യ സംസ്കാരത്തെക്കുറിച്ചും പാശ്ചാത്യ സാമ്രാജ്യത്വത്തെക്കുറിച്ചും അവരുടെ സാമ്പത്തികമേധാവിത്വത്തെക്കുറിച്ചും നാം മനസ്സിലാക്കുന്ന കാര്യങ്ങളിലെല്ലാം ചില ക്രിസ്തീയ ഘടകങ്ങൾ ചൂഴ്ന്നു നിൽക്കുന്നു. പണ്ട് കാലത്ത് ക്രിസ്തുമത വിശ്വാസം പടുത്തുയർത്തുന്നതിനും അതിന്റെ ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടിയാണ് കൂടുതലായി ശ്രമിച്ചിരുന്നതെങ്കിൽ ഇന്നത്തെ അതിന്റെ സ്ഥിതി പാശ്ചാത്യരുടെ ആത്മീയ കാര്യങ്ങളെക്കാൾ അവരുടെ ഭൗതിക കാര്യങ്ങളോടാണ് ആഭിമുഖ്യം പുലർത്തുന്നത്.

എന്തായിരുന്നാലും ചരിത്രപരമായി ക്രിസ്തു മതം നിർവ്വഹിച്ച പങ്കിലേറെയും പാശ്ചാത്യ സാമ്രാജ്യത്തെ കെട്ടിപ്പടുക്കലും ശക്തിപ്പെടുത്തലുമായിരുന്നു. ക്രിസ്തീയമായ തീഷ്ണ വികാരത്തോടെയാണ് പൗരസ്ത്യ നാടുകളിലെ അധിനിവേശങ്ങൾ അരങ്ങേറിയത്. മുസ്‌ലിം സാമ്രാജ്യങ്ങളുമായി പാശ്ചാത്യ നാടുകൾ നടത്തിയ യുദ്ധങ്ങളുടെയെല്ലാം പ്രേരക ശക്തി ക്രിസ്തുമതത്തിന്റെ മുസ്‌ലിം വിദ്വേഷമായിരുന്നു.

### ക്രിസ്തുമതവും കൊളോണിയലിസവും

കൊളോണിയൽ ഭരണം ഏകദേശം മുഴുവൻ ആഫ്രിക്കൻ വൻകരയേയും അടിമുതൽ മുടിവരെ രാഷ്ട്രീയ അടിമച്ചങ്ങലയിൽ ബന്ധനസ്ഥരാക്കി. താമസം വിനാ അവരുടെ കൈകാലുകളിൽ സാമ്പത്തിക അടിമത്വത്തിന്റെ വിലങ്ങു വീണു. ജനങ്ങളെ സാമ്പത്തികമായി കീഴ്പ്പെടുത്താതെയുള്ള സാമ്രാജ്യത്വ അധിനിവേശങ്ങൾ അർത്ഥ രഹിതമാണ്. തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക യജമാനന്മാരുടെ പിന്നാലെ തന്നെ വിജയത്തിന്റെയും ആത്മത്യാഗത്തിന്റെയും തിരുവസ്ത്രങ്ങളണിഞ്ഞ് ക്രിസ്തീയ പുരോഹിതന്മാരും ആഫ്രിക്കയിലെത്തി. രാഷ്ട്രീയവും സാമ്പത്തികവുമായി ജനങ്ങളെ കൊള്ളയടിക്കാൻ ആഫ്രിക്കയിലെത്തിയ തങ്ങളുടെ പാശ്ചാത്യരായ മുൻഗാമികളെ എതിർത്തുകൊണ്ടാണ് ക്രിസ്തീയ മതപുരോഹിതന്മാരുടെ സന്ദർശനം എന്ന് ബാഹ്യമായി കാണപ്പെട്ടു. അവർ പറഞ്ഞത് : 'ഞങ്ങൾ വന്നത് അടിമപ്പെടുത്താനല്ല. ആഫ്രിക്കയുടെ ആത്മാവിനെ മോചിപ്പിക്കാനാണ്' എന്നാണ്. ദ്വയാർത്ഥങ്ങളുള്ള അവരുടെ ഈ വിശുദ്ധ ഉദ്ദേശ്യത്തെ ആഫ്രിക്കക്കാർ ചോദ്യം ചെയ്തില്ല എന്നത് അത്ഭുതകരമാണ്. എന്തുകൊണ്ട് മനുഷ്യകാരുണ്യത്തിന്റെ ഈ ക്രിസ്തുസഭാനേതാ ക്കന്മാരോട് 'നിങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് മാത്രം സഹതാപം കാണിക്കുന്നു' എന്ന് വിനയപുരസ്സരം ആഫ്രിക്കക്കാർ ചോദിച്ചില്ല. ആത്മാവിനോടല്ലാതെ മറ്റൊന്നിനോടും എന്തുകൊണ്ട് നിങ്ങൾക്ക് സഹതാപം തോന്നിയില്ല എന്നും അവർ ചോദിച്ചില്ല. ആഫ്രിക്കക്കാരുടെ

ശരീരം എത്ര ദാരുണമായ രീതിയിലാണ് അടിമച്ചങ്ങലയിൽ ബന്ധിതമായിരിക്കുന്നതെന്ന് ക്രിസ് തീയ നേതാക്കന്മാർക്ക് കാണാമായിരുന്നില്ലേ? എത്ര പൈശാചികമായിട്ടാണ് അവരുടെ രാഷ്ട്രീയ സ്വാ തന്ത്ര്യം അവരിൽ നിന്നും കവർന്നെടുത്തത്? സാമ്പത്തിക അടിമത്വത്തി ന്റെ വിലങ്ങിൽ അവരെ തളച്ചിട്ടിരിക്കുന്നത് എങ്ങിനെയാണെന്ന് അവർ അറിയുന്നില്ലേ? എന്തുകൊണ്ട് അവരുടെ ശരീരങ്ങൾക്ക് വന്നു ഭവിച്ച ദയനീയമായ ദാസ്യത്വത്തിൽ ക്രിസ്തീയ സഭ സഹതപിക്കുന്നില്ല? അടിമകളാ ക്കപ്പെട്ട ജനതയുടെ ആത്മാവിനെ മോചിപ്പിക്കുന്നതിൽ മാത്രം അവർ താല്പര്യം പ്രകടിപ്പിക്കുന്നത് എന്തുകൊണ്ടാണ്?

ഇതിൽ അന്തർഭവിച്ചിട്ടുള്ള വൈരുദ്ധ്യങ്ങൾ വളരെ പ്രകടമാണ്. പക്ഷേ അത്ഭുതകരമെന്ന് പറയട്ടെ, ക്രിസ്ത്യാനികളുടെ ഗൂഢതന്ത്രങ്ങൾക്ക് കുറിമാനമായിട്ടുള്ളവർക്ക് ഈ വൈരുദ്ധ്യങ്ങൾ അത്രത്തോളം വ്യക്തമായി മനസ്സിലായിട്ടില്ല. ആഫ്രിക്കക്കാർ തീർച്ചയായും നിഷ്ക്കളങ്കരാണ്. ഇരുനൂറ് വർഷങ്ങൾക്ക് മുമ്പത്തേത് പോലെ അവർ ഇന്നും നിഷ്കളങ്കർ തന്നെയാണ്. വിദൂരസ്ഥലത്തിരുന്ന് അദൃശ്യ ഹസ്തങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന നവ കൊളോണിയൽ വ്യവസ്ഥയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ അടിമത്തത്തിലെ ചൂഷണം ആഫ്രിക്കക്കാർക്ക് ഇന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ക്രിസ്തുമതം അവരെ കീഴ്പ്പെടുത്താനുള്ള ഒരു ഉപകരണം മാത്രമാണെന്ന യാഥാർത്ഥ്യം അവർ ഇപ്പോഴും ഗ്രഹിച്ചിട്ടുമില്ല. വിസ്മൃതിയുടെ നിതാന്തമായ മയക്കം സമ്മാനിക്കുന്ന മയക്ക് മരുന്നു പോലെയാണ് അവർക്ക് ക്രിസ്തുമതം. അവരുടെ ഭരണാധികാരികൾ കൈവശം വെച്ചിരിക്കുന്ന സമ്പത്തിൽ അവർക്കും തുല്യ പങ്കാളിത്തം ലഭിക്കുമെന്ന മിഥ്യാബോധം അവരിൽ ഉണ്ടാക്കിയിരിക്കുന്നു. ആ മിഥ്യാബോധം തന്നെയാണ് പാശ്ചാത്യ രീതിയിലുള്ള ആഢംബര പൂർണ്ണമായ ജീവിതശൈലി അനുകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്.

വൃക്ഷം നടപ്പെട്ടത് വിദേശത്താണ്. പക്ഷേ അതിന്റെ ഫലങ്ങളുടെ രുചിക്ക് അടിമപ്പെട്ടു പോയവരുടെ നാട്ടിലേക്ക് അത് കയറ്റുമതി ചെയ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്. മൂന്നാം ലോകത്തിന് മേൽ രാഷ്ട്രീയ സാമ്പത്തിക സാമ്രാജ്യത്വ ശക്തിയായി നിൽക്കുന്ന പാശ്ചാത്യ കോയ്മയുടെ ഒഴിച്ചു കൂടാനാവാത്ത ഭാഗമായി ക്രിസ്തുമതം എങ്ങനെ ആയിത്തീരുന്നു എന്ന് കാണിക്കാനാണ് ഈ ചെറുവിവരണം നൽകിയത്.

പാശ്ചാത്യ ദേശത്തെ ഒരു സാധാരണക്കാരൻ അയാൾ ക്രിസ്തുമത സിദ്ധാന്തങ്ങളുടെ സങ്കീർണതകൾ മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം നമുക്കവഗണിക്കാം, അയാൾ ക്രിസ്തുമതം തന്റെ സംസ്ക്കാരത്തിന്റേയും നാഗരികതയുടെയും അവിഭാജ്യ ഘടകമായിക്കാണുന്നു. ക്രിസ്തുമതം എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അതിന്റെ യഥാർത്ഥ ശക്തി ഒരു കൂട്ടം മിത്തുകളിലുള്ള വിശ്വാസങ്ങളല്ല എന്ന് നാം പ്രത്യേകം ഓർക്കണം. അതിനു പകരം ക്രിസ്തുമതത്തിന്റെ പര്യായങ്ങൾ എന്നു കരുതുന്ന കാരുണ്യം, അനുകമ്പ, അശരണരുടെ സേവനം എന്നീ മൂല്യങ്ങളിൽ ഊന്നുന്നതിലാണ് അതിന്റെ യഥാർത്ഥ ശക്തി എന്നു നാം മനസ്സിലാക്കണം. ഈ മൂല്യങ്ങളെല്ലാം ലോകത്തിലുള്ള എല്ലാ മതങ്ങളുടെയും പൊതു മൂല്യങ്ങളാണ്. മാനവീയത നേടിയെടുക്കേണ്ട ലക്ഷ്യങ്ങളായിക്കൊണ്ട് ദൈവം സംവിധാനം ചെയ്തതാണ് ഇതെന്ന് നമുക്ക് കാണാം. പക്ഷേ, ക്രിസ്തുമതത്തിന്റെ അതിശക്തമായ നിരന്തര പ്രചാരണ തന്ത്രങ്ങളിലൂടെ ഈ മൂല്യങ്ങളെല്ലാം ക്രിസ്തുമതവുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് വലിയൊരു ജനവിഭാഗത്തെ വിശ്വസിപ്പിക്കാൻ അവർക്കു സാധിച്ചു. അനുകമ്പയുടെയും കാരുണ്യത്തിന്റെയും ദിവ്യത്വത്തിന്റെയും മാന്യമായ പെരുമാറ്റത്തിന്റെയും ഈ സന്ദേശത്തിന്റെ ശ്രുതിമധുരമായ സംഗീതം കാതുകളിൽ ഒരു മാന്ത്രിക വശീകരണമുണ്ടാക്കുന്നു. ഈ മായിക പരിവേഷമാണ് പൊതുവേ ക്രിസ്തുമത വിശ്വാസത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്നത്. എന്തായിരുന്നാലും പാശ്ചാത്യരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ തീഷ്ണയാഥാർത്ഥ്യങ്ങളും മറ്റു രാജ്യങ്ങളെ അടിമപ്പെടുത്തലും പ്രസ്തുത മൂല്യങ്ങളിൽ നിന്നുമുള്ള അവരുടെ വ്യതിചലനമാണ്.

ക്രിസ്തു മതത്തിനോടൊപ്പം നിലകൊള്ളുന്ന ഈ സൈദ്ധാന്തിക വൈരുദ്ധ്യങ്ങൾ ഒരളവോളം അവരുടെ ലൗകിക വ്യവഹാരങ്ങളിലും കാണപ്പെടുന്നു. ദയ, വിനയം, സഹിഷ്ണുത, ത്യാഗം മുതലായ നിരവധി ഉദാത്തമായ വാക്കുകളോടൊപ്പം ക്രൂരത, അടിച്ചമർത്തൽ, വ്യാപകമായ നീതിനിഷേധം, ലോക ജനതയിൽ നിസ്സഹായരായ വലിയൊരു വിഭാഗത്തെ അടിമപ്പെടുത്തൽ എന്നിവയും ഒപ്പത്തിനൊപ്പം നിൽക്കുന്നതായി കാണാം. നിയമ വാഴ്ച, നീതി, നീതിപാലനം മുതലായവ പാശ്ചാത്യ ക്രിസ്തീയ രാജ്യങ്ങളിൽ മാത്രം പ്രചാരണമൂല്യമുള്ള നാണയങ്ങളാണ്. സാർവ്വദേശീയ ബന്ധങ്ങളിൽ അവ വിഡ്ഢിത്തവും എടുക്കാത്ത നാണയങ്ങളുമാണ്. ഗൗരവപൂർവ്വം എടുക്കേണ്ട അത്തരം വിഷയങ്ങൾ പാശ്ചാത്യ ലോകത്തിന് പുറത്ത് നിസ്സാരങ്ങളായി അവർ കാണുന്നു. അന്തർദ്ദേശീയ നയതന്ത്രത്തിലും സാമ്പത്തിക ബന്ധങ്ങളിലും നീതി എന്താണെന്ന് അവർ ക്കറിയില്ല. ആ രംഗത്തെല്ലാം അവരുടെ ദേശീയ താല്പര്യങ്ങളല്ലാതെ മറ്റൊന്നുമില്ല. പാശ്ചാത്യരുടെ രാഷ്ട്രീ യ സാമ്പത്തിക ആധിപത്യത്തിനകത്തേക്ക് ക്രിസ്ത്യൻ മൂല്യങ്ങൾക്ക് ചുവടുവെക്കാൻ അനുവാദമില്ല; അവ എത്ര നല്ലതാണെങ്കിലും ശരി. ഇതാണ് ആധുനിക ലോകത്തെ ദാരുണമായ വൈരുദ്ധ്യം.

ക്രിസ്തുമതം പ്രലോഭനീയമായ അതിന്റെ പാശ്ചാത്യ സംസ്കാരത്തേയും നാഗരികതയേയും എടുത്തു കാട്ടിക്കൊണ്ട് പൊതുവെ സങ്കുചിതവും ജീർണ്ണവുമായ മത സമൂഹങ്ങളായി കഴിയുന്ന പൗരസ്ത്യരെ ക്ഷണിക്കാറുണ്ട്. സുഖപ്രദവും, സർവ്വ സ്വത

ന്ത്രവും സ്വച്ഛന്ദസുന്ദരവുമായ ജീവിതത്തിലേക്കാണ് അവരുടെ ക്ഷണം. വിമോചനത്തിനായുള്ള ആഹ്വാനത്തിൽ അർദ്ധ സാക്ഷരരായ വലിയൊരു വിഭാഗം മൂന്നാം ലോക ജനത തെറ്റിദ്ധരിച്ചുകൊണ്ട് ആകർഷിക്കപ്പെടുന്നു. കൂടാതെ ക്രിസ്തുമതം എന്ന പൊതു ഘടകത്തിലൂടെ തങ്ങ ൾ പരിഷ്കൃത ലോകത്തിൽ നിന്നു ള്ളവ രായിത്തീരുന്നു എന്ന മാനസിക സംതൃപ്തി അവരിൽ ഉണ്ടാക്കുന്നു. ഈ മൂന്നാം ലോകജനതയാകട്ടെ ജാതി ശ്രേണികളുള്ള സമൂഹത്തിലെ ഏറ്റവും അടിച്ചമർത്തപ്പെട്ടവരും താഴെക്കിടയിലുള്ളവരുമാണ്. ഇങ്ങനെ പരിഷ്കൃത ലോകത്തിലെത്താൻ ക്രിസ്തു മതത്തിനുള്ള സുപ്രധാനമായ പങ്ക് ആ മതത്തിലേക്ക് വലിയൊരു ജനവിഭാഗത്തെ ആകർഷിക്കുന്നു. ഇതാണ് പലപ്പോഴും സംഭവിക്കുന്നത്. ക്രിസ്തുമതത്തിന്റെ സിദ്ധാന്തങ്ങൾ മനസ്സിലാക്കുക എന്നത് അവരുടെ പരിധിക്ക് പുറത്തുള്ള കാര്യമാണ്. അവരുടെ മനുഷ്യാവസ്ഥ ഉയർത്തുത്തുന്നതിൽ മാത്രമാണ് ക്രിസ്തുമതം അവരെ സഹായിക്കുന്നത്. എന്നാൽ ആ വിമോചനമാകട്ടെ വ്യാജവുമാണ്.

ഇപ്പോഴത്തെ ക്രിസ്തുമതം യേശുവിന്റെ അധ്യാപനങ്ങളിൽ നിന്നും ബഹുദൂരം അകലെയാണെന്ന് മേൽ വിവരണങ്ങളിൽ നിന്നും തെളിയുന്നു. പാശ്ചാത്യ സംസ്ക്കാരമാണ് ക്രിസ്തുമതമെന്ന് മനസ്സിലാക്കുന്നത് പ്രകടമായ തെറ്റാണ്. സമകാലീന ലോകത്തെ വിവിധ തലങ്ങളിലുള്ള ക്രിസ്തുമത രൂപങ്ങളെ ക്രിസ്തുവിൽ ആരോപിക്കുകയാണെങ്കിൽ തീർച്ചയായും അത് ക്രിസ്തുവിനെ അപമാനിക്കലായിരിക്കും. എല്ലാ നിയമത്തിനും ചില നീക്കുപോക്കുകളൊക്കെയുണ്ട്. ഒരു ആരോപണവും ഒരു വലിയ സമൂഹത്തിന് ഒന്നടങ്കം ബാധകമാക്കാൻ സാധ്യമല്ല. ക്രിസ്ത്യൻ ആത്മാ ർത്ഥത, സ്നേഹം, ത്യാഗം മുതലായ കാര്യങ്ങൾ സത്യസന്ധമായി നടപ്പിൽ വരുത്തുന്ന വ്യക്തികളുടെയും കൊ ച്ചു ഗ്രൂപ്പുകളുടെയും പ്രതീക്ഷയുടെ യും സജീവതയുടെയും കൊച്ചു തുരുത്തുകൾ ക്രിസ്തീയ ലോകത്ത് കാണപ്പെടുന്നു എന്ന കാര്യത്തിൽ സംശയമില്ല. അധാർമ്മികതയുടെ പ്രക്ഷുബ്ധമായ പാരാവാരത്തിൽ ഈ കൊച്ചു ദ്വീപുകൾ തീരം നശിച്ച് മുങ്ങിത്താഴുകയാണ്. അവ എത്ര തന്നെ ചെറു തും വിദൂരസ്ഥമാണെങ്കിലും യേശു ക്രിസ്തുവിന്റെ ചൈതന്യത്താൽ സേവന നിരതരായ അത്തരം ജ്വലിക്കുന്ന മാതൃകകൾ ഇല്ലായിരുന്നുവെങ്കിൽ അന്ധകാരം പാശ്ചാത്യലോകത്തെ ഗ്രസിക്കുമായിരുന്നു. ഇതല്ലാതെ ക്രിസ്തീയ ലോകത്തെ അലങ്കരിക്കാൻ മറ്റൊന്നുമില്ല. കഷ്ടമെന്ന് പറയട്ടെ, അത്തരം വെളിച്ചങ്ങൾ ദ്രുതഗതിയിൽ മങ്ങിക്കൊണ്ടിരിക്കുകയുമാണ്.

ക്രിസ്തീയ ലോകത്തിന്റെ വിഭക്തമായ വ്യക്തിത്വത്തിനും, അവരിൽ അന്തർഹിതമായ കാപട്യത്തിനും സ്വയം ചികിത്സിച്ച് സുഖം പ്രാപിക്കാൻ യേശുവിന്റെ യാഥാർത്ഥ്യത്തിലേക്ക് ക്രിസ്തീയ ലോകം തിരിച്ചുപോകേണ്ടത് അത്യാവശ്യമാണ്. മിത്തുകളുടെയും ഇതിഹാസങ്ങളുടെയും ലോകത്ത് ജീവിതം തുടരുക എന്നത് വിനാശത്തിനുള്ള വഴിയാണ്. ഈ ശ്രമങ്ങളുടെയെല്ലാം മുഖ്യഉദ്ദേശ്യം ക്രിസ്തീയ ലോകത്ത് അവരുടെ വിശ്വാസവും പ്രവർത്തനവും തമ്മിലുള്ള വർദ്ധിച്ചുവരുന്ന വൈരുദ്ധ്യങ്ങളെപ്പറ്റി അവ രെ ബോധവാന്മാരാക്കുക എന്നതാണ്. സമൂഹ ശ്രേണിയിലെ താഴെക്കിടയിലുള്ളവരുടെ അജ്ഞതയെ ചൂഷണം ചെയ്ത് മയക്കിക്കിടത്തി അവരെ കീഴ് പ്പെടുത്തി നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തെ സഹായിക്കാൻ മിത്തുകൾ വളരെ നല്ലതാണ്. എന്നാൽ മൃതിയടഞ്ഞുപോയ ഒരു സമൂഹത്തെ ജീവനിലേക്ക് കൊണ്ടുവരുവാനും അതിശീഘ്രം ജീർണ്ണിക്കുന്ന അവരുടെ ധാർമ്മിക മൂല്യങ്ങളെ പുനർസൃഷ്ടിക്കാനും അത്തരം മിത്തുകൾക്ക് കഴിയില്ല. അവ വെറും മിഥ്യാഭാവനകൾ മാത്രമാണ്. മിഥ്യാഭാവനകൾക്ക് മാനുഷിക വ്യവഹാരങ്ങളിൽ അർത്ഥവത്തായി ഇടപെടാൻ സാദ്ധ്യമല്ല. ■

---

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

യില്ല. മൃഗങ്ങളും മറ്റു മനുഷ്യരും തങ്ങളുടെ ഭക്ഷണപാനീയങ്ങളിലും കമ്പം തോന്നുന്ന മറ്റു കാര്യങ്ങളിലും ആനന്ദം കൊള്ളുന്നപോലെ, അതിനെക്കാളുപരിയായി ആ മുഅ്മിൻ മുത്തഖി - സത്യവിശ്വാസിയായ ദൈവഭക്തൻ നമസ്കാരത്തിൽ ആനന്ദം കൊള്ളുന്നു.

അഭിവൃദ്ധികളുടെയെല്ലാം വേരും സോപാനവുമാണ് നമസ്കാരം. നമസ്കാരം സത്യവിശ്വാസിയുടെ മിഅ്റാജ് അഥവാ ആത്മീയപ്രയാണമാണെന്ന് പറയപ്പെട്ടിട്ടുള്ളത് അതുകൊണ്ടാണ്. ഈ ലോകത്ത് ആയിരക്കണക്കിന് ലക്ഷക്കണക്കിന് അല്ലാഹുവിന്റെ ഒലിയ്യമാരും സത്യാത്മാക്കളും അബ്ദാലുകളും ഖുത്ബുകളും കഴിഞ്ഞുകടന്നിട്ടുണ്ട്. ഈ നിലകളും സ്ഥാനങ്ങളും അവരെങ്ങനെയാണ് നേടിയെടുത്തത്? ഈ നമസ്കാരം ഒന്നുകൊണ്ടുതന്നെ. നബി(സ)തന്നെ പറഞ്ഞു : **ഖുർറത്തുഅയ്നീ ഫിസ്സ്വലാത്തി.** എന്റെ കണ്ണിന് കുളിർമ നമസ്കാരത്തിലാണ്. യഥാർത്ഥത്തിൽ ഈ സ്ഥാനവും ദർജയിലുമെത്തുമ്പോൾ അവന് പരിപൂർണ്ണവും തികവാർന്നതുമായ ആനന്ദം നമസ്കാരം തന്നെയായിരിക്കും. നബി(സ) പറഞ്ഞതിന്റെ അർത്ഥവും ഇതുതന്നെയാണ്. അതായത് ആത്മാവിന്റെ വടംവലിയിൽ നിന്ന് മോചിതനായി ഉന്നതമായ സ്ഥാനം പ്രാപിക്കുന്നു.

ചുരുക്കത്തിൽ ഓർമ്മിക്കുക! **യുഖീമൂനസ്സ്വലാത്ത** എന്നത് പ്രാരംഭസ്ഥാനവും നിലയുമാണ്. താൽപര്യമില്ലായ്മയോടും വടംവലിയോടുംകൂടിയാണ് ആ നമസ്കാരങ്ങൾ അനുഷ്ഠിക്കപ്പെടുന്നത്. പക്ഷേ, ഈ ഗ്രന്ഥത്തിന്റെ (ഖുർആൻ) സന്മാർഗ്ഗഫലമായി ആ നിലയിൽ നിന്ന് മനുഷ്യൻ രക്ഷപ്പെട്ട് **ഖുർറത്തുൽ അയ്ൻ** എന്ന സ്ഥാനത്ത് എത്തിച്ചേരുന്നു. (മൽഫൂസാത് വാള്യം 8 പേ: 309–310) ■

**വിവ: മുഹമ്മദ് ഇസ്മായിൽ എച്ച്.എ.)**

ഖുത്ബ സംഗ്രഹം

# തിരുനബി(സ)യുടെ ദാനശീലം

ഹദ്റത്ത് മസ്റൂർ അഹ്മദ്

> പ്രചണ്ഡമായ പവനനെപോലെ തനിക്ക് ലഭിച്ചതെല്ലാം ദാനം ചെയ്ത് നിസ്വനായി ലോകത്തോട് വിടപറഞ്ഞ ദാനശീലനായിരുന്നു തിരുനബി(സ)

ഭൗതികരായ ആളുകൾ പൊതുവെ പണം ആഗ്രഹിക്കുന്നവരാണ്. ജനങ്ങളുടെ ഇടയിൽ പേരുണ്ടാക്കുന്നതിനും തന്റെ സുഖാഡംബരങ്ങൾക്കുള്ള സാധനസാമഗ്രികൾ സംഘടിപ്പിക്കുന്നതിനും തന്റെ മരണശേഷം ഭാര്യയും മക്കളും സുഖസമൃദ്ധിയോടെ ജീവിക്കാൻ പണത്തിന്റെ കൂമ്പാരം അവർക്കുവേണ്ടി ഉപേക്ഷിച്ചുപോകുന്നതിനും വേണ്ടി മനുഷ്യർ ധനം സ്വരുക്കൂട്ടാൻ പരിശ്രമിക്കാറുണ്ട്. തന്റെ മരണശേഷം, ഇന്നയാൾ തന്റെ സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് മരിച്ചുപോയെന്നും അയാളുടെ മക്കൾ ഇന്ന് അയാൾ സമ്പാദിച്ചുവെച്ച പണം കൊണ്ടാണ് കളിക്കുന്നതെന്നും ജനങ്ങൾ പറയണമെന്ന ഒരാഗ്രഹവും അതിൽ ഒളിഞ്ഞിരിപ്പുണ്ട്.

തങ്ങൾ മനുഷ്യരോട് സഹതാപമുള്ളവരും അനുകമ്പയുള്ളവരുമാണെന്ന് ധരിക്കുന്ന ചിലയാളുകൾ ഉണ്ട്. മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് വാദിക്കുന്നവരാണവർ. എന്നാൽ, അവരുടെ പ്രവർത്തനവും അവരുടെ വാദവും തമ്മിൽ ഒരു ബന്ധവുമില്ല. താൽക്കാലികമായ ഒരു ആവേശം മാത്രമാണത്. അതിലും മറ്റുള്ളവർ കാണണമെന്ന വികാരമായിരിക്കും മുന്നിട്ടു നിൽക്കുന്നത്. അതായത് ജനങ്ങൾക്കുവേണ്ടി ചെലവാക്കുന്നവനാണെന്നുള്ള പ്രസിദ്ധി തനിക്കു കിട്ടണമെന്നുള്ള ചിന്തയോടെയാണ് അവർ ചെലവഴിക്കുന്നത്.

എന്നാൽ, സമ്പത്തു ലഭിക്കുമ്പോൾ അതെങ്ങനെ ചെലവഴിക്കണമെന്ന് നബി(സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇത് അവിടത്തെ അനുഗൃഹീതജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. ഇതിൽ അതുല്യമായ മാതൃകയായിരുന്നു നബി(സ). ദാനധർമ്മത്തിന്റെ ഉദാത്തമായ ഈ നില നബി(സ)ന്റെ ജീവിതത്തിനുമുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ല. ഇനിയൊട്ടുണ്ടാകുകയുമില്ല. ജനങ്ങൾ ഏകനായ ദൈവത്തെ തിരിച്ചറിയണമെന്നും ലോകത്ത് ഏകദൈവത്വസിദ്ധാന്തം ജയിക്കണമെന്നുമുള്ള ചിന്തയായിരുന്നു നബി(സ)യ്ക്ക് രാവും പകലും ഉണ്ടായിരുന്നത്. അതിനോടൊപ്പം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണമെന്ന ഉൽക്കടമായ ആഗ്രഹവും. തന്റെയും തന്റെ ഭാര്യാമക്കളുടെയും സുഖക്ഷേമങ്ങളെക്കുറിച്ച് ഒരു ചിന്തയുമുണ്ടായിരുന്നില്ല. സ്വഹാബത്തിനെ പഠിപ്പിച്ചതും ഇതുതന്നെയാണ്; മറ്റുള്ളവർക്കു വേണ്ടി നിങ്ങളുടെ കൈകൾ നിവർത്തിവയ്ക്കുക. കാരണം, പരലോകജീവിതത്തിൽ നിങ്ങൾക്ക് പ്രയോജനപ്പെടുന്നകാര്യം ഇതൊന്നുമാത്രമാണ്.

നബി(സ) പറഞ്ഞു: "ദാനശീലരിൽ ഏറ്റവും വലിയ ദാനശീലൻ അല്ലാഹുവാണ്."

മനുഷ്യരിൽ വെച്ചേറ്റവും വലിയ ദാനശീലനായിരുന്നു നബി(സ). അല്ലാഹു നബിയ്ക്കു നൽകിയ സമ്പത്തൊന്നും അവിടന്ന് കൈയിൽ വെച്ചില്ല. എത്രയും

വേഗം അവകാശികൾക്ക് അത് വിതരണം ചെയ്യണമെന്ന ചിന്തയായിരുന്നു. നബി(സ) പറഞ്ഞു: ഞാനൊരു വിതരണക്കാരൻ മാത്രമാണ്; അല്ലാഹു തരുന്നവനും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. "നബി(സ) എല്ലാവരെക്കാളും സൗന്ദര്യവാനും, ഏറ്റവും വലിയ ആതിഥേയനും എല്ലാവരെക്കാളും ദാനശീലനുമായിരുന്നു. റമസാൻ മാസത്തിൽ അവിടത്തെ ദാനധർമ്മം പാരമ്യതയിലെത്തുമായിരുന്നു." ശക്തമായ കാറ്റിനോടാണ് നിവേദനത്തിൽ അതിനെ ഉപമിച്ചിട്ടുള്ളത്. ആരെങ്കിലും നബിയോട് എന്തെങ്കിലും ചോദിക്കുകയും നബിയുടെ കൈയിൽ അതുണ്ടായിരിക്കുകയും എന്നിട്ട് നബി അത് കൊടുക്കാതിരിക്കുകയും ചെയ്ത ഒരു സംഭവവും കാണുകയില്ല. കടം വാങ്ങിപ്പോലും അവിടന്ന് ധർമ്മം കൊടുക്കുമായിരുന്നു.

അവിടത്തെ ദാനധർമ്മത്തിന്റെ അവസ്ഥ നിവേദനങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആട്ടിൻപറ്റങ്ങളേയും ഒട്ടകകൂട്ടങ്ങളേയും താഴ്വരകൾ തന്നെയും അവിടന്ന് ധർമ്മം നൽകിയിരുന്നു. സഹായം ചോദിച്ചുവരുന്ന ചിലയാളുകൾ നബിയോട് ധിക്കാരപൂർവ്വം പെരുമാറിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ, അവിടന്ന് സൽസ്വഭാവം കാഴ്ചവെച്ചുകൊണ്ട് അത്തരമാളുകൾക്കും ദാനധർമ്മം ചെയ്തിരുന്നു.

ആരെങ്കിലും നബി(സ)യ്ക്ക് എന്തെങ്കിലും സമ്മാനം നൽകിയാൽ അതിനെക്കാൾ നല്ലത് നബി(സ) സമ്മാനമായി മടക്കിക്കൊടുക്കുമായിരുന്നു. നിസ്സാരമായ സമ്മാനങ്ങൾക്കുപകരം വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകുക എന്നത് അവിടത്തെ അനുഗൃഹീത ജീവിതചര്യയായിരുന്നു. ഇപ്രകാരം തന്നെ ദാനധർമങ്ങൾ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ അവിടന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. ആരിലെങ്കിലും നിന്ന് പണം കൊടുത്ത് സാധനം വാങ്ങുകയും പന്നീട് അതവർക്കു തന്നെ തിരിച്ചുകൊടുക്കുകയും ചെയ്യുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഭൗതികസ്വത്തിന് നബിയുടെ പക്കൽ ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല. കൈയിലുള്ള സകലതും വിതരണം ചെയ്യണമെന്നതായിരുന്നു അവിടത്തെ ആഗ്രഹം.

ഹസ്റത്ത് അബൂദർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ഉഹ്ദ് മലയോളം സ്വർണ്ണം എന്റെ കൈയിലുണ്ടെങ്കിൽ മൂന്നാം ദിവസം ഉദിച്ചുയരുന്നതിനു മുമ്പേ അത് വിതരണം ചെയ്തിരിക്കണമെന്നതാണ് എന്റെ ആഗ്രഹം. പിന്നീട് പറഞ്ഞു: പുനരുത്ഥാന നാളിൽ സമ്പന്നർ നഷ്ടത്തിലായിരിക്കും; സൃഷ്ടികൾക്കുവേണ്ടി ചെലവഴിക്കുന്നവരൊഴികെ.

വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: നബി(സ)യുടെ മഹത്തായ ധാർമ്മിക ഗുണങ്ങൾ നൂറുകണക്കിന് സന്ദർഭങ്ങളിൽ വ്യക്തമായും പ്രകടമായിട്ടുണ്ട്. ആ മഹാത്മാവ് പരീക്ഷിക്കപ്പെട്ടു. അവിടത്തെ സത്യത സൂര്യനെപ്പോലെ വിളങ്ങി. ധാർമ്മിക ഗുണങ്ങളായ സഹൃദയത്വവും ഔദാര്യവും ദാനധർമ്മവും ത്യാഗവും വിജയങ്ങളും ധൈര്യവും സ്വാത്മപരിത്യാഗവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും ഭൗതികതയോടുള്ള വിരക്തിയും നബിയുടെ അനുഗൃഹീതവ്യക്തിത്വത്തിൽ ഒരുപോലെ പ്രകാശിക്കുന്നതും തികവാർന്ന നിലയിൽ തിളങ്ങുന്നതുമായിരുന്നു. അല്ലാഹു നബി(സ)യ്ക്ക് അസംഖ്യം ഖജനാവുകൾ നല്കി. അതെല്ലാം അവിടന്ന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചു. തനിക്കായി ഒന്നും എടുത്തുവെച്ചില്ല. ഒരു കെട്ടിടമോ അരമനയോ നിർമ്മിച്ചില്ല. ചെറിയൊരു ചെറ്റകുടിലിൽ അവസാനകാലം വരെ ജീവിച്ചു. ഉറങ്ങാൻ തറയിൽ ബിസ്തർ വിരിച്ചു. താമസിക്കാൻ ചെറിയൊരു കുടിൽ. ഭക്ഷിക്കാൻ യവം കൊണ്ടുണ്ടാക്കിയ റൊട്ടി. ഇല്ലെങ്കിൽ പട്ടിണി. നബിയ്ക്ക് ഭൗതികസ്വത്ത് ധാരാളമായി നൽകപ്പെട്ടിരുന്നു. പക്ഷേ, തന്റെ കൈയിൽ ചേറുപുരളാൻ നബി(സ) ഇട നൽകിയില്ല. ലോകത്തെ ഒരു വസ്തുവിനും മരണം വരെ ഒരു വിലയും കല്പിച്ചുമില്ല. ദുൻയാവിൽ ഒരിക്കലും പ്രകടമായിട്ടില്ലാത്തതും, ഇനി പ്രകടമാകാത്തതുമായ ഉദാത്തമായ ധാർമ്മിക ഗുണങ്ങളുടെ മാതൃകകൾ അവിടന്ന് ലോകത്ത് സ്ഥാപിച്ചു. (ഖുത്ബ. 18-3-2005) ■

## മുഹമ്മദ് നബി(സ)

ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്. മുഹമ്മദ് എന്ന പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാമും സലാത്തും അവിടത്തെ മേൽ വർഷിക്കട്ടെ) എത്ര മേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടുത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ. അവിടുത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. അഹോ കഷ്ടം! അവിടുത്തെ യഥാർത്ഥ പദവി അതർഹിക്കുന്ന വിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത് നിന്നും തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞ ആ 'തൗഹീദ്' അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ട് വന്നത് അദ്ദേഹമത്രെ

**- ഹദ്റത്ത് അഹ്മദ് (ഹഖീഖത്തുൽ വഹ്യ്)**

ലേഖനം

# ഉയിർത്തെഴുന്നേൽപ്പോ അബോധമുക്തിയോ

ലോയ്ഡ് ഡേവിസ് & മിസിസ് ഡേവിസ്

**ബ്രിട്ടീഷ് രാജ്ഞി എലിസബത്തിന്റെ ഔദ്യോഗിക ഫിസിഷ്യനായിരുന്ന ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസും അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പണ്ഡിതയായ ഭാര്യയും ചേർന്ന് Journal of Science and Medicine of Royal College of Physicians (1991 ഏപ്രിൽ) എന്ന പ്രസിദ്ധീകരണത്തിലെഴുതിയതാണ് ഈ ലേഖനം. സുവിശേഷങ്ങളിലെ വിവരണത്തെ അടിസ്ഥാനമാക്കി ശരീരശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് ലേഖനത്തിൽ സമർത്ഥിക്കുന്നു.**

യേശുവിന്റെ കുരിശു സംഭവത്തിന്റെ വൈദ്യശാസ്ത്രപരമായ വിശകലനം വളരെ ലളിതമാണ്. ഗത്ശമനയിലെ ഉത്കണ്ഠാപൂർണ്ണമായ രാത്രിക്കുശേഷം യേശുവെ അറസ്റ്റ് ചെയ്യുകയും പീഡിപ്പിക്കുകയുമുണ്ടായി. മോശെയുടെ ന്യായപ്രമാണങ്ങളെ നിന്ദിച്ച കുറ്റത്തിന് യേശുവെ അവർ ബന്ധനസ്ഥനാക്കി ക്ഷുഭിതരായ യഹൂദപരമാധികാര വൈദിക സഭക്ക് (സുനേദ്രം) മുന്നിൽ ഹാജരാക്കി. മരണശിക്ഷക്ക് വിധിക്കപ്പെട്ട യേശുവെ (വെള്ളിയാഴ്ച അസ്തമിക്കുന്നതിന് മുമ്പേ മരിച്ചിരിക്കണമെന്ന സംഭവിക്കാൻ സാധ്യതയില്ലാത്ത ആവശ്യവുമായി) റോമൻ ന്യായാധിപനായിരുന്ന പിലാത്തോസിന് കൈമാറുകയും ചെയ്തു. ക്രിസ്തുവോടുള്ള ഒടുങ്ങാത്ത പകനിമിത്തമാണ് ജൂതവൈദികസഭ അദ്ദേഹത്തെ വധശിക്ഷക്ക് വിധിച്ചതെന്ന് പിലാത്തോസിന് നല്ല ബോധ്യമുണ്ടായിരുന്നു. ഹെരോദയുമായി ഇക്കാര്യം ചർച്ച ചെയ്തതായി ലൂക്കോസിന്റെ സുവിശേഷം സൂചിപ്പിക്കുന്നുണ്ട്. യേശുവെ മരണശിക്ഷയിൽ നിന്ന് രക്ഷിക്കുവാൻ പിലാത്തോസ് പരമാവധി രഹസ്യമായി പ്രവർത്തിച്ചു. പുറത്ത് തടിച്ചുകൂടിയ പുരുഷാരത്തോട് അഭിപ്രായമാരാഞ്ഞപ്പോൾ യേശുവെ വധിച്ചേ മതിയാകൂ എന്നവർ ആർത്ത് വിളിച്ചു. മറ്റെല്ലാ കുറ്റവാളികളേയും പോലെ യേശുവേയും അവർ പ്രഹരിച്ചു. ഇയ്യക്കഷണങ്ങളും ആടിന്റെ അസ്ഥികളും കൊണ്ട് അരിക് തുന്നിപ്പിടിപ്പിച്ച തുകൽ കൂട്ടിപ്പിരിച്ച ചമ്മട്ടിക്കൊണ്ട് അതിക്രൂരമായി യേശുവെ അവർ പ്രഹരിച്ചു. എത്ര പ്രഹരങ്ങൾ ഏറ്റുവാങ്ങിയെന്ന് തിട്ടമില്ല.

പടയാളികൾ കൊല്ലത്തിലൊരിക്കൽ വാർഷികച്ചടങ്ങായി ഒത്തുകൂടി മദിച്ചുല്ലസിക്കുന്ന സൈനിക ചത്വരത്തിൽ അവർ യേശുവിനെ കൊണ്ടുപോയി. അവിടെവെച്ച് യേശുവിന്റെ തലക്ക് മുളവടികൊണ്ട് പ്രഹരിച്ചു. പുതുതായി നിയമിക്കപ്പെടുന്ന ഭടന്മാർക്ക് അധികാര സൂചകമായ ചെങ്കോലിനെ അനുസരിച്ചുകൊണ്ട് നൽകുന്ന ഒരു കരുത്തേറിയ ആയുധമാണ് ഈ മുളവടി. റോമൻ പട്ടാളക്കാരേക്കാളും മൃഗീയത കുറവായിരുന്നുവെങ്കിലും പിന്നീട് അവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് ദൃക്സാക്ഷികളുടെ അഭാവം കാരണം യാതൊരു രേഖകളും ലഭ്യമല്ല.

തീക്ഷ്ണമായ ആഘാതങ്ങൾ യേശുവിൽ മാനസിക നടുക്കത്തിന് ആരംഭം കുറിച്ചിരിക്കണം. അസഹ്യമായ വേദനയും നീറ്റലും നാഡീവ്യൂഹതലങ്ങളിൽ രക്തവാർച്ചയുണ്ടാക്കിയിരിക്കും. തൽഫലമായുണ്ടാകുന്ന ശാരീരിക പ്രതികർമ്മം എന്ന നിലക്ക് ഹൃദയസ്പന്ദന മാന്ദ്യം ഉണ്ടാക്കിയിരിക്കും. ഹൃദയമിടിപ്പും നാഡിമിടിപ്പും മന്ദഗതിയിലായിട്ടുണ്ടാവും.

ശരീരത്തിന്റെ പിൻഭാഗത്തുള്ള മുറിവുകളിൽ നിന്ന് രക്തസ്രാവമുണ്ടായിരുന്നു. ശാരീരിക ശേഷി നില നിർത്തുവാനുള്ള ശരീരധർമ്മ പ്രവർത്തനങ്ങൾക്ക് വിചാരണമുറിയിൽ നില്ക്കവെ തലയിലേറ്റ കഠിന പ്രഹരം തടസ്സം സൃഷ്ടിച്ചിരിക്കാം.

ന്യായാധിപ മന്ദിരത്തിൽ നിന്ന് ഏകദേശം 700 വാര ദൂരെ സ്ഥിതിചെയ്യുന്ന ഗൊൽഗോദ (തലയോടിടം)

എന്ന സ്ഥലം വരെ മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവും കുരിശിന്റെ കുറുകെയുള്ള മരത്തടി (പാറ്റിബലം – Patibulam) ചുമക്കേണ്ടി വന്നു. കാതൽകൊണ്ട് ഉണ്ടാക്കിയ ഈ മരത്തടിക്ക് 40 റാത്തൽ (18 കിഗ്രാം.) തൂക്കം വരും. ഇത് ചുമക്കുവാൻ യേശു തികച്ചും അശക്തനായിരുന്നു.

ഗൊൽഗോദയിൽ വെച്ച്, നിലത്ത് കിടത്തി പാറ്റിബുലത്തിൽ യേശുവിന്റെ കൈകുഴക്ക് (Wrist) അല്പം മുകളിലായി ആണിയടിക്കപ്പെട്ടു. കണങ്കയ്യിലെ മദ്ധ്യനാഡിക്ക് ക്ഷതമേറ്റിരിക്കാൻ തരമില്ല. പിന്നീട് കുരിശ് പൂർണ്ണമാക്കപ്പെടാനായി പാറ്റിബുലും യേശുവോടൊപ്പം ഉയർത്തി കുരിശിന്റെ ലംബത്തിലുള്ള ഏപ്പിൽ കൊള്ളിച്ച് കുത്തനെ നിർത്തി. യേശുവിന്റെ പൃഷ്ഠഭാഗം മരത്തടിയിൽ മുമ്പോട്ട് തള്ളിനിൽക്കുന്ന കമ്പിൻ കഷണത്തിൽ തങ്ങിനിന്നു. കാൽമുട്ടുകൾ പാർശ്വങ്ങളിലേക്ക് വളച്ച് കാലിന്റെ ഉള്ളിലെ അസ്ഥിക്കും (Tibia) കണങ്കാലിൽ മാംസപേശിയുമായി ബന്ധിക്കുന്ന സ്നായുവിനുമിടക്ക് ആണിയടിച്ചിറക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് അടുത്ത് നില്ക്കുന്നവരിൽ നിന്ന് (ശിരസ്സുയർത്താൻ സാധിച്ചാൽ സംസാരിക്കാൻ കഴിയത്തക്കവിധം) 18 ഇഞ്ച് ഉയരത്തിൽ സ്ഥിതിചെയ്തിരുന്നു.

**ഗൊൽഗോദയിൽ വെച്ച്, നിലത്ത് കിടത്തി പാറ്റിബുലത്തിൽ യേശുവിന്റെ കൈകുഴക്ക് (Wrist) അല്പം മുകളിലായി ആണിയടിക്കപ്പെട്ടു. കണങ്കയ്യിലെ മദ്ധ്യനാഡിക്ക് ക്ഷതമേറ്റിരിക്കാൻ തരമില്ല. പിന്നീട് കുരിശ് പൂർണ്ണമാക്കപ്പെടാനായി പാറ്റിബുലും യേശുവോടൊപ്പം ഉയർത്തി കുരിശിന്റെ ലംബത്തിലുള്ള ഏപ്പിൽ കൊള്ളിച്ച് കുത്തനെ നിർത്തി.**

യേശുവെ ക്രൂശിച്ചത് ഒരു വെള്ളിയാഴ്ചയാണ്. അല്പസമയം കഴിഞ്ഞ് (മൂന്ന് മണിക്കൂറിന് ശേഷം) സൂര്യഗ്രഹണമുണ്ടായി. ഇതിന് ശേഷം വീണ്ടും മൂന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ യേശു മഹാശബ്ദത്തോടെ നിലവിളിച്ചു. (ഈ നിലവിളി പല വിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്.) അടുത്തു നില്ക്കുന്നവർ അദ്ദേഹം മരിച്ചുവെന്ന് ഉറപ്പിച്ചു. മൂന്നോ നാലോ ദിവസം കുരിശിൽ നരകവേദനയനുഭവിച്ചശേഷം തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ ശ്വസിക്കുവാനുള്ള പ്രയാസം കാരണമായാണ് സാധാരണഗതിയിൽ ക്രൂശിക്കപ്പെട്ട ആൾ മരിക്കുക. അനുഭവസമ്പന്നനായ പിലാത്തോസ് ക്രിസ്തുവെ കുരിശിൽ നിന്ന് ഇറക്കുന്നതിന് മുമ്പേ അദ്ദേഹം മരിച്ചിരിക്കുമോ എന്നറിയുന്നതിന് വേണ്ടി അന്വേഷണങ്ങൾ നടത്തിയിരിക്കും. പിലാത്തോസിന്റെ ഔദ്യോഗിക വസതിയിൽ നിന്ന് തലയോടിടം വരെയുള്ള ദൂരം കണക്കിലെടുക്കുമ്പോൾ യേശുവെ കുരിശിൽ നിന്ന് താഴെ ഇറക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ഒന്നിലധികം മണിക്കൂർ ആവശ്യമായി വരും. ക്രിസ്തുവിനെ കുരിശിൽ നിന്ന് ഇറക്കിയതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ കഥയിൽ എവിടെയും പ്രതിപാദിച്ച് കാണുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയാണ്. നാല് സുവിശേഷകരിൽ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ യേശുവിന്റെ പാർശ്വങ്ങളിൽ കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുള്ളിച്ചുവന്നതായി രേഖപ്പെടുത്തിയിട്ടുള്ളു. അത് ശരിയായിരുന്നുവെങ്കിൽ, കെരടാവ് കൊണ്ട് പ്രഹരിക്കപ്പെട്ടപ്പോൾ യേശുവിന്റെ ചർമ്മത്തിൽ പൊങ്ങിവന്ന പൊക്കിളുകൾ പടയാളികളിൽ ഒരുത്തൻ നേരംപോക്കിന് വേണ്ടി കുത്തിപ്പൊട്ടിച്ചതാവാനെ തരമുള്ളൂ. (യോഹന്നാന്റെ സുവിശേഷങ്ങളുടെ വൈദ്യശാസ്ത്രപരമായ വിശ്വാസ്യത ലാസറുടെ കുഷ്ഠരോഗ കഥകൾ പോലെ പല കാരണങ്ങൾ കൊണ്ടും സംശയിക്കപ്പെടേണ്ടിയിരിക്കുന്നു.)

AD 185-254 ൽ ജീവിച്ചിരുന്ന ഒറിഗൺ, എന്നയാൾ രക്തവും വെള്ളവും സ്രവിച്ചുവെങ്കിലും ക്രിസ്തു മരിച്ചിരുന്നുവെന്ന വിശ്വാസക്കാരനായിരുന്നു. എങ്കിലും മൃതശരീരത്തിൽ നിന്ന് ഒരിക്കലും രക്തസ്രാവമുണ്ടാവുകയില്ലെന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറയുന്നുണ്ട്. അതിയായ അവശതയും തളർച്ചയും ക്ഷീണവും കാരണം യേശു ഹൃദയം പൊട്ടിയാണ് മരിച്ചതെന്ന് ആദ്യമായി പറഞ്ഞത് (1847–ൽ) 'സ്ട്രോസ്' ആയിരുന്നു. അത് വരെ ആരും യേശുവിന്റെ മരണകാരണം സ്ഥാപിക്കുവാൻ പരിശ്രമിച്ചിരുന്നില്ല. അതേസമയം ക്രിസ്തു തന്റെ ആത്മാവ് സ്വയം കൈവെടിഞ്ഞതാണോ എന്നും അനുഭാവപൂർവ്വം അദ്ദേഹം പഠനം നടത്തുകയുണ്ടായി. 1887ൽ 'റിസ്ഡൻ ബെന്നറ്റ്' ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തിയതിന്റെ ഫലമായുണ്ടായ കഠിനമായ മാനസിക വ്യഥ മൂർദ്ധന്യാവസ്ഥയിലെത്തുകയും അതുമൂലമുണ്ടായ ഹൃദയത്തകർച്ച കാരണം യേശുവിന് മരണം സംഭവിച്ചുവെന്നുമാണ് സമർത്ഥിക്കുന്നത്. കെമറോണും റെൻഡലും കഠിനമായ നടുക്കവും ഭീതിയും കാരണം യേശുവിന് അതിയായ വയറ്സ്തംഭനം അനുഭവപ്പെട്ടിരുന്നുവെന്ന് വിശ്വസിച്ചിരുന്നു. കെമറോണിന്റെ കാഴ്ചപ്പാടിൽ വിധിനിർണായകഘടകവും അത് തന്നെയായിരുന്നു. യോഹന്നാന്റെ മൂല സുവിശേഷത്തിൽ ധ്വനിപ്പിക്കുന്നതിനേക്കാൾ

വലിയ അർത്ഥമാണ് രക്തത്തിനും വെള്ളത്തിനും റെൻഡൽ ഷോർട്ട് കല്പിക്കുന്നത്. ഹൃദയത്തിനേറ്റ മുറിവ് കാരണമാണ് മരണമുണ്ടായതെന്ന സ്ട്രോഡിന്റെ കാഴ്ചപ്പാട് ദൈവശാസ്ത്രപരമായ കാരണങ്ങളാൽ റെൻഡൽ ഷോർട്ട് തള്ളിക്കളയുകയാണുണ്ടായത്. യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ലെന്നും ശാരീരിക പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ച അവസ്ഥയിൽ മരിച്ചതായി തോന്നിയതാണെന്നും അരിമത്യയിലെ ജോസഫ് ആസൂത്രണം ചെയ്തത് പോലെ കല്ലറയിൽ വെച്ച് ശുശ്രൂഷിച്ചപ്പോൾ സുബോധത്തിലേക്ക് വന്നു എന്നുമാണ് പ്രിംറോസ് അഭിപ്രായപ്പെടുന്നത്. യേശുവിന്റെ വയറ്റത്തും നെഞ്ചിലും പ്രഹരമേറ്റിരുന്നുവെന്ന തെറ്റിദ്ധാരണമൂലം വയറ്റിൽ നിന്നായിരുന്നു ജലം പുറത്ത് വന്നതെന്നായിരുന്നു പ്രിംറോസ് ധരിച്ചിരുന്നത്. അസംഭവ്യമെന്ന് തോന്നിക്കുന്ന ഈ കാഴ്ചപ്പാടിനെ വിൽക്കിൻസൺ എതിർക്കുന്നു. യേശുവിന്റെ അകാലമരണത്തെ വിശദീകരിക്കേണ്ട ആവശ്യകതയെ വിൽക്കിൻസൺ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതേസമയം സുവിശേഷകന്മാർ യേശുവിന് സംഭവിച്ചതായി കരുതുന്ന മരണത്തെക്കുറിച്ച് വർണ്ണിക്കാനുപയോഗിച്ച ഗ്രീക്ക് ക്രിയാ പദങ്ങൾ (Greek Verbs) യേശുവിന്റെ സ്വമേധയാലുള്ള ആത്മത്യാഗമാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹത്തിന്റെ അതിശബ്ദത്തിലുള്ള നിലവിളി ആത്മപരിത്യാഗ സമയത്തുണ്ടായതാകണമെന്നുമാണ് വിൽക്കിൻസൺ അഭിപ്രായപ്പെടുന്നത്. 1986–ൽ എഡ്വേർഡും കൂട്ടുകാരും പ്രസിദ്ധീകരിച്ച, കുരിശിൽ തറക്കലിനെ സംബന്ധിച്ച രോഗനിദാന ശാസ്ത്രാടിസ്ഥാനത്തിലുള്ള രംഗാവതരണ ചിത്രീകരണങ്ങളോട് കൂടിയ പ്രബന്ധത്തിൽ യേശുവിന്റെ മഹാശബ്ദത്തോടെയുള്ള കരച്ചിൽ ആകസ്മിക വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നുവെന്നാണ് വിലയിരുത്തുന്നത്. ധമനികളിൽ രക്തം കട്ട പിടിച്ചതോ ഹൃദയത്തിന്റെ താളപ്പിഴയോ ആയിരുന്നു മരണഹേതു എന്നാണ് അവർ കരുതുന്നത്. ഗുരുതരമായ ശക്തിക്ഷയവും കഠിനമായ നടുക്കവും കാരണമായുണ്ടായ നാഡിസങ്കോചമടക്കമുള്ള ബഹുവിധ കാരണങ്ങൾ എല്ലാം കൂടിയാണ് മരണം സംഭവിക്കാൻ കാരണമെന്ന് സൂചിപ്പിക്കുന്നുവെങ്കിലും അതുകൊണ്ട് തന്നെയാണെന്ന് അവർ ഉറപ്പിച്ചുപറയുന്നില്ല. സചിത്രവർണ്ണനകളിൽ നിന്ന് നെഞ്ചിലൂടെ കുന്തമുന കടന്ന് പോവാനിടയുള്ള മാർഗ്ഗം വിശദീകരിക്കുന്നതാണ്. ഒരിക്കലും നടന്നിട്ടില്ലാത്ത ഒരു സംഭവത്തെക്കുറിച്ച് വിശ്വസിപ്പിക്കുവാൻ മാത്രമെ നിർഭാഗ്യവശാൽ ഇത് ഉപകരിക്കുകയുള്ളൂ.

## അനുമാനം (Hypothesis)

കൂടെയുണ്ടായിരുന്ന മറ്റെല്ലാ കുറ്റവാളികളും പ്രഹരിക്കപ്പെട്ടിരുന്നു. അവരാരും തന്നെ കുരിശിന്റെ പാറ്റിബുലം വഹിക്കാനാവാത്തവിധം പരവശരായിരുന്നില്ല. വിചാരണ മുറിയിൽ വെച്ച് ദേഹത്തും ശിരസ്സിലും ലഭിച്ച കനത്ത പ്രഹരങ്ങൾ യേശുവെ അതീവ ക്ഷീണിതനാക്കിയിരിക്കണമെന്നും അത് കാരണം മറ്റ് കുറ്റവാളികളെപ്പോലെ പാറ്റിബുലം വഹിപ്പാൻ കഴിഞ്ഞില്ലെന്നുമാണ് ഒരു പ്രബലമായ അനുമാനം. കുരിശിൽ വെച്ചുണ്ടായ പെട്ടെന്നുള്ള മോഹാലസ്യത്തിന് തലക്കേറ്റ പ്രഹരവും കാരണമായിട്ടുണ്ടാവാം. കുരിശിലേറ്റപ്പെട്ടപ്പോൾ യേശുവിനുണ്ടായ നടുക്കവും താഴ്ന്ന് രക്തസമ്മർദ്ദവും തലച്ചോറിലേക്കുള്ള രക്തപ്രവാഹം കുറയ്ക്കുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കുകയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാരനിറവും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചിരിക്കാം. അടുത്ത് നിൽക്കുന്നവർ

# കുരിശ്

ക്രിസ്തുമതത്തിന്റെ പ്രതീകമാണ് കുരിശ്. ക്രിസ്തുവിന് മുമ്പ് തന്നെ റോമക്കാരും പേർഷ്യക്കാരും കുറ്റവാളികളെ കൊല്ലാനുപയോഗിച്ച കൊലമരമായിരുന്നു കുരിശ്. 'കുരിശ്' എന്ന മലയാളപദം ക്രൂസ് (cruz) എന്ന പോർട്ടുഗീസ് പദത്തിൽനിന്നു വന്നതാണ്. ലത്തീൻ ഭാഷയിൽ നിന്ന് crux എന്നാണ് പ്രയോഗം. യേശുവിനെ ക്രൂശിച്ച കുരിശ് രണ്ടു വിധത്തിലാകാനാണ് സാധ്യത എന്നു പറയപ്പെടുന്നു. അന്തോണിയുടെ കുരിശ് അഥവാ ക്രുക്സ് കൊമ്മിസാ (Crux Commissa) ആണ് ഒന്ന്. ഇതിന് T ആകൃതിയാണുള്ളത്. മറ്റൊന്ന് ലത്തീൻ കുരിശാണ്. ക്രുക്സ് ഇമ്മിസാ (Crux Immissa). ഇതിന്റെ ആകൃതി ✝ ആണ്. മത്തായി 27:37, മാർക്കോസ് 15:26, ലൂക്കോസ് 23:28, യോഹ 19:19–22 എന്നീ വചനങ്ങൾ സൂചിപ്പിക്കുന്നത് യേശുവിനെ കുരിശിച്ചത് ✝ ആകൃതിയിലുള്ള ക്രുക്സ് ഇമ്മിസയിലാണെന്നാണ്. 71/2 അടി മുതൽ 9 അടി വരെയായിരുന്നു കുരിശിന്റെ നീളം. കുരിശിന്റെ കുത്തനെയുള്ള (Verticzal Piece) ഒരു മരക്കഷണവും കുറുകെയുള്ള ഒരു മരക്കഷണവുമാണുള്ളത്. കുറുകെയുള്ള ഈ കഷണത്തെയാണ് പാറ്റിബുലും (Pattibulum) എന്നു പറയുന്നത്. കുരിശ് ശിക്ഷക്ക് വിധിക്കപ്പെട്ടയാൾ തന്നെയാണ് പാറ്റിബുലം ചുമന്നുകൊണ്ട് ക്രൂശിക്കുന്ന സ്ഥലത്ത് കൊണ്ടുവരേണ്ടത്. ക്രൂശിക്കുന്നതിനു മുമ്പേ ചമ്മട്ടിയടി (Flagellum) ഉണ്ടാകാറുണ്ട്. ഈയ്യഗോളങ്ങളും എല്ലിൻ കഷണങ്ങളും തുകൽവാറിൽപ്പൊതിഞ്ഞ ഒരു ആയുധമാണ് ചമ്മട്ടി. വധസ്ഥലത്തെത്തിയാൽ പ്രതിയെ വിവസ്ത്രനാക്കും. പാറ്റിബുലുത്തിൽ കൈകൾ രണ്ടും കെട്ടി കുത്തനെ നാട്ടിയ മരത്തടിയുടെ കൊതയിൽ പാറ്റിബുലും ഉറപ്പിക്കും. അതിന് ശേഷം ആണിയടിക്കും.

തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ച് കാണും. മോഹാലസ്യത്തിന് തൊട്ടുമുമ്പുള്ള ഉച്ചത്തിലുള്ള നിലവിളി, (എന്താണ് പറയാൻ ശ്രമിച്ചതെന്ന് ആർക്കും യാതൊരു നിശ്ചയവുമില്ല) ശബ്ദത്തോട് കൂടിയ ശ്വാസനമല്ലാതെ മറ്റൊന്നുമായിരിക്കില്ല. കുരിശിൽ നിന്നിറക്കി താഴെ കിടത്തിയ ശേഷം രക്തചംക്രമണം പൂർവ്വസ്ഥിതി പ്രാപിക്കുന്നത്വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം പരമാവധി തുച്ഛവും എന്നാൽ നിർണായക പരിധിയേക്കാൾ അല്പം അധികവുമായിരുന്നിരിക്കണം. സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പ് രക്തസമ്മർദ്ദം നിലനിർത്താൻ ഉതകിയിരിക്കണം.

യേശുവിൽ ജീവലക്ഷണങ്ങൾ, കണ്ടതിനെ തുടർന്ന് ശബത്ത് നാളായത് കാരണം ശവസംസ്കാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവക്കുഴിയിൽ അടക്കം ചെയ്യുന്നതിന് പകരം; കൊണ്ടുപോയി കല്ലറയിൽ വെച്ചത് ശുശ്രൂഷിച്ച് പരിചരിക്കാൻ വേണ്ടിയായിരുന്നു.

യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷപ്പെടൽ യാഥാർത്ഥ്യമായിരുന്നാലും മിഥ്യയായിരുന്നാലും ഉയിർത്തെഴുന്നേൽപ്പിനോ പുനർജ്ജീവിക്കലിനോ മതിയായ തെളിവാകുന്നില്ല. സംശയാസ്പദമായ സ്വർഗ്ഗാരോഹണം ഒഴിച്ച് നിർത്തിയാൽ, ആരും അദ്ദേഹത്തെ കണ്ടിട്ടില്ല. യേശുവിന്റെ സാങ്കല്പിക മരണാനന്തരം ശിഷ്യന്മാരും സ്ത്രീകളും ദിവസങ്ങളോളം, ആഴ്ചകളോളം, അതിനോട് ഒരുവിധത്തിലും വൈകാരികമായി പൊരുത്തപ്പെടാൻ കഴിയാത്തവിധം ശക്തമായ മാനസിക സമ്മർദ്ദാവസ്ഥയിലായിരുന്നു.

അദ്ദേഹത്തിന്റെ അനുയായികൾ കടുത്ത മാനസിക സംഘട്ടനങ്ങളുടെ ഫലമായുണ്ടാവുന്ന പ്രേരണാ വിധേയത്വത്തിനു (ഒരേ സമയത്ത് നടക്കുന്ന രണ്ട് മാനസിക സംഘട്ടനങ്ങളുടെ ഫലമായി അവയിലൊന്ന് നിരോധിക്കപ്പെടുന്ന അവസ്ഥ) വിധേയമായിക്കഴിയുന്ന സന്ദർഭമായിരുന്നു അത്. യുദ്ധശേഷമുണ്ടാകുന്ന തളർച്ചയോടും അഭിപ്രായഗതിമാറ്റുവാനോ കുറ്റസമ്മതം നടത്തുവാനോ മനസ്സിന് നിരന്തര സമ്മർദ്ദമേലിപ്പിക്കുന്നതിനോടും (Brainwashing) സമാനമായ ഒരവസ്ഥ. ഇത് സംബന്ധിച്ച വിവരണങ്ങളിൽ പോൾകോഗൻ ഈ മാനസിക പ്രക്രിയയെ അന്വേഷണം, വെളിപാട്, ആജ്ഞാപനം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭാവനാവിലാസങ്ങൾ വികാര തീവ്രതയിൽ നിന്ന് മുക്തമാകുവാൻ സഹായിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ശിഷ്യന്മാരും സ്ത്രീകളും ഒരു വിലോമ പ്രതിപ്രവർത്തനത്തിന് വിധേയമായിക്കൊണ്ട് ശാന്തിയും സ്ഥിരതയും കൈവരിച്ചു.

## ഉപസംഹാരം

ന്യായാധിപ മന്ദിരത്തിൽ വെച്ച് ലഭിച്ച കനത്ത പ്രഹരങ്ങൾ യേശുവിൽ പെട്ടെന്ന് മോഹാലസ്യമുണ്ടാക്കുകയും കുരിശിൽ നിന്ന് നിർദ്ദിഷ്ട സമയത്തിന് മുമ്പ് തന്നെ ഇറക്കാനിടയാക്കുകയും ചെയ്തു. യേശുവിന്റെ ശിഷ്യന്മാർക്കും സ്ത്രീകൾക്കുമിടയിലുള്ള വ്യക്തിപരവും സംഘടനാപരവുമായ പ്രേരണാ വിധേയത്വം (വശഗത്വം) യേശുവിന്റെ തുടർന്നുള്ള പ്രത്യക്ഷപ്പെടലുകളെ വിശദീകരിക്കുന്നു. ഈ സങ്കല്പ സിദ്ധാന്തം യേശുവിന്റെ കുരിശ് സംഭവത്തെ സംബന്ധിച്ച് ചരിത്രപരമായ തെളിവുകളെ അംഗീകരിക്കുകയും നടന്ന സംഭവങ്ങളെ ആധുനികവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയും ചെയ്യുന്നു.

വിശ്വാസം ചിന്താശേഷിയെ നിശ്ചേതനമാക്കുകയോ അശാസ്ത്രീയ സങ്കല്പങ്ങളെ വെച്ച് പുലർത്തുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നില്ല. അതിന്റെ തത്ത്വസംഹിതകൾക്കുള്ളിൽ നിന്നുകൊണ്ട്, തെളിയിക്കപ്പെട്ട വസ്തുതകൾ അംഗീകരിക്കുവാൻ സാധിച്ചാൽ ക്രിസ്തുസഭക്ക് കൂടുതൽ കരുത്ത് ആർജ്ജിക്കാവുന്നതാണ്. അതിന് സാധിക്കാതെ വന്നാൽ ഭൂരിഭാഗം ജനങ്ങളുടെ വിശ്വാസസീമകൾക്കപ്പുറം അവശേഷിക്കുന്നത് അന്ധവിശ്വാസം മാത്രമായിരിക്കും. ■


**Statement of Ownership & Other Particulars of**
**SATHYADOODAN Monthly (See Rule 3)**

| | |
|---|---|
| 1. Title of the News Paper | : **SATHYADOODAN** |
| 2. Language(s) in which it is (to be) published | : Malayalam |
| 3. Periodicity of its publications | : Monthly |
| 4. Publisher's Name | : **A. P. Kunhamoo** |
| Nationality | : Indian |
| Address | : Ahmadiyya Muslim Jamath Baithul Qudus, G.H. Road, CALICUT -673 001. |
| 5. Place of Publication (Please give complete postal address) | : Ahmadiyya Muslim Jamath Baithul Qudus, G.H. Road, CALICUT -673 001. |
| 6. Printer's Name | : **A. P. Kunhamoo** |
| Nationality | : Indian |
| Address | : Asiana Karapparamba P.O. Calicut - 673 010 |
| 7. Editor's Name | : **Muhammed Salim** |
| Address | : Darusalam, Pavangad, Calicut. |
| 8. Please state Particulars of individual (s) of or of the firm joint stock company, trust, co-operative society or association on which owners the news paper | : Association Ownership |

I A. P. Kunhamoo Printer & Publisher of the Monthly Magazine entitled SATHYADOODAN declare that the particulars in respect of the said Magazine given above are true to the best of my knowledge and belief.

Calicut
31. 03. 2005

Sd/-
**A. P. Kunhamoo**

ലേഖനം

# ഇസ്‌ലാമിക ലോകത്തെ ഒബ്സർവേറ്ററികൾ

സക്കറിയ

## ഗോളശാസ്ത്രപഠനത്തിനും ഭൂസർവ്വേക്കും സമയനിർണ്ണയത്തിനും ലോകത്താദ്യമായി ഒബ്സർവേറ്ററികൾ നിർമ്മിച്ചത് മുസ്‌ലിംകളായിരുന്നു

**ജ്യോ**തിശാസ്ത്രനിരീക്ഷണത്തിന് ഉപയോഗിക്കുന്ന നിർമ്മിതികളെയാണ് ഒബ്സർവേറ്ററി എന്നു പറയുന്നത്. പല പൗരാണിക നാഗരികതകളിലും ആകാശ നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ ശിലാനിർമ്മിതി, (Stonehenge) ഈജിപ്തിലെ ചീയോപി പിരമിഡ് മുതലായ നിർമ്മിതികൾ ഒബ്സർവേറ്ററികളായിരുന്നു. ഇസ്‌ലാമിൽ ആകാശ നിരീക്ഷണം ഏറ്റവും പുഷ്ക്കലമായത് ഖലീഫ അൽമാമൂന്റെ (ഹാറൂൻ അൽ റഷീദ് CE 786-833) കാലത്താണ്. അദ്ദേഹമാണ് ഇസ്‌ലാമിക ലോകത്ത് ആദ്യത്തെ ഒബ്സർവേറ്ററി സ്ഥാപിച്ചത്. ബാഗ്ദാദിനടുത്ത് ശംസിയ്യ എന്ന സ്ഥലത്തും ഡമാസ്കസിനടുത്ത് ജബൽ ഖാസിയൂൻ എന്ന സ്ഥലത്തും അൽമാമൂന്റെ രക്ഷാകർതൃത്വത്തിലായിരുന്നു ഒബ്സർവേറ്ററി പ്രവർത്തിച്ചിരുന്നത്. ശംസിയ്യായിൽ ആകാശനിരീക്ഷകർക്കും, ജ്യോതിശാസ്ത്രജ്ഞന്മാർക്കും പ്രവർത്തിക്കാനും താമസിക്കാനും ഒരു കെട്ടിട സമുച്ചയമുണ്ടായിരുന്നു. ആകാശ നിരീക്ഷണത്തിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിൽ വിദഗ്ധനായ സനദിബ്നു അലി ഇവിടെയാണ് പ്രവർത്തിച്ചത്. ഈ ഒബ്സർവേറ്ററിയിൽ തന്നെയാണ് യഹ്‌യാ ഇബ്നു അബി മൻസൂർ, അൽ അബ്ബാസ് അൽ ജവാഹരി എന്നീ രണ്ട് പ്രഗത്ഭരായ ഗോളശാസ്ത്രജ്ഞന്മാർ പ്രവർത്തിച്ചിരുന്നത്. ബാഗ്ദാദിൽ CE 829-30ലും ഡമാസ്കസിൽ 832–33 വരെയും സംഘടിപ്പിച്ച ആകാശനിരീക്ഷണ ശില്പശാലയിൽ ഇവർ രണ്ട് പേരും പങ്കെടുത്തതായി രേഖകളുണ്ട്.

ശംസിയ്യ ഒബ്സർവേറ്ററി ബൈത്തുൽ ഹിക്മ (വിജ്ഞാനഭവൻ)യുടെ ഭാഗമായിരുന്ന ബാഗ്ദാദിലും ഇതുപോലെയൊരു സ്ഥാപനം അൽമാമൂൻ നിർമ്മിച്ചിരുന്നു. ഇത് 'ഖിസാന ഖുതുബ് അൽ ഹിക്മ' (വിജ്ഞാനത്തിന്റെ ഗ്രന്ഥപുര) എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ സ്ഥാപനമാണ് ശാസ്ത്രീയവും തത്ത്വശാസ്ത്രപരവുമായ അന്യഭാഷകളിലുള്ള നിരവധി രചനകളുടെ പരിഭാഷ നിർവ്വഹിച്ചിരുന്നത്. ബൈത്തുൽ ഹിക്മയിൽ വിവർത്തകരുടേയും ശാസ്ത്രജ്ഞന്മാരുടേയും പ്രതിവാരയോഗങ്ങൾ ചേരുമായിരുന്നു. ഈയർത്ഥത്തിൽ അത് പ്ളാറ്റോയുടെ അക്കാദമി പോലെയായിരുന്നു പ്രവർത്തിച്ചത്. പ്രശസ്തനായ ഗണിതജ്ഞൻ അൽഖവാരിസ്മി (780–85) ഈ ശാസ്ത്രസ്ഥാപനങ്ങളിലെ ലൈബ്രേറിയനായി പ്രവർത്തിച്ചിട്ടുണ്ട്. ജ്യോതിശാസ്ത്ര പട്ടിക കണക്കു കൂട്ടി ക്രമപ്പെടുത്തിയ ആദ്യത്തെയാളായിരുന്നു അദ്ദേഹം. ഗ്രീക്കുകാരുടെ ശാസ്ത്രീയ കൃതികളുടെ കൈയ്യെഴുത്ത് പ്രതികൾ വാങ്ങാൻ ബൈസന്റയിൻ സാമ്രാജ്യത്തിലേക്ക് അൽമാമൂൻ ആളുകളെ അയച്ചിരുന്നു.

യഹ്‌യ ഇബ്നു മൻസൂർ ക്രിവ: 828–ൽ ഒബ്സർവേറ്ററിയുള്ള ശംസിയ്യയിൽ വെച്ച് അയനാന്ത (Solstice) * നിരീക്ഷണം നടത്തിയതിന്റെ വിവരണം അൽബിറൂണി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ അവിടെ ഖവാരിസ്മിയുണ്ടായിരുന്നു. ആർമിലറി ഗോളം (Armillary Sphere) ഉപയോഗിച്ചുകൊണ്ട് രണ്ട് നിരീക്ഷണങ്ങൾ കൂടി അവർ തൊട്ടടുത്തവർഷം നടത്തുകയും അത് മുൻവർഷത്തേതുമായി താരതമ്യം ചെയ്യുകയും ചെയ്തു. ഒന്നരവർഷം ആകാശനിരീക്ഷണം അവർ തുടർന്നുകൊണ്ടിരുന്നു. ഇബ്നു ഖലാഫ് അൽ മർപ്രുദി ആകാശനിരീക്ഷണത്തിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു സാങ്കേതിക വിദഗ്ധനായിരുന്നു. അദ്ദേഹമാണ് അസ്ട്രോലാബ് (ആകാശഗോളങ്ങളുടെ ചക്രവാളത്തിൽ നിന്നുള്ള ഉയരം നിർണയിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണിത്) നിർമ്മിച്ചത്. 18–ാം നൂറ്റാണ്ടിൽ അസ്ട്രോലാബിനുപകരം സെക്സ്റ്റന്റ് (Sextant) എന്ന ഉപകരണമാണ് ഇതിന് ഉപയോഗിക്കുന്നത്). ഹറാനിലെ ഒബ്സർവേറ്ററിയിൽ അസിമുത്തുൽ ക്വാർഡന്റ് (Azimuthal Quardrant) ** എന്ന ഉപകരണം ഉപയോഗിച്ച് നക്ഷത്രങ്ങളുടെ ദിഗംശം (Azimuth) അളന്നിരുന്നു.

## ഖാസിയൂൻ മലയിലെ ഒബ്സർവേറ്ററി

ക്രി. വ. 830ലോ 831ലോ ഖാസിയൂൻ മലയിൽ ഒരു ഒബ്സർവേറ്ററി സ്ഥാപിക്കാൻ അൽമാമൂൻ ഉത്തരവിടുകയുണ്ടായി. ഖാലിദ് ആയിരുന്നു ഇവിടെത്തെ പ്രധാനപ്പെട്ട ഖഗോള ശാസ്ത്രജ്ഞൻ. അൽ അബ്ബാസ്, സനദ് എന്നീ രണ്ട് ശാസ്ത്രജ്ഞന്മാരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ചിങ്ങം (Leo) രാശിയിലെ ചില നക്ഷത്രങ്ങളെ നിരീക്ഷിക്കുകയുണ്ടായി. വാസ്തവത്തിൽ ഖാലിദ്, ഒബ്സർവേറ്ററിയുടെ മുതവല്ലി (സൂപ്പർവൈസർ) ആയിരുന്നു. അലി ഇബ്നു ഈസ അൽ ഉസ്തർലാബി (ക്രി. വ. 832) എന്നയാൾ മറ്റൊരു ഉപകരണ നിർമ്മാതാവായിരുന്നു. ഇദ്ദേഹം അസ്ട്രോലാബിനെ പറ്റി ഒരു ഉപന്യാസമെഴുതുകയുണ്ടായി. അൽ മാമൂൻ ഹി: 218 (ക്രി. വ്.: 833 ആഗസ്റ്റ്)ൽ ആണ് ദിവംഗതനായത്.

ഖാസിയൂനിലെ ഒബ്സർവേറ്ററിയിൽ മാർബിൾ കൊണ്ട് മതിലിൽ നിർമ്മിച്ച ഒരു ക്വാഡ്രന്റ് (Mural Quardant) ഉപയോഗിച്ചിരുന്നതായി അൽബിറൂനി രേഖപ്പെടുത്തുന്നു. അതിന്റെ ആന്തരവൃത്തപാദം 5 മീറ്ററായിരുന്നു. അതിലെ അനുബന്ധമായുള്ള ഒരു ആർക്കും ഉണ്ടായിരുന്നു. ഈ ആർക്കിലെ (വളഞ്ഞ ഭാഗം) ദ്വാരത്തിൽ കൂടി സൂര്യനെ നിരീക്ഷിക്കാമായിരുന്നു.

അൽമാമൂന്റെ ജ്യോതിശാസ്ത്രജ്ഞന്മാർ സൂര്യനേയും ചന്ദ്രനേയുമാണ് മുഖ്യമായും നിരീക്ഷിച്ചത്. ചില ഗ്രഹങ്ങളെക്കുറിച്ചും അവർ ഗവേഷണം നടത്തുകയും നക്ഷത്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കുകയും ചെയ്തു. ശംസിയ്യായിലേയും ഖൊസിയൂനിലേയും ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി സൂര്യന്റെ അപ്പോജി (Apogee - അപഭൂസ്ഥാനം = സൂര്യൻ ഭൂമിയിൽ നിന്ന് ഏറ്റവും അകലെയായിരിക്കുന്ന ബിന്ദു) കണ്ടുപിടിച്ചു. വിഷുവങ്ങളിൽ (Equinox ഭൂമദ്ധ്യരേഖക്ക് നേർലംബമായി സൂര്യൻ നിൽക്കുന്ന ബിന്ദു) സൂര്യൻ എത്തുന്നത് നിരീക്ഷിച്ച് നിർണ്ണയിച്ചതിന്റെ ഫലമായി സൗരവർഷത്തിന്റെ കൃത്യമായ സമയദൈർഘ്യം അവർക്ക് ഗണിച്ചെടുക്കാൻ സാധിച്ചു.

ഒമർഖയാമിന്റെ വിവരണപ്രകാരം ഇങ്ങിനെ സൂര്യനെ നിരീക്ഷിച്ച് ഒരു സൗരവർഷകലണ്ടർ ഉണ്ടാക്കാനുള്ള കാരണം സൗരവർഷപ്രകാരം കലണ്ടർ കണക്കാക്കിയിരുന്നത് പേർഷ്യക്കാർക്കുവേണ്ടിയായിരുന്നു. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങൾ നിരീക്ഷിക്കാനുള്ള മുഖ്യകാരണം ഗ്രഹണസമയങ്ങൾ കണക്കുകൂട്ടിയെടുക്കാനായിരുന്നു.

'സിജി മുമ്ത്തഹാൻ' (പരിശോധിച്ച പട്ടിക) എന്ന പുസ്തകത്തിൽ ഗ്രഹചലനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യഹ്യാ ഇബ്നു അബി മൻസൂർ ആയിരുന്നു തയ്യാർ ചെയ്തിരുന്നത്. സിജി ശംസിയ്യ എന്ന പേരിലും ഈ പുസ്തകം അറിയപ്പെട്ടിരുന്നു. അൽമാമൂന്റെ എല്ലാ ജ്യോതിശാസ്ത്ര നിരീക്ഷകരും ഇത്തരത്തിലുള്ള സിജി (ഗോളശാസ്ത്ര പട്ടിക) തയ്യാറാക്കിയിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഒബ്സർവേറ്ററികളുടെ ഉദ്ദേശ്യം ഇത്തരത്തിലുള്ള ഗ്രഹചലനങ്ങളുടെ നിരീക്ഷണമായിരുന്നു എന്നാണ്.

അൽമാമൂന്റെ ഉത്തരവ് പ്രകാരം ഖഗോള ശാസ്ത്രജ്ഞന്മാർ ഏറ്റെടുത്ത മുഖ്യദൗത്യം ഖിബ്ലയുടെ നിർണ്ണയമായിരുന്നു. അതായത് മക്കയുടെ സ്ഥാനം വിവിധ ദേശങ്ങളിൽ നിന്നും നിർണ്ണയിക്കലായിരുന്നു. ചന്ദ്രന്റെ ഗ്രഹണം ഒരേസമയം ബാഗ്ദാദിൽ നിന്നും മക്കത്ത് നിന്നും നിരീക്ഷിച്ചുകൊണ്ടായിരുന്നു മക്കയുടെ രേഖാംശവും അക്ഷാംശവും അൽമാമൂൻ നിർണ്ണയിച്ചത്. സർവ്വേ നടത്തിയവർ പ്രസ്തുത നഗരങ്ങൾ തമ്മിലുള്ള അകലവും നിർണ്ണയിച്ചിരുന്നു.

വിദഗ്ധരായ ഖഗോള ശാസ്ത്രജ്ഞന്മാരെ കൂടാതെ കരകൗശല വിദഗ്ധർ, ആശാരിമാർ, ലോഹപ്പണിക്കാർ എന്നീ ഉപകരണ നിർമ്മാണ വിദഗ്ധരടക്കം ഗോളശാസ്ത്രജ്ഞന്മാർ സിൻജാർ എന്ന ഒബ്സർവേറ്ററിയിൽ വരികയും സൂര്യന്റെ ചക്രവാളത്തിൽ നിന്നുള്ള ഉന്നതി ശാസ്ത്രീയമായി അളക്കുകയും ചെയ്തു. ഖാലിദ് അൽ മൗദൂദി, അലി ഇബ്നു ഈസ അഹ്മദ് അൽദാറ എന്നീ ഭൂസർവ്വേയർമാർ ഒരു സ്റ്റേഡിയത്തിന്റെ സ്ഥലീയ ഡിഗ്രി (Terrestial degree) ഗണിതക്രിയകളിലൂടെ നിർണ്ണയിച്ചു. ഈ ഗവേഷണത്തിന്റെ ഫലമായിട്ടാണ് ഭൂസർവേ പര്യവേഷണങ്ങൾ ആദ്യമായി തുടക്കം കുറിച്ചത്. ഖലീഫക്ക് വേണ്ടി ലോകത്തിന്റെ വലിയ ഭൂപടം വരക്കപ്പെട്ടു. രണ്ട് ഡിഗ്രി വീതം കണക്കാക്കി ഭൂമിയുടെ വലിപ്പം നിർണ്ണയിക്കാൻ ഖലീഫ ഉത്തരവിട്ടു. ഇതിന്റെ ഫലമായി രണ്ട് ഡിഗ്രിയുടെ മൂല്യം 20,400 മൈൽ ആണെന്നും ഭൂമിയുടെ വ്യാസം 6,500 മൈൽ ആണെന്നും തീരുമാനിക്കപ്പെട്ടു.

അൽമാമൂൻ ജ്യോതിശാസ്ത്രത്തിൽ അഗാധമായ താല്പര്യവും അറിവുമുള്ള ആളായിരുന്നു. താഴെ പറയുന്ന സംഭവം ഇതിനുദാഹരണമാണ്. ബൈസാൻഷ്യം സാമ്രാജ്യത്തിനെതിരെ അൽമാമൂൻ ഒരിക്കൽ ഒരു പട നയിക്കുകയായിരുന്ന വഴിക്ക് അദ്ദേഹം ഉത്തുംഗമായ ഒരു പർവ്വതം കാണുകയുണ്ടായി. അതിനു മുകളിൽ നിന്നും വളരെ വ്യക്തമായ കടലിന്റെ കാഴ്ച ലഭിക്കുമായിരുന്നു. അദ്ദേഹം സനദിബ്നു അലിയോട് ആ മലയുടെ മുകളിൽ കയറി സൂര്യാസ്തമയ സമയത്ത് അതിന്റെ കീഴ്കോണം (Angle of depression) അളക്കാൻ കല്പിച്ചു. ഈ കോൺ അളന്നുകൊണ്ട് ഭൂമിയുടെ വിതാനം അദ്ദേഹം തിട്ടപ്പെടുത്തുകയുണ്ടായി. അൽബിറൂണി 'ഖാനൂൻ അൽ മസൂദി' എന്ന പുസ്തകത്തിൽ ഈ രീതി ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിലെ ഝലം (ഇപ്പോൾ പാക്കിസ്താനിൽ) ജില്ലയിലെ ഒരു മലമുകളിൽ നിന്നും കീഴ് കോൺ അളന്ന് ഭൂവിതാനം കണ്ടെത്തിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.

അൽമാമൂന്റെ മരണത്തിനുശേഷം ബനുമൂസ സഹോദരന്മാർ ഒബ്സർവേറ്ററിയിൽ നിന്നും നിരവധി നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. സിൻജാൻ, കുഫ എന്നീ സ്ഥലങ്ങൾ തമ്മിലുള്ള അകലം അളക്കാൻ ഇവരെയാണ്

# ദിവ്യ തേജസ്സ്

കവിത

എസ് വി. സുബൈദ, പഴയങ്ങാടി

നീച നിഷ്ഠൂരത ബഹുദൈവാരാധന
നടമാടീടുന്നൊരു കാലഘട്ടം
അവതീർണ്ണനായന്ന് മക്കാമരുഭൂവിൽ
ആകാശഭൂമിതൻ തേജസ്സായീ
അബ്ദുല്ല ആമിന ദാമ്പത്യവല്ലരി
അമൂല്യ മനോഹര പാരിജാതം
സുന്ദര സൗരഭം കോമളം കാഞ്ചനം
സുശോഭന മാമൊരു സൗമ്യസൂനം
സൽഗുണ സമാഹാരം ശാന്തിതൻ ശീതളം
സ്നേഹമൃതുലമാം തൂമൊഴികൾ
സഹനത്തിൽ കൈപ്പുനീർ മധുരിത മധുരമായി
സംതൃപ്തിയോടവർ പാനം ചെയ്തു
സത്യമാം ദീപിക ധർമ്മത്തിൻ തേൻമഴ
നീതിയാം പൂകുട ചൂടിക്കൊണ്ട്
സൗഹൃദ വള്ളിയിൽ സന്താന പൂക്കളാൽ
സ്നേഹപരിമളം വീശിപാരിൽ
മക്കാനിവാസിതൻ ദുർവൃത്തി കണ്ടേറ്റം
പൂമനം നൊന്തു പിടഞ്ഞീടുമ്പോൾ
ഏകനാം നാഥ നിൽ ധ്യാനനിരതനായി
ഏറെ ദിനങ്ങൾ കഴിച്ചുകൂട്ടി
സർവ്വാധിനാഥന്റെ സന്നിധിയിൽ തന്റെ
സങ്കട നിവൃത്തിക്കായി കേണീടവെ
ദിവ്യപ്രഭാവക പ്രചോദനം കേൾക്കവെ
നവ്യമാം ചൈതന്യം വന്നണഞ്ഞു
സംഭ്രമചിത്തരായി പാരവശ്യത്താലെ
വസതിയിലേക്കവർ ചെന്നു ശീഘ്രം
പ്രേയസിതന്നുടെ ചാരെ കിടന്നവർ
ദിവ്യാനുഭവം ചൊല്ലിമെല്ലെ
തളിരിലവാടും പോൽ വാടും പൂമേനിയിൽ
സാന്ത്വന പൂവുകൾ വാരിതൂകി
ദൈവിക സത്തയെ ലോകത്തെയുണർത്തുവാൻ
ദൈവം നിയോഗിച്ച സത്യദൂതൻ ■

---

നിയോഗിച്ചത്. അൽമാമൂന് ശേഷം ഹി: 259ൽ മറിയ്യ മുഹമ്മദ് എന്ന മറ്റൊരു ജ്യോതിശാസ്ത്രജ്ഞൻ പ്രഗത്ഭനായ ഒരു ഗോളശാസ്ത്രപണ്ഡിതനായിരുന്നു. ഇവരുടെയെല്ലാം ശാസ്ത്രീയ പ്രവർത്തനങ്ങൾ അൽ ബിറൂണി രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നുയൂനുസിന്റെ ആറ് നിരീക്ഷണങ്ങളും അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ചില ഗോള നിരീക്ഷണങ്ങൾ അൽബിറൂണി രേഖപ്പെടുത്തിയതിന്റെ ആവർത്തനം തന്നെയായിരുന്നു. നക്ഷത്രങ്ങളെ ആധാരമാക്കിയുള്ള വിവിധ സ്ഥലങ്ങളിലെ നിരീക്ഷണവും സൂര്യന്റെ ഉന്നതി കണക്കാക്കലും അവർക്കറിയാമായിരുന്നു. അതുപോലെ ഒരേ ചന്ദ്രഗ്രഹണം വിവിധ സ്ഥലങ്ങളിൽ നിന്നും നിരീക്ഷിച്ച് സ്ഥലങ്ങൾ തമ്മിലുള്ള അകലം നിർണ്ണയിക്കുകയും ചെയ്തു.

അബ്ബാസ് അൽ ഹാസിബ് (864–874) മാമൂന്റെ വളരെ പ്രതിഭാശാലിയായ ഒരു ഗോളവിജ്ഞാനിയായിരുന്നു. 10 വർഷം ആകാശ നിരീക്ഷണം നടത്തി അദ്ദേഹം മൂന്ന് ഖഗോള പട്ടിക തയ്യാറാക്കി. ക്രി. വ. 829–ലെ സൂര്യഗ്രഹണം നിരീക്ഷിച്ച അദ്ദേഹം സൂര്യന്റെ ഉന്നതിയെ ആധാരമാക്കി സമയം നിർണ്ണയിക്കുകയുണ്ടായി.

അൽഫർഗാനി അൽമാമൂൻ നിയമിച്ച മറ്റൊരു മഹാനായ ജ്യോതിശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ കിതാബു ഫീ ഹർക്കത്ത് അൽസമാവിയ്യ (ഗോളശാസ്ത്രത്തിന്റെ തത്ത്വങ്ങൾ) എന്ന പുസ്തകം യൂറോപ്യൻ അസ്ട്രോണമിയെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. 1493–ൽ അത് യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനമുണ്ടായി.

അബു ഹനീഫ അൽ ദിൻവാരി (ക്രി.വ. 815–895) ഒരു ഗോളശാസ്ത്രപണ്ഡിതനും വൈദ്യനുമായിരുന്നു. ദിൻവാരിയിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹം എഴുതിയ പുസ്തകമാണ് 'കിതാബുൽ റസാദ്' ക്രി. വ. 849–850 വർഷത്തിൽ അദ്ദേഹം നടത്തിയ ഗോളശാസ്ത്ര നിരീക്ഷണങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അദ്ദേഹത്തിന് സ്വന്തമായി തന്നെ ഒരു ഒബ്സർവേറ്ററിയും ഉണ്ടായിരുന്നു. (വിവ: എ.എം)

---

* **അയനാന്തം (Solstices) :–** ഒരു വർഷത്തിൽ രണ്ട് തവണ സൂര്യൻ ഭൂമിയിൽ നിന്നും ഏറ്റവും അകലത്തായിരിക്കുന്ന അവസ്ഥ. സൂര്യൻ വടക്ക് അവർക്ക് ഉള്ളപ്പോൾ (ഉത്തരായനം) ഗ്രീഷ്മ അയനാന്തം എന്നു പറയുന്ന ഇത് ഉത്തരാർദ്ധഗോളത്തിലുള്ളവർക്ക് ജൂൺ 21നാണ്. സൂര്യൻ തെക്ക് അറ്റത്ത് ഉള്ളപ്പോൾ ഹേമന്ത അയനാന്തം (ദക്ഷിണായനം) എന്നു പറയുന്നു. ഇത് ദക്ഷിണാർദ്ധഗോളത്തിലുള്ളവർക്ക് ഡിസംബർ 22 ആണ്. (വിവ:)

****അസിമത്തുൽ ക്വാർഡൻന്റ്** (Azimythal Quardant) നാലുദിക്കുകളിൽ നിന്നും എത്ര ദൂരത്തിലാണ് നക്ഷത്രം സ്ഥിതിചെയ്യുന്നത് എന്ന് അളന്ന് തിട്ടപ്പെടുത്തുന്ന ഉപകരണം (വിവ:) ■

ലേഖനം

# പോണ്ടിയസ് പിലാത്തോസ്

ഷീലാ അഹ്മദ്

**ക്രിസ്തുവിനെ വിചാരണ ചെയ്ത നീതിമാനായ പിലാത്തോസിനെക്കുറിച്ച് അക്കാലത്തെ യഹൂദ ചരിത്രകാരന്മാർ മോശമായിട്ടാണ് ചിത്രീകരിച്ചത്. ഇത് പിലാത്തോസിനോടുള്ള അവരുടെ വിരോധവും മുൻവിധിയും കൊണ്ടാണ്.**

ഈസ്റ്റർ ക്രിസ്ത്യാനികൾക്ക് വ്രതകാലമാണ്. യേശു നിർവ്വഹിച്ച പരമ ത്യാഗത്തിന്റെ അനുസ്മരണ മായിക്കൊണ്ടാണ് അവർ ഈസ്റ്റർ ആഘോഷിക്കുന്നത്. സുവിശേഷങ്ങ ളിൽ വിവരിക്കപ്പെട്ട യേശുവിന്റെ വിചാ രണ, ക്രൂശീകരണം, യേശുവിന്റെ ശരീരം നീക്കം ചെയ്തത് മുതലായ കഥകൾ ലോകത്തെല്ലായിടത്തുമുള്ള ചർച്ചുകളിലും ഈ നാളുകളിൽ പ്രഘോഷിക്കപ്പെടുന്നു. ആ കഥക ളിലെല്ലാം പൊണ്ടിയസ് പിലാത്തോ സിനെ യഹൂദന്മാരുടെ രാഷ്ട്രീയ കളി കളിൽ അകപ്പെട്ട ജൂദിയായിലെ നിഷ്പക്ഷ മതിയായ റോമൻ പോക്യൂ റേറ്റർ ആയിട്ടാണ് ചിത്രീകരിക്കപ്പെ ട്ടിട്ടുള്ളത്. എന്നാൽ ബൈബിൾ സുവിശേഷങ്ങൾ മാത്രമല്ല ഈ സംഭ വങ്ങളുടെ വിവരസ്രോതസ്സായുള്ളത്. ഈയടുത്ത കാലത്ത് കണ്ടെടുത്ത പുരാവസ്തു രേഖകളുടെ വ്യാഖ്യാന ങ്ങളിൽ ഇത് സംബന്ധിച്ചുള്ള യഹൂദ വിവരണങ്ങളുണ്ട്. ചരിത്ര സംഭവങ്ങ ളുടെ സ്രോതസ്സായി ചില കാര്യങ്ങ ളിൽ മുസ്ലിംകൾ ആശ്രയിക്കുന്ന വിശുദ്ധ ഖുർആനും പിലാത്തോ സിനെ പറ്റി മൗനം ദീക്ഷിക്കുന്നു.

ജൂദിയായിലെ പിലാത്തോസി ന്റേയും യഹൂദികളുടേയും ചരിത്രം സംഘർഷഭരിതവും, ഉപജാപങ്ങൾ നിറഞ്ഞതും, പരസ്പരം ഗൂഢാലോച നയുടേതുമായിരുന്നു. അതുകൊണ്ട് നിഷ്പക്ഷമായി കാര്യം ഗ്രഹിക്കാനും അസാധ്യമാണ്. ഈ പശ്ചാത്തലത്തി ലാണ് യേശുവിന്റെ ക്രൂശീകരണ സംഭ വത്തിന്റെയും യഹൂദ കലാപങ്ങളു ടെയും യാഥാർത്ഥ്യം എന്താണെന്ന് മനസ്സിലാക്കാൻ ഖുർആൻ നമ്മെ സഹായിക്കുന്നത്. ഖുർആൻ പറയു ന്നു.

“അവർ (യേശുവിന്റെ ശത്രുക്കൾ അദ്ദേഹത്തിന്നെതിരിൽ) ചില ഗൂഢ തന്ത്രങ്ങൾ പ്രയോഗിച്ചു. അല്ലാഹുവും (മറു) തന്ത്രം പ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ അല്ലാഹു ഏറ്റവും ഉത്തമനാണ്. (3:55)

യേശുവിനെതിരെയുള്ള ഗൂഢാ ലോചന സംബന്ധിച്ച് നമുക്ക് ലഭിച്ച രേഖകളെ പറ്റി ചർച്ച ചെയ്യുകയു കയും അത്തരം രേഖകളുടെ ആധി കാരികത അതിന്റെ കർത്താക്കളുടെ വീക്ഷണ കോണിൽ വിശദീകരിക്കുക യുമാണ് ഈ ലേഖനത്തിന്റെ ഉദ്ദേ ശ്യം. ജൂദിയായിലെ ഏറ്റവും പ്രശ സ്തനായ ഗവർണറായിരുന്ന പിലാ ത്തോസിന്റെ രേഖപ്പെടുത്തപ്പെട്ട ചരിത്ര ത്തിന്റെ വിമർശനാത്മകമായ പരിശോധനയും ഈ ലേഖനത്തിന്റെ പരിധിയിൽ വരുന്നു.

ഇത് സംബന്ധമായി നമുക്ക് ലഭിച്ച ഏറ്റവും സമ്പൂർണ്ണമായ പുരാതന രേഖ ഫ്ളേവിയസ്, ജോസഫസിന്റെ ‘ബെല്ലം ജൂഡായിക്കം (Bellum Judaic um) അഥവാ യഹൂദ യുദ്ധം (Jewish War) എന്ന പുസ്തകമാണ്. 37 എ. ഡി. യിൽ ജൂദിയായിൽ ജനിച്ച ഫ്ളോവി യസ് ജോസഫസ് ഒരു യഹൂദ പുരോ ഹിതനായി ജീവിതം നയിച്ചയാളാണ്. ഫരീസികളുടെ പാരമ്പര്യത്തിൽപ്പെട്ട ജോസഫസ് അമ്മൂമ വഴി ഹെരോദി യൻ കുടുംബത്തിൽപ്പെട്ട യഹൂദ പുരോഹിതനാണെന്ന് അവകാശപ്പെടു ന്നു. ജോസഫസിന്റെ പുരോഹിത പരി ശീലനകാലത്ത് യഹൂദികളുടെ മുഖ്യ വിഭാഗത്തെ പറ്റി അദ്ദേഹത്തിന് വിശ ദമായി പഠിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായിട്ടാണ് ഫരീസികളുടെയും സദൂക്യരുടെയും എസ്സീനികളുടെയും വിശ്വാസത്തെപ്പറ്റിയും ആചാരങ്ങളെ പ്പറ്റിയും വളരെ വിശദമായ വിവരണ ങ്ങൾ നൽകാൻ അദ്ദേഹത്തിന് സാധിച്ചത്.

ജോസഫസിന്റെ വിവരണങ്ങൾ സൂക്ഷ്മങ്ങളായിരുന്നു എന്ന് ചാവു കടൽ ചുരുളുകൾ സാക്ഷ്യം വഹിക്കു ന്നു. അദ്ദേഹം താനൊരു ഫരിസനാ കാൻ തീരുമാനിച്ചതിന്റെ കാരണ ങ്ങളും ഫരീസ്യനായി കഴിഞ്ഞതിനു ശേഷം അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തിയതിനെക്കുറിച്ചും

ഗലീലിയായിലെ അയൽ പ്രദേശങ്ങളിലെ ഭരണത്തെപ്പറ്റിയുമെല്ലാം അതിൽ വിവരിക്കുന്നു. ഗലീലിയിലായിരുന്നുവല്ലോ യേശു തന്റെ ദൗത്യം നിർവ്വഹിച്ച പ്രദേശം. അദ്ദേഹത്തിന്റെ വിശദമായ ചരിത്ര വിവരണങ്ങളിലൊന്നും യേശുവിനെ പറ്റി യാതൊരു പരാമർശവുമില്ല എന്നത് അത്ഭുതകരം തന്നെ. അവിടെ ധാരാളം കള്ള പ്രവാചകന്മാർ ഉണ്ട് എന്ന് ഒരു പ്രസ്താവന മാത്രമാണ് ജോസഫസ് നടത്തുന്നത്.

അക്കാലത്തെ ഫരീസികളുടെ നേതാവായിരുന്ന ഫിലോ പീലാത്തോസിനെക്കുറിച്ച് റോമൻ ചക്രവർത്തിയായിരുന്ന ഗയൂസ് കലിഗുളക്കയച്ച കത്തിൽ സുപ്രധാനമായ വിവരണങ്ങൾ നൽകുന്നുണ്ട്. മറ്റൊരു വശത്ത് പീലാത്തോസിനെക്കുറിച്ചും അദ്ദേഹം യേശുവിന്റെ ക്രൂശീകരണത്തിൽ നിർവ്വഹിച്ച പങ്കിനെക്കുറിച്ചും സുവിശേഷങ്ങളും വിവരിക്കുന്നു. അപ്പോക്രിഫാ ഇനത്തിൽപ്പെട്ട പീലാത്തോസിന്റെ നടപടികൾ (Act of Pilate) എന്ന ഗ്രന്ഥത്തിലും ക്രൂശീകരണത്തെക്കുറിച്ച് വിവരണമുണ്ട്. ജോസഫസിന്റെ വിവരണ പ്രകാരം പീലാത്തോസ് എ. ഡി. 26 ലാണ് ജൂദിയയിലെ 5-ാമത്തെ പ്രോക്യൂറേറ്ററായി നിയമിതനായത്. സെജാനൂസ് ആണ് അദ്ദേഹത്തെ നിയമിച്ചത്. സെജാനൂസ് തിബെരിയാസ് ചക്രവർത്തിയുടെ ഉപദേശകനും കടുത്ത യഹൂദ വിരോധിയുമായിരുന്നു. പ്രോക്യൂറേറ്റർ എന്ന നിലക്ക് റോമിന്റെ അധീനതയിലുള്ള ഈ പ്രോവിൻസിൽ അധികമാളുകളും അവരുടെ പുരാതന വിശ്വാസവും ആചാരങ്ങളും അനുസരിച്ചായിരുന്നു ജീവിച്ചത്. ബഹു വിധത്തിലുള്ള മതങ്ങൾ അധിവസിച്ചിരുന്ന റോമാ സാമ്രാജ്യത്തിൽ അതെല്ലാം സഹിഷ്ണുതാപൂർവ്വം അനുവദിക്കപ്പെട്ടിരുന്നു.

അതുപോലെ തന്നെ ജൂതന്മാർ റോമാ സാമ്രാജ്യവുമായി പരസ്പരം സംഘർഷത്തേക്കാൾ കൂടുതലായി സഹകരിച്ചു കൊണ്ടാണ് കഴിഞ്ഞത്. അവർ രാഷ്ട്രത്തിന് നികുതികൊടുക്കുന്നതുപോലെ ആരാധനാലയങ്ങൾക്കുള്ള വരിപ്പണവും നൽകി. അവരുടെ മതപരമായ ബലികൾ നൽകിയിരുന്നതുപോലെ റോമൻ ചക്രവർത്തിക്കും ബലികൾ നൽകി. ആരാധിക്കുന്നതിനേക്കാൾ കൂടുതലായി ചക്രവർത്തിയെ അനുസരിച്ചു. ജൂതന്മാർ അവരുടേതായ ആഘോഷങ്ങളും നടത്താറുണ്ടായിരുന്നു. അത് റോമൻ പട്ടാളക്കാർ സഹിഷ്ണുതയോടെ അനുവദിച്ചു. സമാധാന ഭംഗമുണ്ടാക്കരുത് എന്ന ഒറ്റ ഉപാധി മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും റോമൻ ഭരണത്തിനു കീഴിലായിരുന്ന യഹൂദികളുടെ ചില ആവശ്യങ്ങളോട് റോമൻ ഭരണാധികാരികൾ വളരെ ഉദാസീനമായിട്ടാണ് പ്രതികരിച്ചത്. ഉദാഹരണത്തിന് കഴിഞ്ഞുപോയ റോമൻ ചക്രവർത്തിമാരുടെ മരണാനന്തര ക്രിയകൾക്ക് വലിയ തോതിലുള്ള പണപിരിവും റോമൻ ദേവാലയങ്ങളുടെ നടത്തിപ്പും അവർക്ക് വിസമ്മതമായിരുന്നു. അവിശ്വാസികളായ വിദേശിയരുടെ അടിമത്തത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കാൻ രക്ഷകനായി മിശിഹാ വന്നെത്തുമെന്നും ജൂതന്മാർ അഗാധമായി വിശ്വസിച്ചു.

ജോസഫസിന്റെ അഭിപ്രായത്തിൽ പീലാത്തോസ് തന്റെ പത്ത് വർഷത്തെ ഭരണത്തിന് തുടക്കത്തിൽ തന്നെ ജൂത വിരുദ്ധമായ നയങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. ജൂദിയായിലെ സീസേറിയ മറിട്ടിമയിൽ രാത്രിയിൽ പിലാത്തോസ് എത്തിയപ്പോൾ താൻ അവിടെ എത്തിയതായി ജെറുസലേം നിവാസികളെ അറിയിക്കാൻ തന്റെ പട്ടാളക്കാരോട് അദ്ദേഹം ആജ്ഞാപിച്ചു. ജോസഫസ് എഴുതുന്നു:

'രാത്രിയിൽ രഹസ്യമായി സ്റ്റാൻഡേർഡ് എന്ന് വിളിക്കപ്പെടുന്ന സീസറിന്റെ ബിംബം അദ്ദേഹം രഹസ്യത്തിൽ ജറുസലേമിൽ കൊണ്ടുവന്നു സ്ഥാപിച്ചു'. (BJ 11. 165)

രാജ്യത്തുള്ള ജൂതന്മാർ ജെറുസലേമിൽ തടിച്ചകൂടി സീസേറിയയിൽ എത്തിയ പിലാത്തോസിനോട് സ്റ്റാൻഡേർഡ് നീക്കം ചെയ്യാൻ അഭ്യർത്ഥിച്ചു. അത് അവരുടെ ആചാരങ്ങളെയും വിശ്വാസത്തേയും അപമാനിക്കുന്നതായിരുന്നു. പീലാത്തോസ് യാതൊന്നും ചെയ്യുന്നില്ല എന്ന് കണ്ടപ്പോൾ അഞ്ച് രാവും പകലും അദ്ദേഹത്തിന്റെ വസതിക്ക് ചുറ്റും വളഞ്ഞു നിന്നു. അവസാനം ആൾക്കൂട്ടത്തെ സമീപത്തുള്ള സ്റ്റേഡിയത്തിലേക്ക് വിളിപ്പിച്ചു അദ്ദേഹം ന്യായ പീഠത്തിലിരുന്നു. ജൂതന്മാർ അദ്ദേഹത്തിൽ നിന്നും എന്തെങ്കിലും ആശാവഹമായ പ്രതികരണം ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചു. ജോസഫസിന്റെ റിപ്പോർട്ട് പ്രകാരം പിലാത്തോസിന്റെ പട്ടാളക്കാർ ആൾക്കൂട്ടത്തിനു ചുറ്റുമായി മൂന്നുവരിയായി വലയം ചെയ്തുനിന്നിരുന്നു. സ്റ്റാൻഡേർഡിന്റെ സ്വീകരിക്കണമെന്നും തിബരിയാസ് ചക്രവർത്തിയെ ആരാധിക്കണമെന്നും പീലാത്തോസ് കൽപിച്ചു. പക്ഷേ യഹൂദന്മാർ അത് നിരസിക്കുകയും നിലത്ത് കിടന്നുകൊണ്ട് ഞങ്ങൾ മരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയുമാണുണ്ടായത്. ഇതായിരുന്നു യഹൂദികളുമായുള്ള പിലാത്തോസിന്റെ ആദ്യത്തെ ഏറ്റുമുട്ടൽ. അവസാനം പിലാത്തോസ് സ്റ്റാന്റേർസ് അവിടെ നിന്നും നീക്കാൻ ഉത്തരവിട്ടു. ഈ വിഗ്രഹം അവിടെ നിന്നും നീക്കാൻ കാരണം യഹൂദികളുടെ പ്രതിഷേധമായിരുന്നു എന്നാണ് ജോസഫസ് വായനക്കാരോട് പറയാൻ ആഗ്രഹിച്ചത്.

യേശുവിന്റെ ക്രൂശീകരണ വേളയിലെ സംഭവങ്ങളാണ് പീലാത്തോസിനെ അത്യധികം താല്പര്യമുള്ളവാക്കുന്ന ഒരു കഥാപാത്രമാക്കി മാറ്റിയത്. അപോക്രിഫ ഇനത്തിൽപെട്ട 'പീലാത്തോസിന്റെ പ്രവർത്തികൾ' (Act of Pilate) എന്ന പുസ്തകത്തിൽ ഈ സംഭവം നടന്നത് തിബെരിയാസ് ചക്രവർത്തിയുടെ 19-ാം വർഷത്തിലാണെന്നാണ് രേഖപ്പെടുത്തിയത് (AD33) . ഇത് വിശ്വസനീയമാകണമെന്നില്ല. എങ്കിലും നമുക്ക് മറ്റ് രേഖകളൊന്നും ലഭ്യമില്ലെന്നിരിക്കെ യേശുവിന്റെ ജീവിതത്തിലെ രേഖപ്പെടുത്തപ്പെട്ട മറ്റു സംഭവങ്ങളുമായി താരതമ്യം

ചെയ്യുമ്പോൾ ഈ തീയ്യതി ശരിയായിരിക്കാനുള്ള സാധ്യതയുമുണ്ട്.

യേശുവിനെ അറസ്റ്റ് ചെയ്യുന്നതിനോടനുബന്ധിച്ചുള്ള രംഗങ്ങൾ മറ്റുള്ള സംഭവങ്ങളെക്കാൾ വിശദമായി സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നു. ഈ സംഭവത്തിൽ ശ്രദ്ധേയമായ ഭാഗങ്ങൾ സിനോപ്റ്റിക്ക് സുവിശേഷങ്ങളിൽ (സമാന സുവിശേഷങ്ങളിൽ) മാത്രമേ (മത്താ 22:18. ലൂക്ക് 20:25, മാർക്ക് 12:15) കാണുന്നുള്ളൂ. ഇവിടെ പരീശികൾ തങ്ങളുടെ ശിഷ്യന്മാരേയും, ഹെറോദികളേയും അയച്ച് യേശുവിന്റെ സ്വന്തം വചനങ്ങളിലൂടെ തന്നെ അദ്ദേഹത്തെ കെണിയിലാക്കുവാനാണ് ശ്രമിക്കുന്നത്. പരീശികളുടെ വർഗ്ഗത്തിൽപ്പെട്ട ആൾ തന്നെയാണ് ജോസഫസ് എന്ന കാര്യം നാം മറക്കരുത്. പരീശികൾ അയച്ച ആളുകൾ യേശുവിന്നടുത്ത് വന്ന് യഹൂദികൾ 'സീസറിന് നികുതികൊടുക്കുന്നത് നിയമാനുസൃതമാണോ എന്ന് ചോദിച്ചു: യേശുവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: 'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക'. (മത്താ 22:21)

യേശു തന്റെ അനുയായികളോട് ഒരിക്കലും നിയമം ലംഘിക്കാൻ പ്രോത്സാഹനം നൽകിയിട്ടില്ലെന്ന് വായനക്കാരനെ ധരിപ്പിക്കാൻ സുവിശേഷകാരകന്മാർ ഉദ്ദേശിച്ചിരുന്നതായി ഇതിൽ നിന്ന് വ്യക്തമാകുന്നു. യഹൂദ നേതാക്കന്മാരുടെ നിലപാടുകളെ താൻ ഒരിക്കലും പിന്തുണച്ചില്ല എന്ന് യേശുവിന്റെ മറുപടിയിൽ നിന്നും വ്യക്തമാവുന്നു.

യേശുവിന്റെ അറസ്റ്റിലേക്ക് നയിച്ച പിന്നീടുണ്ടായ സംഭവങ്ങൾ വളരെ കൗതുകകരമാണ്. യേശുവിനെ സുനേദ്രം (യഹൂദന്മാരുടെ ഉന്നതസഭ) ചോദ്യം ചെയ്യുന്ന ഭാഗം നാലു സുവിശേഷങ്ങളും വിവരിക്കുന്നു. 'പിലാത്തോസിന്റെ പ്രവർത്തികൾ' എന്ന സുവിശേഷത്തിൽ സുനേദ്രം കൗൺസിലിലെ ചില അംഗങ്ങളുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അന്നാസ്, കയ്യഫാസ്, സെമെൻ, ദത്തായിയാസ്, ഗമാലിയേൻ ജൂദാസ്, ലെവി, നെപ്താലിം, അലക്സാണ്ടർ, ജാരിയുസ് എന്നിവരാണ് അവർ. ഇതിൽ കയ്യഫാസ് ജൂദിയായിലെ ഉന്നത പുരോഹിതനായിരുന്നു. അയാളാണ് യേശു കുറ്റവാളിയാണെന്നും ആയതിനാൽ ക്രൂശിക്കണമെന്നും വിധിച്ചത്. യേശു; ഗവർണർ പിലാത്തോസിന്റെ അരികിലേക്ക് കൊണ്ടുവരപ്പെട്ടു. റോമൻ ഗവർണറായ പീലാത്തോസിന്റെ അരികിൽ യേശുവിനെ കൊണ്ടുവന്നു. യഹൂദ സഭ രാജ്യദ്രോഹക്കുറ്റത്തിന് യേശുവിനെ ശിക്ഷിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പീലാത്തോസിന്റെ മുന്നിൽ കൊണ്ടുവരപ്പെട്ട യേശുവിനെ ചോദ്യം ചെയ്യുമ്പോൾ സുനേദ്രത്തിലെ യഹൂദ പുരോഹിതന്മാരായിരുന്നു നേതൃത്വം നൽകിയത്. പക്ഷേ പിലാത്തോസ് അദ്ദേഹത്തിൽ മരണശിക്ഷക്ക് വിധിക്കേണ്ട യാതൊരു കുറ്റവും കണ്ടില്ല. യേശുവിന്റെ കാര്യത്തിൽ യഹൂദികൾക്കനുകൂലമായി വിധി പ്രസ്താവിക്കാതെ തന്നെ അവരെ തൃപ്തിപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം കൈക്കൊള്ളണമെന്ന ആവശ്യവുമായി പിലാത്തോസിന്റെ ഭാര്യ ക്ലോഡിയ പീലാത്തോസിനു മേൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. സംഗതികൾ അപ്പോഴേക്കും പിലാത്തോസിന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോയി. ബൈബിൾ പറയുന്നു.

“അവർ ന്യായസനത്തിൽ ഇരിക്കുമ്പോൾ അയാളുടെ ഭാര്യ ആളെ അയച്ചു ഇങ്ങനെ പറയിക്കുകയും ചെയ്തിരുന്നു. “ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. കാരണം, അവൻ നിമിത്തം ഞാൻ സ്വപ്നത്തിൽ വളരെ ക്ലേശം അനുഭവിച്ചു. (മത്താ 1:27 : 19)

പിന്നീടുള്ള ബൈബിൾ വിവരണത്തിൽ പിലാത്തോസ് കുറച്ച് വെള്ളം എടുത്ത് കൈകഴുകിയതായും പിന്നീട് യേശുവിനെ യഹൂദ നേതാക്കന്മാർക്ക് കൈമാറിയതായും കാണുന്നു. ബൈബിൾ വിവരിക്കുന്നു. പീലാത്തോസിന്റെ പ്രവർത്തി ജോസഫിന്റെ വിവരണങ്ങളിലുള്ള പീലാത്തോസിന്റെ ചിത്രത്തിനു വിരുദ്ധമാണ്. സാധ്യമായ നിഗമനം യേശുവിനെ രക്ഷിക്കാൻ പീലാത്തോസ് അദ്ദേഹത്തിന്റെ വഴിക്ക് ഒരു ശ്രമം നടത്തി എന്നതാണ്. അതായത് സുനേദ്രത്തിന്റെ ഗൂഢാലോചനക്കെതിരെ അദ്ദേഹം ഒരു തന്ത്രം ആവിഷ്കരിക്കുകയുണ്ടായി എന്ന് വിശുദ്ധ ബൈബിൾ വിവരണത്തിൽ നിന്നും നമുക്ക് മനസ്സിലാവുന്നു.

അതായത് തോട്ടത്തിൽ വെച്ച് ജൂദാസിന്റെ വഞ്ചനയിൽ അദ്ദേഹം പിടിക്കപ്പെടുകയും ക്രൂശീകരണത്തിനായി കൊണ്ടുപോകുകയും ചെയ്തു. പടയാളികൾ അദ്ദേഹത്തെ പരിഹസിച്ചു. അവസാനം ഒരു ചെറു പ്രാർത്ഥനയോടെ യേശു ശ്വാസം വെടിഞ്ഞു എന്നാണ് ബൈബിൾ പ്രമാണം.

മറ്റൊരു കൗതുകകരമായ സംഭവം ജോസഫ് അരിമത്യയുമായി ബന്ധപ്പെട്ടതാണ്. എല്ലാ സുവിശേഷങ്ങളും പറയുന്നത് ജോസഫ് പിലാത്തോസിനോട് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടുവെന്നാണ്. തന്റെ കല്ലറയിൽ യേശുവിനെ വെക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം യേശുവിന്റെ ശരീരം ആവശ്യപ്പെട്ടത്. പീലാത്തോസ് അത് സമ്മതിച്ചതായി ബൈബിൾ രേഖപ്പെടുത്തുന്നു. പക്ഷേ എന്തുകൊണ്ടാണ് പീലാത്തോസ് അത് അനുവദിച്ചത്? പീലാത്തോസിന്റെ ഈ അനുവാദത്തിനും സഹകരണത്തിനും ചില കാരണങ്ങളുണ്ട്. ജോസഫ് ഉന്നതനായ ഒരു ഉദ്യോഗസ്ഥനും അതീവ സമ്പന്നനും യേശുവിന്റെ ശിഷ്യനുമായിരുന്നു. എസ്സീൻ സംഘത്തിൽ പെട്ടയാളെന്ന് കരുതാവുന്ന നിക്കോദമെസ് എന്ന വിദഗ്ധനായ വൈദ്യന്റെ സ്നേഹിതനുമായിരുന്നു ജോസഫ് അരിമത്യാൻ. ലൂക്കോസിലെ വിവരണപ്രകാരം യേശു മരിച്ചു എന്ന് കേട്ടപ്പോൾ പീലാത്തോസ് ആശ്ചര്യം പ്രകടിപ്പിച്ചതായി എഴുതുന്നു. മാത്രമല്ല പീലാത്തോസ് തന്നെയാണ് ക്രൂശീകരണത്തിന്റെ തീയതി നിശ്ചയിച്ചത്. കുരിശിൽ വെച്ച ശരീരം ശബ്ബത്ത് ദിനം ആരംഭിക്കുന്നതിന് മുമ്പേ കുരിശിൽ നിന്നും എടുത്ത് മാറ്റുമെന്ന് പീലാ

ത്തോസിന്നറിയാമായിരുന്നു. അപ്പോൾ പീലാത്തോസ് ഒരിക്കലും യേശുവിനെ ക്രൂശിച്ചു കൊല്ലാൻ ആഗ്രഹിച്ചിരുന്നില്ല എന്ന് വിചാരിക്കാൻ സാധ്യതകളേറെയാണ് മാത്രമല്ല ജെറുസലേമിൽ നിന്ന് ഒളിച്ച് രക്ഷപ്പെടാൻ യേശുവിനെ അദ്ദേഹം സഹായിച്ചു എന്ന് കരുതാനും സാധ്യതയുണ്ട്. അത് കൊണ്ടാണല്ലോ അദ്ദേഹത്തിന് തന്റെ ശിഷ്യന്മാരെ ഗലീലിയിൽ വെച്ച് കണ്ടുമുട്ടാൻ കഴിഞ്ഞത്. ഇതെല്ലാം തന്നെ പീലാത്തോസ് യേശുവിന്നനുകുലമായി നിഗൂഢമായ ആസൂത്രണങ്ങൾ ചെയ്തു എന്നതിലേക്ക് വെളിച്ചം വീശുന്നു.

യേശുവിന്റെ ക്രൂശീകരണം എന്ന ഞെട്ടിപ്പിക്കുന്ന സംഭവം ജോസഫസ് തന്റെ വിവരണങ്ങളിൽ പ്രതിപാദിക്കുന്നില്ല. തുടർന്ന് മറ്റൊരു സംഭവ വിവരണത്തിലേക്ക് കടക്കുകയാണ്. ഒരു ആമുഖം പറഞ്ഞതിനു ശേഷം ആരാധനാലയത്തിലെ കോർബൻ (Corbon) ഫണ്ടിനെ പറ്റിയാണ് അദ്ദേഹം പറയുന്നത്.

കോർബൻ എന്നറിയപ്പെടുന്ന പവിത്രമായ നിധി ഉപയോഗിച്ച് ഒരു നീർച്ചാൽ നിർമ്മിച്ചതിനെ ചൊല്ലി വീണ്ടും കുഴപ്പങ്ങൾ തലപൊക്കി. (BJ 11.184)

ജോസഫസിന്റെ പുസ്തകത്തിന്റെ വിവർത്തകൻ അഭിപ്രായപ്പെടുന്നത് ബത്‌ലഹേമിൽ തെക്ക് പടിഞ്ഞറായി 12 മൈൽ നീളമുള്ള ഈ നീർചാൽ നിർമ്മിച്ചത് പീലാത്തോസ് ആണെന്നാണ്. പിലാത്തോസിന്റെ ഈ പ്രവർത്തനവും യഹൂദികളെ പ്രകോപിപ്പിക്കാനുദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു. ഇതിനെ തുടർന്ന് യഹൂദികൾ ട്രിബ്യൂണലിനു ചുറ്റും വളഞ്ഞു പീലാത്തോസ് അവരോട് സഹകരിക്കുന്നില്ല എന്നും അവർക്ക് നീതി നൽകുന്നില്ല എന്നും പറഞ്ഞ് ബഹളം വെച്ചു. പീലാത്തോസ് കരുതിക്കൂട്ടി തന്റെ പട്ടാളക്കോരോടൊപ്പം ജറുസലേം സന്ദർശിക്കുകയുണ്ടായി. പട്ടാളക്കാർ സാധാരണ വേഷത്തിലായിരുന്നു. ട്രിബ്യൂണലിനടുത്ത് ജനങ്ങളുമായി അവർ ഇടകലർന്നു നിന്നു. പിലാത്തോസ് അടയാളം കാണിച്ചപ്പോൾ സാധാരണ വേഷത്തിൽ നിന്ന പട്ടാളക്കാർ കുറുവടികൊണ്ട് യഹൂദികളെ വിശീയടിക്കുകയുണ്ടായി. രക്ഷപ്പെടാൻ ശ്രമിച്ചവരെ ജീവൻ പോകുന്നതു വരെ മർദ്ദിച്ചു എന്നും ജോസഫസ് വിവരിക്കുന്നു.

ജോസഫസിന്റെ പുരാരേഖ പ്രകാരം (18.4.1.299/305) എ. ഡി. 35 ൽ ഒരു സംഘം ശമരിയക്കാർ തീർത്ഥാടനത്തിന് വേണ്ടി ഗരിസിം മലയിൽ ഒത്തുകൂടി. അവരെ പിലാത്തോസിന്റെ ആളുകൾ ആക്രമിക്കുകയുണ്ടായി. അവർ സിറിയക്കാരായിരുന്നു. സിറിയയിലെ ഭരണാധികാരിയായിരുന്ന വിറ്റീലിയാസിനോട് അവർ പരാതിപ്പെട്ടു. അവസാനം എ.ഡി. 36-ൽ പിലാത്തോസ് റോമിലേക്ക് തന്റെ ഈ നടപടിയെപ്പറ്റി ന്യായം ബോധിപ്പിക്കാൻ പോയി അവിടെ വെച്ച് പീലാത്തോസിന്റെ ഗവർണർ പദവി അവസാനിച്ചു. (Ant 18:4:2)

ഹെരോദ് അഗ്രപ്പാ ഒന്നാമൻ കലിഗുല ചക്രവർത്തിക്ക് അയച്ച ഒരു കത്തിൽ പീലാത്തോസിനെ പറ്റി ഇപ്രകാരം വിവരിക്കുന്നതായി ഫിലോ രേഖപ്പെടുത്തുന്നു.

യാതൊരുവിധ വിട്ടുവീഴ്ചക്കും തയ്യാറല്ലാത്ത പ്രകൃതിയായത് കാരണം അദ്ദേഹത്തെ പറ്റി അഴിമതിക്കാരൻ, അപമാനിക്കുന്നവൻ, കള്ളൻ, അക്രമി, പിശാച്, ദുർന്നടപടിക്കാരൻ, വിചാരണ കൂടാതെ വധിക്കുന്നയാൾ, അറ്റമില്ലാത്ത ക്രൂരൻ എന്നിങ്ങനെ ആരോപണങ്ങൾ ചാർത്തപ്പെട്ടിരുന്നു. (Ph: 10 Embasy 38. 301-2; vide R. B. Rown P. 1249)

ഇതേ സമയം തന്നെയാണ് എതനാർക്കിന്റെ സഹോദരൻ ജൂദിയായിലെ രാജാവാകാൻ ചക്രവർത്തിയുടെ ഇഷ്ടം നേടാൻ വേണ്ടി റോമിൽ ഉപചാപങ്ങളുമായി കഴിഞ്ഞിരുന്നത്. പിലാത്തോസിന്റെ പൊതു ജീവിതത്തിന്റെ അവസാനമായിരുന്നു അത്. അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തെപറ്റി യാതൊരുവിധ രേഖകളുമില്ല. പിലാത്തോസ് തന്റെ ദൗത്യം പൂർത്തിയാക്കി. ഇപ്പോഴും അദ്ദേഹത്തെ സംബന്ധിച്ചുള്ള ആശയക്കുഴപ്പം ബാക്കി നിൽക്കുകയാണ്. യേശുവിനോടുള്ള അദ്ദേഹത്തിന്റെ അനുരക്തിയുടെ അടിസ്ഥാനത്തിൽ പീലാത്തോസ് ജൂത സ്ത്രീയായ അദ്ദേഹത്തിന്റെ ഭാര്യയുടെ മാർഗ്ഗത്തിൽ ജീവിച്ചയാളാണെന്നും കരുതാൻ സാധ്യതയില്ലേ? തെർ തുല്യൻ (Tertullian APo - 21-24) രേഖപ്പെടുത്തിയത് പീലാത്തോസ് മാനസാന്തരപ്പെട്ട് ഒരു ക്രിസ്ത്യാനിയായി തീർന്നു എന്നാണ്. പക്ഷേ ഇയൂസിബസ് (Eusebius) രേഖപ്പെടുത്തിയത് അദ്ദേഹം ആത്മഹത്യ ചെയ്തു എന്നാണ്. നീറോ ചക്രവർത്തിയാൽ അദ്ദേഹം വധിക്കപ്പെട്ടു എന്നും അഭിപ്രായമുണ്ട്. പീലാത്തോസിന്റെ വിധിയെന്തുമായി കൊള്ളട്ടെ. യേശുവിന്റെ മരണത്തിൽ നിന്നുള്ള രക്ഷപ്പെടൽ എന്ന ദൈവികാസൂത്രണം പീലാത്തോസിന്റെ കൈകളിലൂടെയാണ് പ്രാവർത്തികമായത്.


**Reference**

Brown R. E. (1992) The new Jerome Biblical Commentary; Geoffrey Chapman.

Eusebius T Irs 1965) The History of the Church (Trd: william G. A.) Penguin.

Farid G. A. (Tr. 1969) The Holy Quram Arabic Text and English Commentary

Grand, M. (1973) The Jews in Roman World, Widen Field & Nicolson.

Josephus (Jr. 1959) The Jewish Antiquities

(Tr. Thakeray H. St. J) Heineman Revised Standard Version, The Bible.


**നിങ്ങൾ സഹോദരന്മാർ**

നിങ്ങൾ അന്യോന്യം അസൂയപ്പെടുകയോ ദുഷ്ടത പുലർത്തുകയോ അരുത്. പരസ്പര ബന്ധത്തെ മുറിക്കുകയും ചെയ്യരുത്. അല്ലയോ അല്ലാഹുവിന്റെ ദാസരെ നിങ്ങൾ അന്യോന്യം സഹോദരങ്ങളെ പോലെ പെരുമാറുവീൻ.

(ബുഖാരി)

ലേഖനം

# കച്ചവടം

**ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

സമുദായത്തിന്റെ പുരോഗതിയ്ക്കും അഭിവൃദ്ധിക്കും നിദാനമായിരിക്കുന്ന ഒരതിപ്രധാന സംഗതിയാണ് കച്ചവടം. കച്ചവടകാര്യങ്ങളിൽ ഇസ്‌ലാം നടപ്പാക്കിയിട്ടുള്ള നിയമങ്ങളെന്തൊക്കെയാണെന്ന് നമുക്കു നോക്കാം:

തെറ്റായ തൂക്കപ്പടികളും, അളവ് പാത്രങ്ങളും ഉപയോഗിക്കുന്നതിനെ ഇസ്‌ലാം നിരോധിക്കുകയും ശരിയായവ മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുകയും ചെയ്യുന്നു. ഉപയോഗശൂന്യമോ, വച്ചുപഴകിയതോ ആയ സാധനങ്ങൾ വില്പന നടത്തുന്നത് നിഷിദ്ധമാണ്. താൻ വിൽക്കുന്ന സാധനത്തിന്റെ ദോഷവശത്തെ ഒളിപ്പിച്ചുവെക്കാൻ കച്ചവടക്കാരൻ ശ്രമിക്കരുത്. നനഞ്ഞ ധാന്യത്തിനുമേൽ ഉണങ്ങിയ ധാന്യം ഇട്ടുമറച്ചുവച്ചുകൊണ്ട് ഉണങ്ങിയ ധാന്യമെന്നു പറഞ്ഞുവിൽക്കുക, വച്ചു പഴകിയ തുണിത്തരങ്ങൾ പുതിയതിനോടൊപ്പം പൊതിഞ്ഞുവച്ചു പുതിയതാണെന്നു പറഞ്ഞു വിൽക്കുക മുതലായ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളതല്ല. സാധനത്തിനു വല്ല ദൂഷ്യവും ഉണ്ടെങ്കിൽ വാങ്ങുന്ന ആളോടു അതു തുറന്നു പറയണം. അങ്ങനെ ആ ദൂഷ്യത്തെ കുറിച്ചറിയാതെ ഒരാൾ ആ സാധനം വാങ്ങുകയാണെങ്കിൽ അതു മനസ്സിലാക്കിയ ശേഷം തിരിച്ചുകൊണ്ടു ചെല്ലുന്നതിനും അയാൾക്കവകാശമുണ്ടായിരിക്കും. അല്ലാത്തപക്ഷം, പണം കൊടുത്തുവാങ്ങിയ സാധനം തിരിച്ചുകൊണ്ടുചെല്ലുവാനോ, ആ വില്പനയെ റദ്ദ് ചെയ്യുവാനോ പാടില്ല.

ഒരേ സാധനത്തിനു പലരിൽ നിന്നും പലതരം വിലകൾ വസൂലാക്കുന്നതിനെ ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്.* യുക്തമെന്നു തോന്നുന്ന ഒരു വില നിർണയിക്കാൻ പാടുണ്ടെങ്കിലും എല്ലാ ഉപഭോക്താക്കളോടും, ഒരേ വില മാത്രമേ വാങ്ങാവൂ. വില്ക്കുന്നവനും, വാങ്ങുന്നവനും തമ്മിൽ പ്രത്യേകതരം ബന്ധമുണ്ടെങ്കിൽ മാത്രം കിഴിവ് അനുവദിക്കാവുന്നതാണ്. ഉദാഹരണമായി, ഉപഭോക്താവ് ഉറ്റബന്ധുവോ, ഗുരുനാഥനോ അടുത്ത സ്നേഹിതനോ അയൽവാസിയോ കച്ചവടത്തിൽ കൂട്ടുകാരനോ ആണെങ്കിൽ പ്രത്യേക പരിഗണന നൽകുന്നതിൽ വിരോധമില്ല.

സാധനങ്ങൾ വിൽക്കുമ്പോൾ ആ ഇടപാട് രേഖയോ (ബിൽ) സാക്ഷിയോ മുഖേന സ്ഥിരപ്പെടുത്തണമെന്നും വില്പനയേയോ, സാധനത്തിന്റെ ഗുണനിലവാരത്തെയോ ഉടമസ്ഥതയെയോ വിലയെയോപറ്റി പിന്നീടു തർക്കമുണ്ടാക്കാൻ ഇടയാക്കരുതെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു.

ഒരാൾ നല്ലവണ്ണം പരിശോധിക്കുകയോ, തൂക്കിനോക്കുകയോ ചെയ്തിട്ടില്ലാത്ത സാധനം മറ്റുള്ളവർക്ക് വിൽക്കുവാൻ പാടുള്ളതല്ല. എന്തെന്നാൽ ഇതു പലതരം കുഴപ്പങ്ങൾക്കും ശണ്ഠകൾക്കും കാരണമായിത്തീരും. വല്ല കുറവും സംഭവിച്ചതായോ, കുറ്റമുള്ളതായോ കണ്ടാൽ വില്പന ചെയ്തിട്ടുള്ള ഓരോരുത്തരും അതിന്റെ ഉത്തരവാദിത്തം മറ്റൊരാളിൽ ചുമത്താൻ ശ്രമിച്ചേക്കാം.

മിഥ്യാമത്സരത്തെയും ലേലസമയങ്ങളിൽ കള്ളവിളി വിളിച്ചു വില വീർപ്പിക്കുന്നതിനെയും പൊയ്‌വില പറയുന്നതിനെയും അധികവില പറയാൻ ആളുകളെ ഒരുക്കി ഉപഭോക്താവിനെ കബളിപ്പിക്കുന്നതിനെയും ഇസ്‌ലാം വിരോധിച്ചിരിക്കുന്നു. ചരക്കുമായി പട്ടണത്തിലേക്കു വരുന്ന വണിക്കുകളെ നഗരത്തിനുപുറത്ത് സമീപിച്ചു വിലപേശുന്നതിനെയും ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. അത്തരക്കാർക്ക് നഗരത്തിലെ സ്വതന്ത്രമാർക്കറ്റിൽ പ്രവേശിക്കാൻ അനുവാദം നൽകേണ്ടതും അങ്ങനെ വിലയെ സംബന്ധിച്ചു ബോദ്ധ്യപ്പെട്ടുകൊള്ളുന്നതിനു അവസരം നൽകേണ്ടതുമാണ്. തങ്ങളുടെ നേരെ ചതി പ്രയോഗിക്കപ്പെടുന്നില്ലെന്നു ഉറപ്പ് വരുത്താനും കമ്പോളനിലവാരം അറിഞ്ഞിരിക്കാനും അവർക്ക് ഇതുവഴി സാധിക്കും.

> **“ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്ന ഇസ്‌ലാം കച്ചവടത്തിൽ പാലിക്കേണ്ട ധാർമ്മിക നിയമങ്ങളേപറ്റിയും പഠിപ്പിക്കുന്നു. ”**

വില്പനവസ്തു നിർണയിക്കുന്നതിനു മുമ്പ് വില പറയുന്നതിനെ ഇസ്‌ലാം അനുവദിക്കുന്നില്ല. വാങ്ങുന്ന സാധനം ഇന്നതാണെന്നു ക്രേതാവോ അയാളുടെ ഏജന്റോ ആദ്യം തീർച്ചപ്പെടുത്തണം. ഭാഗ്യക്കുറിയും ഭാഗ്യക്കുറികളുടെ രൂപത്തിലുള്ള വില്പന സമ്പ്രദായവും വിലയുടെ ഏറ്റക്കുറവിനെ അടിസ്ഥാനമാക്കിയുള്ള ചൂതാട്ടവും (സാട്ടകച്ചവടം) ഇസ്‌ലാം നിഷിദ്ധമാക്കിയിരിക്കുന്നു. എന്തെന്നാൽ,

ഇവയെല്ലാം ചൂതുകളിയുടെ വകഭേദങ്ങൾ മാത്രമാണ്. കച്ചവടത്തിന്റെ ഇനത്തിൽ പെടുന്നവയല്ല.

സാമാജികജീവിതത്തിൽ നമ്മുടെ ശ്രദ്ധയർഹിക്കുന്ന മറ്റൊരു പ്രധാന സംഗതി സമ്മേളനങ്ങളും പൊതുയോഗങ്ങളും മറ്റു സാമൂഹ്യപ്രവർത്തനങ്ങളുമാണ്. മനുഷ്യന്റെ സാമൂഹ്യജീവിതവുമായി ഇവ കെട്ടുപിണഞ്ഞിരിക്കുന്നുവെന്നുമാത്രമല്ല, ആഴമായ സ്വാധീനങ്ങൾ സാമൂഹ്യജീവിതത്തിൽ ചെലുത്താൻ പോരുന്നവയുമാണ്. അതിനാൽ, ഇവയെ കുറിച്ച് ഇസ്‌ലാം നൽകുന്ന പാഠമെന്തെന്നു ഞാൻ വിവരിക്കാം.

സൽക്കാരത്തിനുള്ള ക്ഷണം ഒരു മുസ്‌ലിം സ്വീകരിക്കേണ്ടതാണെന്നു ഇസ്‌ലാം ഉപദേശിക്കുന്നു. പരസ്പര സ്നേഹവും ക്ഷേമകാംക്ഷയും ശക്തിപ്പെടുത്തുന്നതിന് ഇതു സഹായകമാണ്. അകാരണമായ തിരസ്കാരം സ്നേഹബന്ധത്തിനു ക്ഷതമേൽപ്പിക്കുകയും ചെയ്യും. 'വിളിക്കാത്തേടത്ത്' ആരും ചെന്നുകയറരുത്. ക്ഷണിയ്ക്കപ്പെട്ട ഒരാളെ വേറൊരാൾ അനുഗമിക്കുകയാണെങ്കിൽ, അയാൾ തന്റെ സ്നേഹിതൻ അകത്ത് പ്രവേശിച്ചുകൊള്ളുന്നതിൽ ആതിഥേയന്റെ മനസ്സമ്മതം തേടേണ്ടതാണ്. അസമയത്ത് അതിഥികൾ കയറിച്ചെല്ലരുത്. സൽക്കാരത്തിനുള്ള ക്ഷണമായിരിക്കുമ്പോൾ ശുചിത്വത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ആഹാരം കഴിക്കുന്നതിനുമുമ്പായി കയ്യും മുഖവും വൃത്തിയായി കഴുകേണ്ടതാണ്. ആഹാരം പെരുങ്കൊതിയോടെ വാരിത്തിന്നരുത്. അവനവന്റെ മുമ്പിൽ നിന്നു മാത്രമേ ഭക്ഷിക്കാവൂ. ആഹാരത്തിന്റെ ഗുണഗണങ്ങളെക്കുറിച്ചു സദസ്സിൽ വച്ചു നിരൂപണം ചെയ്യരുത്. ആഹരിച്ചുകഴിഞ്ഞാൽ എല്ലാവരും കയ്യും മുഖവും ശുചിയാക്കുകയും, ആതിഥേയനും അയാളുടെ ബന്ധുക്കൾക്കു വേണ്ടി അയാൾ ചെയ്ത സൽപ്രവൃത്തിയ്ക്കുള്ള നന്ദിപ്രകടനമെന്നോണം അവരെ അനുഗ്രഹിക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും വേണ്ടതാണ്. ആഹാരം കഴിച്ചശേഷം ആതിഥേയൻ ആവശ്യപ്പെടുന്നെങ്കിലല്ലാതെ അതിഥികൾ അവിടെ തങ്ങി നിൽക്കുന്നത് നിഷിദ്ധമാണ്.

സംഘടനകളെക്കുറിച്ച് ഇസ്‌ലാം പഠിപ്പിക്കുന്നത്, മൂന്നുതരം സംഘടനകളാണ് ഫലപ്രദവും ഗുണകരവും ആയിരിക്കുന്നതെന്നാണ്. ഒന്ന്, പാവപ്പെട്ടവരുടെയും ദരിദ്രജനങ്ങളുടെയും ക്ഷേമ സംരക്ഷണത്തെ മുൻനിർത്തിയുള്ളത് (മൻ അമറ ബി സദഖത്തിൻ). രണ്ട്, ശാസ്ത്രീയവും, വിദ്യാഭ്യാസപരവും വിജ്ഞാനപരവുമായ കണ്ടുപിടിത്തങ്ങളെയും ഗവേഷണങ്ങളെയും പരത്തുന്നതിനുള്ളത് (മൻ അമറ ബി മഅ്റൂഫിൻ) മൂന്ന്, ഗാർഹികമോ, സാമൂഹ്യമോ, ദേശീയമോ രാഷ്ട്രീയമോ അന്താരാഷ്ട്രീയമോ ആയ പ്രശ്നങ്ങൾ പരിഹരിക്കാനുദ്ദേശിച്ചത്" (മൻ അമറ ബി ഇസ് ലാഹിൻ ബൈനന്നാസ്), ദേശീയമോ സാമുദായികമോ രാഷ്ട്രീയമോ ആയ പ്രശ്നങ്ങൾ കയ്യാളുന്നതിനുവേണ്ടിയുള്ള സംഘടനകളും സമാജങ്ങളും പാർട്ടികളും ഇതിൽപ്പെടുന്നു. ജനങ്ങളിൽ സമാധാനവും ക്ഷേമവും ഐക്യവും വളർത്തുന്നതിനുതകുന്നവയാണിവ.

ജനങ്ങൾ കൂട്ടമായി സമ്മേളിക്കുന്ന സ്ഥലങ്ങളിൽ ശുചിത്വത്തിനും ജനങ്ങളുടെ ഭിന്നരുചികൾക്കും പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. മറ്റുള്ളവർക്ക് മനംമടുപ്പുണ്ടാക്കുന്നതും ഉപദ്രവകരമായിരിക്കുന്നതുമായ വസ്തുക്കൾ – ഉള്ളി, വെള്ളുള്ളി, പുകയില, മുതലായവ – ഉപയോഗിച്ചശേഷം അത്തരം സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിനുമുമ്പായി കുളിച്ചു ദേഹശുദ്ധി വരുത്തുകയും ശുദ്ധ വസ്ത്രങ്ങളണിയുകയും കഴിയുമെങ്കിൽ സുഗന്ധങ്ങൾ പുരട്ടുകയും വേണം. ഇപ്രകാരം അന്തരീക്ഷം പ്രസന്നമനോഹരവും പരിമളപൂരിതവും ആക്കുവാൻ ശ്രമിക്കേണ്ടതാണ്.

ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ അടുത്തുള്ളവർക്ക് അറപ്പുളവാക്കുന്ന വിധത്തിൽ തൊട്ടുതൊട്ടിരിക്കാൻ പാടില്ല. പകർച്ചവ്യാധികൾ പിടിപെട്ട ആളുകൾ അത്തരം പൊതുസമ്മേളനങ്ങളിൽ നിന്നു വിട്ടകന്നിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം രോഗം മറ്റുള്ളവർക്കും പകരാനിടയാകും. ഇസ്‌ലാം ഈ വിഷയത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഖലീഫ ഉമർ(റ) ഒരിക്കൽ കുഷ്ഠരോഗിയായ ഒരാളെ 'തവാഫ്' ചെയ്യാൻ കഅബയിൽ ചെല്ലുന്നതിനെ വിലക്കുകയും അധികസമയവും വീട്ടിനകത്തു കഴിച്ചുകൂട്ടുവാനും പൊതുജനങ്ങൾ കൂടുന്ന ദിക്കിൽ പോകാതിരിക്കാനും ഉപദേശിക്കുകയുമുണ്ടായി.

ഒരാൾ പ്രസംഗിക്കാൻ എഴുന്നേറ്റു നിന്നാൽ സദസ്സ് അയാളുടെ നേരെ ദൃഷ്ടികൾ തിരിച്ചു അയാൾ പറയുന്നതു ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. പ്രസംഗം വിഘ്നപ്പെടുത്തുന്നതോ, പ്രസംഗകനെ അലോസരപ്പെടുത്തുന്നതോ ആയ ഒന്നും സദസ്യർ പറയുകയോ ചെയ്യുകയോ അരുത്. അയാളുടെ അഭിപ്രായങ്ങളോടും, ആശയങ്ങളോടും സാമാജികർ പൂർണമായും വിയോജിക്കുന്നുവെന്നാലും പ്രസംഗകൻ വളരെ സ്ഫുടതയോടും, ശാന്തഗംഭീരമായും അന്തസ്സോടുകൂടിയും സംസാരിക്കേണ്ടതും ശ്രോതാക്കൾക്ക് അതഭിഗ്രാഹ്യമായിരിക്കേണ്ടതുമാണ്.

ഓരോ പ്രസംഗകനും അയാളുടെ അവസരം കാത്തിരിക്കണം. ഒരേ അവസരത്തിൽ ഒന്നിലധികംപേർ സംസാരിക്കാൻ തുനിയരുത്. ഓരോ പ്രസംഗകനും അദ്ധ്യക്ഷനെ സംബോധന ചെയ്യേണ്ടതാണ്.

താമസിച്ചെത്തുന്നവർക്ക് സ്ഥലം അനുവദിക്കേണ്ടതും അദ്ധ്യക്ഷന്റെ അനുവാദമില്ലാതെ ആരും പുറത്തു പോകാൻ പാടില്ലാത്തതുമാണ്. താല്ക്കാലികമായി മാത്രം ഒരാൾ പുറത്തേയ്ക്ക് പോവുകയാണെങ്കിൽ ആ സ്ഥലം വേരൊരാൾ കയ്യേറരുത്. രണ്ടുപേർ അടുത്തിരിക്കാൻ ഇഷ്ടപ്പെട്ടിരിക്കെ അവർക്കിടയിൽ ഒഴിവിടം ഉണ്ടെന്നുവന്നാലും മറ്റൊരാൾ അവർ ക്കിടയിൽ കടന്നിരിക്കരുത്. മൂന്നാൾ കൂടിയാൽ മൂന്നാമനിൽ സംശയം ജനിപ്പിക്കുമാറ് രണ്ടുപേർമാത്രം സ്വകാര്യം പറയാൻ പാടുള്ളതല്ല.

വാഗ്ദത്ത മസീഹ്(അ) നമുക്ക് പഠിപ്പിച്ചു തന്നിട്ടുള്ളതും ഇസ്‌ലാംമത സിദ്ധാന്തങ്ങളിൽ നിന്ന് ഞങ്ങൾ കടഞ്ഞെടുത്തിട്ടുള്ളതുമായ ഇസ്‌ലാമിക

*(ശേഷം 33-ാം പേജിൽ)*

## ലേഖനം

# വിവാഹിതനായ യേശു

എ. ആർ. മലബാരി

**ബൈബിൾ വിവരിക്കുന്ന വെള്ളം വീഞ്ഞാക്കിയ കാനായിലെ കല്യാണം യേശുവിന്റെ ആദ്യ വിവാഹമായിരുന്നു. മഗ്ദലന മറിയമും മാർത്തയും യേശുവിന്റെ ഭാര്യമാരാകാനാണ് സാധ്യത.**

ജൂദാ ദേശത്തിന്റെ വിജനതയിൽ നിന്നും തിരിച്ചെത്തി ഏറെ നാൾ കഴിയും മുമ്പേ യേശു നസറേത്തിൽ നിന്നും ഏതാനും മൈലുകൾ വടക്ക് സ്ഥിതിചെയ്യുന്ന കാനാഗ്രാമം സന്ദർശിച്ചു. യേശുവിന്റെ മാതാവ് ഈ ഗ്രാമക്കാരിയായിരുന്നു. തന്റെ ഭർത്താവിന്റെ മരണാനന്തരം ഏതാനും വർഷങ്ങൾക്ക് ശേഷം യേശു തന്റെ പണിപ്പുര അടച്ച് ദൈവശുശ്രൂഷക്കുള്ള ആഹ്വാനം സ്വീകരിച്ചതിന് ശേഷം അവർ വീണ്ടും തന്റെ ഗ്രാമത്തിലേക്ക് മടങ്ങി അവിടെ സ്ഥിര താമസമാക്കിയിരുന്നു. വെന്താത്ത് ഏണസ്റ്റ് റെനാന്റെ ലിഖിതങ്ങളിൽ നിന്നും മനസ്സിലാവുന്നത് മേരിയിൽ ആറിലധികം സന്താനങ്ങൾ ജനിക്കത്തക്ക കാലയളവ് ഭർത്താവായ ജോസഫ് അവരുടെ കൂടെ ജീവിച്ചിരുന്നുവെങ്കിലും സുവിശേഷ ലേഖകൻ ജോസഫിനെ കുറിച്ചും മേരിയെ കുറിച്ചും ഒന്നും തന്നെ പറയുന്നില്ല. മേരിയുമായുള്ള ജോസഫിന്റെ വിവാഹത്തെക്കുറിച്ചും യേശുവിന്റെ ജനനാനന്തരമുള്ള കുടുംബത്തിന്റെ ഈജിപ്ത് പ്രയാണത്തെ കുറിച്ചും പിന്നീട് പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം പെസഹ ആഘോഷങ്ങൾക്കായുള്ള ജറുസലേം യാത്രയെ കുറിച്ചുമുള്ള സംക്ഷിപ്ത പരാമർശങ്ങൾക്ക് ശേഷം ജോസഫിനെ കുറിച്ചുള്ള വൃത്താന്തങ്ങൾ സുവിശേഷങ്ങളിൽ നിന്നും അപ്രത്യക്ഷമാവുന്നത് കാണാം. യേശു ജലം വീഞ്ഞാക്കി മാറ്റി ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചത് കാനായിൽ വെച്ചായിരുന്നു. കാനാദേശം യേശുവിന് ദാനിയേൽ എന്ന ഒരു ശിഷ്യനെയും സമ്മാനിച്ചിരുന്നു.

### കാനായിലെ അതിഥി സൽക്കാരം

ക്ഷണിക്കപ്പെട്ടതനുസരിച്ച് വിവാഹചടങ്ങിൽ പങ്കുകൊള്ളുക എന്ന ഉദ്ദേശ്യത്തോടു കൂടിയായിരുന്നു യേശുവും ശിഷ്യരും കാനായിലേക്ക് പോയത്. വിവാഹഗൃഹത്തിൽ എത്തിയപ്പോൾ യേശു തന്റെ മാതാവിനെ ആ ഗൃഹത്തിൽ കണ്ടു. അതിഥികളെ പരിചരിക്കുന്നതിലും അവരുടെ ക്ഷേമകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിലും അതിഥികൾക്ക് ഭക്ഷണം വിളമ്പുന്നതിലും അവർ വളരെ സജീവമായിരുന്നു. ഒരതിഥി എന്നതിനേക്കാളേറെ തന്റെ സ്വന്തം ഗൃഹത്തിൽ നടക്കുന്ന ചടങ്ങ് എന്ന നിലയിൽ അവർ അതിൽ താല്പര്യം കാണിക്കുന്നതായി കണ്ടു. അതിഥിസൽക്കാരത്തിൽ അവർ കാണിക്കുന്ന അമിത താൽപര്യവും, മേരിക്ക് അവിവാഹിതരായ ആൺമക്കളായിരുന്നു എന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ വിവാഹവരൻ മേരിയുടെ മൂത്തമകനായ യേശുവല്ലാതെ മറ്റാരുമായിരുന്നില്ല എന്ന നിഗമനത്തിലാണ് സ്വാഭാവികമായും നിരൂപകന്മാർ എത്തിച്ചേരുന്നത്. പിതാവിന്റെ അഭാവത്തിൽ മക്കളെ വിവാഹം ചെയ്ത് കൊടുക്കേണ്ട ഉത്തരവാദിത്വം മാതാവിന്റേതായിരുന്നു. അതിനാൽ മേരി ഇത്രയധികം താല്പര്യം കാണിച്ചിരുന്ന കാനായിലെ വിവാഹചടങ്ങ് യഥാർത്ഥത്തിൽ യേശുവിന്റേതായിരുന്നു എന്ന നിഗമനം ഒട്ടും ആക്ഷേപാർഹമല്ല തന്നെ.

യേശുവിന്റെ ദൈവികതയിൽ ഉറച്ച് വിശ്വസിക്കുന്നവർ യേശു വിവാഹിതനായിരുന്നു എന്ന വസ്തുത നീരസത്തോടെ പുച്ഛിച്ച് തള്ളിക്കളയുന്നവരാണ്. ഒരാൾ വിവാഹിതനായിരുന്നു എന്നതിലാകട്ടെ ഒട്ടും അയുക്തികതയും അധാർമ്മികതയും ഇല്ലതാനും. യേശു മനുഷ്യപുത്രനാണ് എന്നത്

മോശെയുടെ നിയമങ്ങൾ നിവർത്തിപ്പാനുമായിട്ടാണല്ലോ യേശു ദാവീദിന്റെ സന്താനപരമ്പരയിൽ ജന്മമെടുത്തത്. ഇവരിൽ യേശുവിന്റെ രാജകീയ പൂർവ്വികനായ ദാവീദിന് അദ്ദേഹം ഹെബ്രോണിൽ ചിലവഴിച്ച ഏഴര വർഷത്തിനു അരഡസനോളം സ്ത്രീകളും അത്ര തന്നെ സന്താനങ്ങളും ഉണ്ടായിരുന്നതായി ബൈബിൾ മനസ്സിലാക്കിത്തരുന്നു. ഇവരിൽ തന്റെ മകനായ ഇത്ത്റീമിന്റെ അമ്മയായ എഗ്ല മാത്രമെ ദാവീദിന്റെ ഭാര്യാ പദം അലങ്കരിച്ചിരുന്നതായി പറയുന്നുള്ളു. അദ്ദേഹം മുപ്പത്തിമൂന്ന് വർഷം ഭരിച്ച ജറുസലേമിലും ധാരാളം ഭാര്യമാരും വെപ്പാട്ടികളും ഉണ്ടായിരുന്നതായിട്ടാണ് ബൈബിൾ പറയുന്നത്. ക്രിസ്ത്യൻ ബൈബിളും ക്രിസ്ത്യാനികളും ദാവീദിനെ മഹാനായി പരിഗണിക്കുകയും യേശു ആയിരം വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ വംശപരമ്പരയിൽ ജനിച്ച ദിവ്യാത്മാവാണെന്ന് അഭിമാനിച്ച് ഊറ്റം കൊള്ളുകയും ചെയ്യുന്നവരാണ്. മാത്രമല്ല ക്രിസ്തുമത ശാസ്ത്ര ആചാര്യന്മാർ യേശുവിന്റെ അമ്മയായ മേരിയേയും ദാവീദിന്റെ വംശപരമ്പരയുമായി ബന്ധിപ്പിക്കുന്നുണ്ട്. തന്റെ പിതാമഹനും രാജാധിപനുമായിരുന്ന ദാവീദിന് സ്ത്രീകളോട് ഇത്രയും പ്രതിപത്തി ഉണ്ടായിരുന്ന സ്ഥിതിക്ക് ഈ ലോകവിശ്രുതനായ പുത്രൻ മാത്രം ഒരു സ്ത്രീവിദ്വേഷിയായിത്തീർന്നതെങ്ങനെ? ഈ സ്ത്രീവിദ്വേഷം യേശുവിന് എന്ത് ബഹുമതിയാണ് നേടിക്കൊടുത്തത് എന്ന് തെല്ലു നേരം ആരും ചിന്തിച്ചു പോവും. ഖുർആൻ വരച്ച് കാട്ടുന്ന ദാവൂദ് നബിയുടെ ചിത്രം ഒന്ന് വേറെ തന്നെയാണ്. അദ്ദേഹം ഒരു തികഞ്ഞ പുണ്യവാളനും അല്ലാഹുവിന്റെ പ്രവാചകനുമായിരുന്നുവെന്നാണ് ഖുർആൻ മനസ്സിലാക്കിത്തരുന്നത്. യഥാർത്ഥത്തിൽ ദാവീദ് യേശുവിന്റെ പിതാമഹനായിരുന്നുവെങ്കിൽ തീർച്ചയായും അത് ഖുർആൻ വിവരിക്കുന്ന ദാവീദായിരുന്നു. അല്ലാതെ ബൈബിൾ ചിത്രീകരിക്കുന്ന ദാവീദ് ആയിരുന്നില്ലെന്നത് തീർച്ചയാണ്.

യുണ്ട്. യേശു ആരോഗ്യവാനും ഊർജ്ജസ്വലനും ചെറുപ്പക്കാരനുമായിരുന്നു. വിവാഹം ഒരു പവിത്രമായ വ്യവസ്ഥിതിയാണെന്നും മനുഷ്യന്റെ ധാർമ്മികവും സാമുദായികവുമായ ഉന്നമനത്തിന് വിവാഹം ബ്രഹ്മചര്യത്തേക്കാൾ പ്രയോജനപ്രദമായ പ്രകൃതി മാറ്റമാണെന്നും ഉറച്ച് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിലെ ധാതുപുഷ്ടിയുള്ള പുരുഷനായിരുന്നു യേശു. ധാർമ്മികവും സാമുദായികവുമായ ഔന്നത്യലബ്ധി പ്രദാനം ചെയ്യുന്ന അനുഗ്രഹപൂർണ്ണമായ ആ ഉദാത്തമായ അനുഭൂതി പരിത്യജിച്ചുകൊണ്ട് ഉത്തമഭർത്താവ്, പിതാവ് എന്ന നിലയിൽ ശിഷ്യഗണത്തിന് ഒരു പ്രായോഗിക മാതൃകയായിത്തീരാൻ ശ്രമിക്കുന്നതിന് പകരം ജീവിതാന്ത്യം വരെ യേശു അവിവാഹിതനായി ജീവിച്ചു എന്നതിനോട് ഒരിക്കലും യോജിക്കാനാവുന്നില്ല. ഒരു സ്ത്രീ വിദ്വേഷിയായിത്തീരത്തക്കവിധം ലൈംഗിക വൈകല്യം ബാധിച്ച വ്യക്തിയായിരുന്നില്ല നസറേത്തിലെ യേശു. യേശുവിന്റെ കായികശേഷിയെക്കുറിച്ച് ലോകപ്രശസ്തനായ സുവിശേഷ പ്രബോധകൻ ബില്ലിഗ്രഹാം പറയുന്നു.

ലോകം കണ്ടതിൽ വെച്ച് ഏറ്റവും കുറ്റമറ്റ ശരീരഘടന യേശുവിന്റേതായിരുന്നു. ഇന്നത്തെപ്പോലെ കായിക മത്സരങ്ങൾ അന്നുണ്ടായിരുന്നുവെങ്കിൽ എക്കാലത്തേയും ശ്രേഷ്ഠനായ കായികതാരം യേശു ആകുമായിരുന്നു.

മറ്റൊരു പ്രധാന കാര്യം കൂടി ഇവിടെ സ്മരണീയമാണ്. യേശുവിന് മുമ്പ് മൺമറഞ്ഞ് പോയ എല്ലാ പ്രവാചകന്മാരും വിവാഹിതരായിരുന്നു. അവരിൽ ഭൂരിഭാഗവും ബഹുഭാര്യത്വം സ്വീകരിച്ചവരായിരുന്നു. യേശു തന്റെ ദൗത്യത്തിലും സ്വഭാവത്തിലും വളരെയേറെ കടപ്പെട്ടിരിക്കുന്ന മൂന്ന് സുപ്രധാന പ്രവാചകന്മാരായ യാക്കോബ്, മോസസ്, ദാവീദ് എന്നിവരും ഇതിൽ ഉൾപ്പെടുന്നു. യാക്കോബിന്റെ ഗൃഹത്തിൽ അധികാരം നടത്തുന്നതിനും

പോലെ തന്നെ ദൈവപുത്രനുമാണ് എന്നാണ് ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസം. മാനുഷികവും ദൈവികവുമായ പുത്രസ്ഥാനം അവിഭാജ്യമായും അഗോചരമായും യേശുവിൽ ലയിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന വിശ്വാസക്കാരാണവർ. പുത്രരൂപമായ ഈ രണ്ട് പദവികളും അലങ്കരിക്കുന്ന യേശുവിന്റെ യഥാർത്ഥ മാതാവ് തച്ചന്റെ ഭാര്യയായ മേരി തന്നെയാണ്. ദൈവപുത്രനായ യേശുവിന് മനുഷ്യപുത്രനായ യേശുവിൽ നിന്നും വ്യത്യസ്ഥമായ ഒരു മാതാവുണ്ടായിരുന്നില്ല. ദൈവശാസ്ത്രങ്ങളിൽ നിന്നും വ്യതിരിക്തമല്ലാത്ത ഒരു സാധാരണ മനുഷ്യസ്ത്രീക്ക് ദൈവപുത്രനെ ഗർഭം ധരിച്ച് പ്രസവിക്കാമെങ്കിൽ ആ പുത്രന് ഒരു ഭാര്യയുടെ ആവശ്യം എന്തുകൊണ്ട് ഉണ്ടായിക്കൂടാ. അദ്ദേഹത്തിന് എന്തുകൊണ്ട് വിവാഹിതനായിക്കൂടാ എന്ന ചോദ്യം സ്വാഭാവികമായും ഇവിടെ ഉടലെടുക്കുന്നു. ദൈവം ഒരു മനുഷ്യസ്ത്രീയുടെ ഗർഭാശയത്തിലൂടെ, ആ ഗർഭാശയം എത്ര തന്നെ പരിശുദ്ധവും അനർഘവുമായിരുന്നാലും ഭൂമിയിൽ ജന്മം കൊള്ളുവാൻ ദാക്ഷിണ്യപൂർവ്വം തിരഞ്ഞെടുത്തു എന്ന വിശ്വാസം പ്രായപൂർത്തിയെത്തിയപ്പോൾ ആ മകൻ ഒരു ജീവിതസഖിയെ കണ്ടെത്തി സ്വീകരിച്ചു എന്ന വസ്തുതയേക്കാൾ ഹീനമായ ദൈവനിന്ദയല്ലെ? പലപ്പോഴും വൈകാരികത പ്രത്യേകിച്ച് മതപരമായ വൈകാരികത ഒരിക്കലും യുക്ത്യാധിഷ്ഠിതമായിരിക്കണമെന്നില്ല.

യേശു വിവാഹിതനായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളൊന്നുമില്ല. അതുപോലെ തന്നെ യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച പല വസ്തുതകൾക്കും യാതൊരുവിധ തെളിവുകളും ഇല്ലാത്തതാണ് യഥാർത്ഥ യേശുവിന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സാദ്ധ്യതകളും സംഭാവ്യതകൾക്കും മാത്രമാണ് നമ്മെ നയിക്കുന്ന ചൂണ്ട് പലകകൾ. അദ്ദേഹം വിവാഹിതനായിരുന്നു എന്ന് വിശ്വസിക്കുവാൻ കൂടുതൽ വഴി നൽകുന്ന വസ്തുതകൾ വളരെയേറെ

## മഗ്ദലന മറിയമിന്റെ സാമാന്യാതീതമായ അഭിനിവേശം:

യേശു വിവാഹിതനായിരുന്നുവെന്നത് ഒരു കല്പിതകഥയല്ല. അദ്ദേഹം വിവാഹിതനായിരുന്നുവെന്നതിലേക്ക് ചരിത്രപരവും വേദഗ്രന്ഥപരവുമായ ധാരാളം തെളിവുകൾ ഉണ്ട്. ഫിലിപ്പിന്റെ സന്ദിഗ്ധപ്രമാണത്തിൽ മഗ്ദലനമറിയമിന്ന് യേശുവിന്റെ ഭാര്യാപദവി നൽകപ്പെട്ടിട്ടുണ്ട്. മറ്റ് ചിലരാവട്ടെ മഗ്ദലനക്കാരി മറിയമിനെ കൂടാതെ ബേഥാന്യായിലെ മാർത്തക്കും യേശുവിന്റെ ഭാര്യാപദവി നൽകുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും മഗ്ദലനമറിയമിനെ യേശുവിന്റെ പത്നിയായിരുന്നുവെന്ന് അനിഷേധ്യമായി തെളിയിക്കാവുന്നതാണ്. (യോഹന്നാൻ 20:1–15).

മഗ്ദലനക്കാരി മറിയമിന്റെ അസാധാരണ സ്നേഹവായ്പുകൾക്ക് യേശു നൽകുന്ന പരിഗണനകളിൽ നിന്നും അവരുടെ പരസ്പര വിനിമയങ്ങളിൽ നിന്നും അവർ തമ്മിലുണ്ടായിരുന്ന സവിശേഷവും അഗാധവുമായ ബന്ധത്തിന്റെ സ്വഭാവത്തെ കുറിച്ച് മനസ്സിലാക്കാവുന്നതാണ്. കല്ലറയിൽ നിന്ന് ഉയർത്തെഴുന്നേറ്റ യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയമിന്റെ മുന്നിലായിരുന്നു. അമ്മയുടെയോ സഹോദരന്മാരുടേയോ ശിഷ്യന്മാരുടേയോ മുന്നിലായിരുന്നില്ല. യേശു കുരിശിൽ വെച്ച് മരണമടഞ്ഞുവെന്നാണ് ക്രിസ്തീയർ വിശ്വസിക്കുന്നത്. ക്രിസ്തുമതം നിലകൊള്ളുന്നതും ആ വിശ്വാസത്തിലാണ്. മരണാനന്തരം സ്വർഗ്ഗം വിട്ടിറങ്ങിയ യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയമിന്റെ മുന്നിലായിരുന്നുവെന്നത് തന്നെ അവർ തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം ഗ്രഹിക്കുവാൻ പര്യാപ്തമാണ്. വിവാഹബന്ധം അനുശാസിക്കുന്ന ധാർമ്മികവും സാമൂഹികവുമായ കടപ്പാടുകളെക്കുറിച്ച് യേശു പരിപൂർണ്ണമായും ബോധവാനായിരുന്നു. ഏത് കാര്യത്തിനും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന പരശെന്മാരുടെ ചോദ്യത്തിന് യേശു നൽ കുന്ന മറുപടിയിൽ നിന്ന് വിവാഹജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്താഗതിയെ കുറിച്ച് വ്യക്തമായും മനസ്സിലാക്കാവുന്നതാണ്. (മത്തായി 19:36)

ബഥന്യായിലെ മാർത്തയെ യേശു പരിണയിച്ചിരുന്നുവെന്നതിന്, മേരി മഗ്ദലനയുടെ കാര്യത്തിലെന്ന പോലെയുള്ള പ്രബലമായ തെളിവുകൾ ബൈബിളിൽ ലഭ്യമല്ല. എങ്കിലും യേശുവും മാർത്തയും തമ്മിൽ ഗുരുശിഷ്യബന്ധത്തേക്കാൾ ഗാഢമായ ഒരു ബന്ധം ഉണ്ടായിരുന്നുവെന്നതിന് സുവിശേഷങ്ങളിൽ ധാരാളം സൂചനകളുണ്ട്. ആ സൂചനകളിൽ നിന്നും അവരുടെ ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുവാൻ വിമർശനബുദ്ധിയുടെ ആവശ്യമില്ല. മാർത്തയും സഹോദരി മേരിയും സഹോദരൻ ലാസറും അടങ്ങിയ മാർത്തയുടെ കുടുംബത്തോട് യേശു ഗാഢ സൗഹൃദം പുലർത്തിയിരുന്നു. യേശുവിന് അവർ വളരെ വേണ്ടപ്പെട്ടവരായിരുന്നുവെന്നും, അവരെ അഗാധമായി ഇഷ്ടപ്പെട്ടിരുന്നുവെന്നും സുവിശേഷം തന്നെ എടുത്ത് പറയുന്നുണ്ട് (ലൂക്കോസ് 10:30, 40) ജറുസലേമിന്റെ പ്രാന്തപ്രദേശങ്ങളിലായിരുന്നപ്പോഴൊക്കെ യേശു അവരുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്. മാർത്ത യേശുവെ ഗൃഹത്തിലേക്ക് സ്വാഗതം ചെയ്യുകയും അദ്ദേഹത്തിന്റെ വ്യക്തിപരമായ സുഖസൗകര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു. യേശു വരുന്നു എന്ന് കേട്ടിട്ട് മാർത്ത മറിയയെ വീട്ടിലിരുത്തി അവനെ എതിരേൽപ്പാൻ എത്തുന്നതും കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്ന് അളവറ്റ വ്യക്തിബന്ധത്തോടെ പറഞ്ഞതായും കാണുന്നു. (യോഹന്നാൻ 11:20, 21).

### യേശു ഒരു സാധാരണ മനുഷ്യൻ

യേശുവിന്റെ വൈവാഹിക ജീവിതത്തെക്കുറിച്ചുള്ള ഉപദേശങ്ങളെക്കാളേറേ ക്രിസ്ത്യാനികളെ സ്വാധീനിച്ചിരിക്കുന്നത് പൗലോസിന്റെ വിവാഹവിരുദ്ധസിദ്ധാന്തങ്ങളാണ്. യേശുവിന്റെ ദിവ്യത്വത്തിന് അനുയോജ്യമായ ഒരു പത്നിയെ കണ്ടെത്തുന്നതിൽ ചർച്ച് പരാജയപ്പെടുകയായിരുന്നു. വിവാഹം ചെയ്യണമെന്ന് ആഗ്രഹിച്ചാൽ പോലും ദൈവപുത്രൻ ആരെയാണ് പരിഗണിക്കുക? വിവാഹം എന്ന ആശയം പോലും ക്രിസ്തീയരെ സംബന്ധിച്ചിടത്തോളം അസ്വീകാര്യവും യേശുവിന്റെ ദൈവികസ്ഥാനത്തിന് നിരക്കാത്തതുമാണ്. അതേസമയം ദൈവപുത്രനായിരുന്നുവെങ്കിലും യേശു ഒരു പരിപൂർണ്ണ മനുഷ്യനും ഭൗതികവും ജൈവശാസ്ത്രപരവുമായ സകലനിയമങ്ങൾക്കും വിധേയനും നമ്മെപ്പോലെയുള്ള ഒരു സാധാരണ മനുഷ്യനും ആയിരുന്നുവെന്ന് അവർ ഏറ്റുപറയുകയും ചെയ്യുന്നു. ഭക്ഷണം, ജലപാനം, ഉറക്കം, മലമൂത്രവിസർജ്ജനം എന്നിവ മറ്റെല്ലാ മനുഷ്യരേയും പോലെതന്നെ യേശുവിനും അനിവാര്യമായിരുന്നു. നമ്മുടെ ഭൗതികാവശ്യങ്ങൾക്ക് മരണം വിരാമമിടുന്നു. എന്നാൽ യേശുവെ സംബന്ധിച്ച് അങ്ങനെയായിരുന്നില്ല. മരണാനന്തരം മൂന്ന് ദിവസങ്ങൾക്ക് ശേഷം കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഉടനെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് കൂടി ശിഷ്യന്മാരോട് ഭക്ഷിപ്പാൻ വല്ലതുമുണ്ടോ എന്നന്വേഷിക്കുകയും അവർ നൽകിയ മീനും തേനും അവരുടെ മുന്നിൽ വെച്ച് ആർത്തിയോടെ ഭക്ഷിക്കുകയും ചെയ്തു. അതിനു ശേഷം മാത്രമേ അദ്ദേഹം ആകാശപാളികളിൽ പൊങ്ങിമറഞ്ഞുള്ളൂ. യേശുവിന്റെ ഭൗമികജീവിതകാലമത്രയും മരണാനന്തരം ഉയിർത്തെഴുന്നേറ്റതിന് ശേഷമുള്ള ദിവസങ്ങളടക്കം അവിതർക്കിതമാം വിധം മനുഷ്യസഹജവും പ്രകൃത്യാനുസാധാരണവുമായിരുന്നെങ്കിൽ, ജീവിതത്തിലെ മറ്റെല്ലാ ആവശ്യങ്ങളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ലൈംഗികേച്ഛയിൽ നിന്നും യേശു വിമുക്തനായിരുന്നുവെന്ന് പറയുന്നത് തികച്ചും ബുദ്ധിഹീനമാണ്. സ്ത്രീകളുമായി ഇടപഴകുകയും അവരുടെ സാന്നിദ്ധ്യവും പരി

സികത കാരണമായി ക്രിസ്ത്യാനികൾക്ക് യേശു വിവാഹിതനായിരുന്നുവെന്ന് സങ്കൽപ്പിക്കുവാൻ പോലും കഴിയാതെ വന്നു. താൻ വിവാഹിതനാവാൻ ആഗ്രഹിക്കുന്നില്ലെന്ന് ഒരിക്കൽപ്പോലും യേശു സൂചിപ്പിച്ചിട്ടില്ല. ക്രിസ്ത്യാനികളുടെ പ്രചാരണത്തിന്റെ സ്വാധീനം കാരണം യേശു ജീവിതകാലം മുഴുവനും അവിവാഹിതനായിരുന്നുവെന്ന് മുസ്ലിംകൾ പോലും ഇന്നും വിശ്വസിക്കുന്നു. ഈസ(അ) വിവാഹിതനായിരുന്നുവെന്ന് ഖുർആൻ എവിടെയും പ്രസ്താവിക്കുന്നില്ല. ഹസ്റത്ത് ഈസ(അ)യുടെ വ്യക്തി ജീവിതത്തെക്കുറിച്ച് ഖുർആൻ അധികമൊന്നും സൂചിപ്പിക്കുന്നില്ല. എല്ലാ പ്രവാചകന്മാരും വിവാഹിതരായിരുന്നുവെന്നും അവർക്ക് സന്താനങ്ങളുണ്ടായിരുന്നുവെന്നും ഖുർആൻ പൊതുവെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈ ഖുർആനിക പ്രസ്താവനയിൽ നിന്നും ഹസ്റത്ത് ഈസ(അ) വിവാഹിതനായിരുന്നുവെന്നും അദ്ദേഹത്തിന് സന്താനങ്ങളുണ്ടായിരുന്നുവെന്നും നമുക്ക് ന്യായമായും അനുമാനിക്കാവുന്നതാണ്. അങ്ങനെ വിശ്വസിക്കുന്നതിൽ അക്ഷന്ത്യവും അസംഭവ്യവുമായ യാതൊന്നും തന്നെ ഇല്ലതാനും. അദ്ദേഹത്തിന്റെ ലൗകിക ജീവിതത്തിന് പുതിയ മാനങ്ങൾ ഉണ്ടാവുന്നത് യേശുവിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥക്ക് മാറ്റ് കൂട്ടുക മാത്രമേ ചെയ്യുകയുള്ളു. അവരെ സംബന്ധിച്ചിടത്തോളം ദൈവപുത്രൻ ഒരു ഭാര്യയെ സ്വീകരിച്ച് പ്രജനനം നടത്തുന്നതിനേക്കാൾ ഘോരാപരാധം മറ്റൊന്നുമില്ല തന്നെ. വിരോധാഭാസമെന്നു പറയട്ടെ, അതേ സമയം ദൈവത്തിന് ഒരു സാധാരണ സ്ത്രീയിൽ ഒരു പുത്രൻ ജനിച്ചു എന്നതിൽ അവർക്ക് സ്വല്പം പോലും മനപ്രയാസവും സന്ദേഹവും ഇല്ലതാനും.

*(എ. ആർ. മലബാരി രചിച്ച A Man called Jesus എന്ന പുസ്തകത്തിൽ നിന്നുള്ള സ്വതന്ത്രവിവർത്തനം വിവ: ഈസക്കോയ)*

■

ളോളം പഴക്കമുണ്ട്. ചില പ്രത്യേക ക്രിസ്തുമത വിഭാഗങ്ങൾ യേശുവിന്റെ ആധികാരികതയുണ്ടെന്നു അവകാശപ്പെട്ടുകൊണ്ട് ബഹുഭാര്യത്വം ആചരിക്കുകയും ചെയ്തിരുന്നു. 1830-ൽ അമേരിക്കയിൽ സ്ഥാപിതമായ മോർമൺ ക്രിസ്തീയവിഭാഗക്കാർ ഈ വകുപ്പിൽപ്പെട്ട ആധുനിക വിഭാഗക്കാരാണ്. യേശുവിന്റെ മാതൃക പിൻപ്പറ്റിക്കൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യം വരെ അവർ ബഹുഭാര്യത്വം സ്വീകരിച്ചിരുന്നു. മോർമൺ വിഭാഗക്കാർ വളരെ മതനിഷ്ഠയുള്ളവരും ക്രൈസ്തവവേദപുസ്തകങ്ങളുടെ അനുശാസനകളും ആചാരങ്ങളും അക്ഷരാർത്ഥത്തിൽ അനുവർത്തിക്കേണ്ടതാണെന്ന് വാദിച്ച ക്രൈസ്തവനവോത്ഥാന വിഭാഗത്തിൽ (പൂരിറ്റൻ വിഭാഗത്തിൽ) പെട്ടവരുമായിരുന്നു. പക്ഷേ അമേരിക്കയിലെ പൗലോസിന്റെ അനുയായികൾ 1862-ൽ അമേരിക്കൻ കോൺഗ്രസ്സിൽ നിയമനിർമ്മാണം നടത്തിക്കൊണ്ട് അവരുടെ വിശ്വാസങ്ങളെ ശിക്ഷാർഹമാക്കുകയാണുണ്ടായത്.

മറ്റുള്ളവർക്ക് തികച്ചും പ്രകൃത്യാനുസരണവും നിയമാനുസാരവുമായ പല കാര്യങ്ങളും, മനുഷ്യരാശിയിലെ നല്ലൊരു ഭാഗം ഏറ്റവും നല്ലതെന്ന് പരിഗണിക്കുകയും ചെയ്യുന്ന പലതും എന്തുകൊണ്ട് യേശുവിന് മാത്രം ബാധകമല്ലാതായി എന്നതിന് ഒരു പ്രത്യേക കാരണമുണ്ട്. ജനനം മുതൽ തന്നെ യേശുവെ തന്റെ നൈസർഗ്ഗിക പരിതസ്ഥിതിയിൽ നിന്നും ബലമായി പിടിച്ചുമാറ്റി തികച്ചും മനുഷ്യഗുണമില്ലാത്ത ഒരു ചുറ്റുപാടിൽ പ്രതിഷ്ഠിക്കപ്പെടുകയാണുണ്ടായത്. നൂറ്റാണ്ടുകളോളം അദ്ദേഹത്തിന് ചുറ്റും പടുത്തുയർത്തിയ അസത്യത്തിന്റെയും കല്പിതകഥകളുടെയും ദുർഘടപാതകളിൽ കിടന്ന് നട്ടം തിരിയത്തക്കവിധം, യേശുവിന്റെ യഥാർത്ഥ ജീവിതത്തിന്റെ ക ണിക പോലും അവശേഷിപ്പിക്കാതെ നിഷ്കരുണം മാറ്റിമറിക്കപ്പെട്ടിരിക്കുന്നു.

യേശുവിന്റെ ലൗകിക ജീവിതത്തെക്കുറിച്ച് കെട്ടിച്ചമച്ച ഐതിഹാചരണവും ഇഷ്ടപ്പെടുകയും ചെയ്തിരുന്ന യേശു ക്രിസ്തീയരുടെ ഈ വാദത്തിന് ഒരു തികഞ്ഞ അപവാദമാണ്.

യേശുവെക്കുറിച്ചുള്ള ക്രിസ്തീയ വിശ്വാസങ്ങൾ (കൊരിന്ത്യർ 7:1-4) പൗലോസിന്റെ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാണ്; പ്രത്യേകിച്ച് ക്രിസ്തുവിന്റെ വിവാഹജീവിതത്തെക്കുറിച്ചുള്ള വിശ്വാസം. പൗലോസ് ഒരു സ്ത്രീ വിദ്വേഷിയായിരുന്നു. വൈവാഹികജീവിതത്തിലെ തിക്താനുഭവങ്ങളാണോ, അതല്ല ലൈംഗികപരമായ വൈകല്യങ്ങളാണോ, ഏതാണ് ഈ വിരോധത്തിന് പിന്നിൽ പ്രവർത്തിച്ചതെന്ന് നമുക്കറിയില്ല. കാരണമെന്തായാലും തന്റെ ജനം വിവാഹിതരാവരുതെന്ന് പോൾ അതിയായി ആഗ്രഹിച്ചിരുന്നുവെന്ന് ഉറപ്പാണ്. ധാർമ്മികജീവിതത്തിന്റെ പാരമ്യലബ്ധിക്ക് ബ്രഹ്മചര്യം അനിവാര്യമാണെന്നു വിശ്വസിക്കുന്നവർക്ക് യഥാർത്ഥത്തിൽ ധാർമ്മിക ജീവിതം എന്താണെന്നും ഒരു ബ്രഹ്മചാര്യയുടെ ജീവി തം എത്രത്തോളം അപൂർണ്ണവും അപ്രാകൃതികവും, കർത്തവ്യനിഷ്ടയില്ലാത്തതുമാണെന്നും മനസ്സിലാക്കാൻ പറ്റുകയില്ല.

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ചതിനുശേഷം, പെറ്റ് പെരുകി ഭൂമിയിൽ നിറയുവാനായിരുന്നു ദൈവം ആദ്യമായി മനുഷ്യനോട് കല്പിച്ചത് എന്നാണ് ബൈബിളിൽ നിന്നും മനസ്സിലാവുന്നത്. (ഉൽപ്പത്തി) ബ്രഹ്മചര്യം സ്വീകരിച്ച് കൊണ്ട് ഈ ദൈവകല്പനകളെ ക്രിസ്ത്യാനികൾ മറികടക്കുകയാണ്. ക്രിസ്തു വിവാഹിതനായിരുന്നില്ല എന്നതുകൊണ്ട് മാത്രം അതിന്റെ പ്രസക്തി കുറയുകയുമില്ല. പഴയ നിയമത്തിലെ മോശയുടെ നിയമങ്ങൾ ബഹുഭാര്യത്വം നിർബന്ധമാക്കുന്ന സന്ദർഭങ്ങളുമുണ്ട്. വിധവയായ സഹോദരപത്നിയെ വിവാഹം ചെയ്യുവാൻ വരെ അത് അനുശാസിക്കുന്നുണ്ട്. (ആവർത്തന പുസ്തകം 25=5-6).

യേശു വിവാഹിതനായിരുന്നുവെന്നതും, രണ്ട് ഭാര്യമാർ ഉണ്ടായിരുന്നുവെന്നതും ഒരു പുതിയ ആവിഷ്കാരമല്ല. ഈ വിശ്വാസത്തിന് നൂറ്റാണ്ടുക

ലേഖനം

ജൂതജനതയുടെ ചരിത്രം - 6

# തിയോഡർ ഹെർട്സും ജൂതരാഷ്ട്രവും

എ.എം. മുഹമ്മദ് സലീം

**ആധുനിക സിയോണിസത്തിന്റെ പിതാവായ തിയോഡർ ഹെർട്സ് (1860-1904) ആണ് ഭാവനാലോകത്തായിരുന്ന യഹൂദരാഷ്ട്രത്തെ യാഥാർത്ഥ്യമാക്കാനുള്ള വഴികൾ തുറന്നത്.**

പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ പശ്ചിമയൂറോപ്പിലെ യഹൂദന്മാരുടെ ജീവിതം ഏറെക്കുറെ സുരക്ഷിതമായിരുന്നു. ജനാധിപത്യത്തിന്റെയും സെക്കുലറിസത്തിന്റെയും ഈടുവെപ്പിൽ ആന്റിസെമിറ്റിസം അഥവാ യഹൂദവിദ്വേഷം പശ്ചിമയൂറോപ്പിൽ കടന്നുവരില്ല എന്ന് അവർ സമാശ്വസിച്ചു. ഈ കാലഘട്ടങ്ങളിലെല്ലാം കിഴക്കൻ യൂറോപ്പിലും റഷ്യയിലും ആന്റിസെമിറ്റിസത്തിന്റെ തിരയിളക്കങ്ങൾ അനുഭവപ്പെടുകയുണ്ടായി. പശ്ചിമയൂറോപ്പിനെ അപേക്ഷിച്ച് താരതമ്യേന പിന്നോക്കവും മതയാഥാസ്ഥിതികത്വം വച്ചുപുലർത്തുന്നവരുമായ കിഴക്കൻ യൂറോപ്പിൻ യഹൂദവിദ്വേഷത്തിന് അപ്പോഴും ശമനം വന്നിരുന്നില്ല. 1880കളിൽ കിഴക്കൻ യൂറോപ്പിലും റഷ്യയിലുമുണ്ടായ ആന്റിസെമിറ്റിക്ക് പ്രോഗ്രോമുകളുടെ (യഹൂദവേട്ട) ഫലമായി പശ്ചിമയൂറോപ്പിലേക്ക് യഹൂദരുടെ പ്രവാഹമുണ്ടായി. ഭാഷ, സംസ്കാരം, ജീവിതരീതി, വസ്ത്രധാരണം എന്നിവയിലെല്ലാം വ്യത്യസ്തത പുലർത്തിയിരുന്ന കിഴക്കൻ യൂറോപ്പിലെ യഹൂദികൾ പശ്ചിമയൂറോപ്പിലെ തെരുവുകളിൽ അഭയാർത്ഥികളായി അലയുന്നത് ആ രാജ്യങ്ങളുമായി അലിഞ്ഞുചേർന്ന സമ്പന്നരായ യഹൂദികളുടെ സ്വാസ്ഥ്യം കെടുത്തി. ഈ പുതിയ യഹൂദസാന്നിദ്ധ്യം മൂലം യൂറോപ്പിൽ ആന്റിസെമിറ്റിസം വീണ്ടും പൊട്ടിപ്പുറപ്പെടുമെന്ന് അവർ ഭയപ്പെട്ടു. കിഴക്കൻ യൂറോപ്പിൽ നിന്നുള്ള ഈ യഹൂദ പ്രവാഹത്തിന്റെ ഗതി തിരിച്ചുവിടാൻ ഒരു യഹൂദ കുടിയേറ്റ കേന്ദ്രം ആരംഭിക്കുക എന്നതായിരുന്നു പശ്ചിമയൂറോപ്പിലെ സമ്പന്നരായ യഹൂദികളുടെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതി. പശ്ചിമയൂറോപ്പിലെ യഹൂദികളുടെ സുരക്ഷിതത്വത്തിനും സ്വാസ്ഥ്യത്തിനും വേണ്ടിയായിരുന്നു വാസ്തവത്തിൽ 'ജൂതജന്മഗേഹം' എന്ന ആശയം ഉരുത്തിരിഞ്ഞു വന്നത്. അല്ലാതെ സിയോണിസത്തിന്റെ ആദർശമോ ലക്ഷ്യമോ ഒരു കുടിയേറ്റ കേന്ദ്രം സ്ഥാപിക്കുന്നതിന്റെ ചാലകശക്തിയായിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് - കുപ്രസിദ്ധമായ ഡ്രൈഫസ് കേസ് ഫ്രാൻസിൽ അരങ്ങേറിയത്. വിശ്വപ്രമാദമായ ഈ കേസിന്റെ വിചാരണക്ക് സാക്ഷ്യം വഹിച്ച തിയോഡർ ഹെർട്സ് എന്ന പത്രപ്രവർത്തകനാണ് യഥാർത്ഥ രാഷ്ട്രീയ സിയോണിസത്തിന് ബീജാവാപം നിർവ്വഹിച്ചത്. സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ എക്കാലത്തേയും ഏറ്റവും വലിയ സംഘാടകനും സ്ഥാപകനുമായിരുന്നു ഹെർട്സ്.

## ഫ്രാൻസിലെ ഡ്രൈഫസ് കേസും തിയോഡർ ഹെർട്സും

യൂറോപ്പിലെ ഏറ്റവും പരിഷ്കൃതവും ജനാധിപത്യപ്രബുദ്ധവും മതേതരവുമാണ് ഫ്രഞ്ച് ഭരണകൂടം എന്നായിരുന്നു കരുതപ്പെട്ടിരുന്നത്. പക്ഷേ ഫ്രാൻസ് യഹൂദവിദ്വേഷത്തിൽ നിന്നും യഹൂദികളോടുള്ള മുൻവിധിയിൽ നിന്നും മുക്തമായിട്ടില്ല എന്നു തെളിയിക്കുന്നതായിരുന്നു 1894-ൽ അരങ്ങേറിയ ഡ്രൈഫസ് കേസ്. യൂറോപ്പിനെ ഇളക്കിമറിച്ച ഈ കോടതിവിചാരണവേളയിൽ ഫ്രാൻസിലുടനീളം ആഞ്ഞടിച്ച യഹൂദവിദ്വേഷത്തിന് തിയോഡർ ഹെർട്സ് എന്ന യുവാവായ യഹൂദപത്രപ്രവർത്തകൻ സാക്ഷ്യം വഹിക്കുകയുണ്ടായി.

നാടകീയമായ ഡ്രൈഫസ് കേസിന്റെ ചുരുക്കം ഇപ്രകാരമാണ്: ഫ്രാൻസിലെ പട്ടാളത്തിൽ ജോലി നോക്കിയിരുന്ന ഒരു ഓഫീസറായിരു

ന്നു യഹൂദനായ ആൽഫ്രഡ് ഡ്രൈഫസ്. തന്റെ രാജ്യമായ ഫ്രാൻസിനെതിരെ ചാരവൃത്തി നടത്തി സൈനിക രഹസ്യങ്ങൾ ജർമ്മൻ ഭരണകൂടത്തിനു ചോർത്തിക്കൊടുത്തു എന്നതായിരുന്നു ഡ്രൈഫ്രസിനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം. ഈ ആരോപണം തികച്ചും വ്യാജമായിരുന്നു. പക്ഷേ ഈ ആരോപണം ഉന്നയിക്കപ്പെട്ട നിമിഷം തന്നെ ഫ്രാൻസിലെ പട്ടാളാധികൃതർ അത് സ്വീകരിക്കുകയും ഒരു അന്വേഷണ പ്രഹസനത്തിലൂടെ കുറ്റം സ്ഥാപിക്കുകയുമാണുണ്ടായത്. ഇതിന് കാരണം ഡ്രൈഫസ് ഒരു യഹൂദനായിരുന്നു എന്നതായിരുന്നു. യേശുവിന്റെ ഒറ്റുകാരനായ ജൂദാസിന്റെ ചിത്രം മനസ്സിൽ സൂക്ഷിക്കുന്ന ക്രിസ്തീയ പശ്ചാത്തലത്തിൽ ജൂതനായ ഡ്രൈഫസിനെതിരെയുള്ള ഈ ആരോപണം ഫ്രാൻസിൽ വ്യാപകമായ തോതിൽ സ്വീകരിക്കപ്പെടുകയായിരുന്നു.

1894-ൽ തങ്ങളുടെ രാജ്യത്തു നിന്നും രഹസ്യങ്ങൾ ചോരുന്നത് അന്വേഷിച്ച ഫ്രഞ്ച് രഹസ്യപ്പോലീസിന് ജർമ്മൻ എംബസ്സിയിൽ നിന്ന് ആരോ ഒരാൾ എഴുതിയ രഹസ്യരേഖകൾ സംഘടിപ്പിക്കാൻ സാധിച്ചു. അത് പട്ടാള ഓഫീസറായ ആൽഫ്രഡ് ഡ്രൈഫസിന്റേത് ആയിരുന്നു എന്നായിരുന്നു ആരോപണം. പക്ഷേ കൈയക്ഷര വിദഗ്ധന് അത് ഡ്രൈഫസിന്റേതാണെന്ന് വ്യക്തമായി പറയാൻ സാധിച്ചില്ല. ഡ്രൈഫസിന്റെ വക്കീലിന് ആ രേഖകൾ പരിശോധിക്കാൻ പട്ടാളക്കോടതി അനുമതി നൽകിയതുമില്ല. രഹസ്യമായി നടത്തിയ വിചാരണയിലുടനീളം യഹൂദനായ പ്രതിക്ക് നീതി നിഷേധിക്കപ്പെട്ടു. അവസാനം ഡ്രൈഫസിനെ ജീവപര്യന്തം തടവിന് ശിക്ഷിച്ച് ഫ്രാൻസിൽ നിന്നും നാടുകടത്തി. അദ്ദേഹത്തിന്നെതിരെ വ്യാജ തെളിവുകൾ ചമക്കാനും കുറ്റക്കാരനായി പ്രഖ്യാപിക്കാനും സൈനിക നേതൃത്വം ഒന്നടങ്കം നിഗൂഢമായ നീക്കങ്ങൾ നടത്തുകയായിരുന്നു. ഡ്രൈഫസിനെ നാടുകടത്തിയതിന് ശേഷവും പട്ടാളരഹസ്യങ്ങളുടെ ചോർച്ച തുടർന്നും നടക്കുന്നതായി നിഷ്പക്ഷമതിയായ പുതിയ രഹസ്യ പോലീസ് മേധാവി കേണൽ ജോർജ് പിക്കാർഡ് കണ്ടെത്തി. മാത്രമല്ല പട്ടാളക്കോടതിയിൽ ഹാജരാക്കപ്പെട്ട ഡ്രൈഫസിനെതിരായ കൈയ്യെഴുത്തു രേഖകൾ ഫെർഡിനാൻഡ് ഏസ്റ്റർഹേസി എന്ന മറ്റൊരു ഫ്രഞ്ചുകാരനായ പട്ടാള ഓഫീസറുടേതാണെന്ന് അദ്ദേഹം കണ്ടുപിടിക്കുകയും ചെയ്തു. മാത്രമല്ല ഡ്രൈഫസ് കേസും വീണ്ടും പുനർവിചാരണ ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷേ സൈനികനേതൃത്വം ഇടപ്പെട്ട് ജോർജ് പിക്കാർട്ടിനെ ടുണീസിലേക്ക് സ്ഥലം മാറ്റപ്പെടുകയുണ്ടായി. പകരം വന്ന രഹസ്യ പോലീസ് മേധാവി മേജർ ഹ്യൂബർട്ട് ഹെൻട്രി ഡ്രൈഫസിനെതിരായ തെളിവുകൾ ഒന്നുകൂടി പ്രബലമാക്കാൻ വേണ്ടി രേഖകൾ വീണ്ടും തിരുത്തി. ഈ തിരുത്തപ്പെട്ട രേഖകളുടെ സഹായത്താൽ ജോർജ് പിക്കാർട്ട് കുറ്റക്കാരനാണെന്ന് കണ്ട എസ്റ്റർഹേസി രക്ഷപ്പെടുകയും ഡ്രൈഫസ് തന്നെയാണ് യഥാർത്ഥ ചാരൻ എന്ന വിധിക്ക് പ്രാബല്യം വരുകയുമുണ്ടായി. പക്ഷേ സമർത്ഥനായ ജോർജ് പിക്കാർട്ട് താൻ സ്ഥലംമാറ്റപ്പെടുന്നതിന് മുമ്പായി കൈയ്യെഴുത്ത് രേഖകളുടെ ഫോട്ടോ എടുത്തിട്ടുണ്ടായിരുന്നു. തിരുത്തപ്പെട്ട രേഖകളുമായി ജനങ്ങൾക്ക് അത് താരതമ്യം ചെയ്യാൻ സാധിച്ചു. അത് പിന്നീട് പൊതുപ്രസിദ്ധീകരണത്തിനും നൽകി. ഈ അവസരത്തിൽ പ്രശസ്ത ഫ്രഞ്ച് നോവലിസ്റ്റ് എമിലിസോള രംഗത്ത് വരികയും ഡ്രൈഫസ് കേസിലെ നീതിനിഷേധങ്ങളെ തുറന്നു കാട്ടുകയും ചെയ്തു. പട്ടാളം വ്യാജത്തെളിവുകൾ നൽകി മനഃപൂർവ്വം ഡ്രൈഫസിനെ കുറ്റവാളിയാക്കുകയാണെന്ന് ആരോപിച്ചുകൊണ്ട് 1898-ൽ I Acyes (ഞാൻ കുറ്റപ്പെടുത്തുന്നു) എന്ന പേരിൽ ഫ്രഞ്ച് പ്രസിഡണ്ടിന് ഒരു തുറന്ന കത്തെഴുതി 5 ലക്ഷം പ്രതികളുള്ള പത്രത്തിൽ പ്രസിദ്ധീകരിച്ചു. എമിലി സോളയുടെ ഈ ആരോപണം നേരിടാനും പട്ടാളം തയ്യാറായി. ഭയപ്പെട്ട അദ്ദേഹം ബ്രിട്ടനിലേക്ക് പലായനം ചെയ്തു. ഈ സന്ദർഭത്തിൽ രേഖ തിരുത്തിയ പട്ടാള മേധാവി മേജർ ഹ്യൂബർട്ട ഹെൻട്രി ആത്മഹത്യ ചെയ്യുകയും കുറ്റവിമുക്തനാക്കപ്പെട്ട ഏസ്റ്റർ ഹേസി കുറ്റം ഏറ്റു പറയുകയും ചെയ്തു. ഇത്രയൊക്കെ തെളിവുകളുണ്ടായിട്ടും ഡ്രൈഫസിനെ കുറ്റവിമുക്തനാക്കിയില്ല. ഇതോടെ ഡ്രൈഫസ് കേസ് യൂറോപ്പിൽ ഒരു വിവാദകൊടുങ്കാറ്റായി. ഈ സന്ദർഭത്തിൽ ഇറ്റാലിയൻ സർക്കാർ ഡ്രൈഫസ് കേസിലെ രേഖകൾ വ്യാജരേഖകളാണെന്നതിന് തെളിവുകളുമായി വന്നു. 1899-ൽ വീണ്ടും സൈനിക വിചാരണ നടന്നു ഈ സംഭവങ്ങളെല്ലാം ഫ്രഞ്ച് നിയമവ്യവസ്ഥയുടെ നീതിരാഹിത്യം തുറന്നുകാട്ടി. അവസാനം 1902-ൽ വമ്പിച്ച സമ്മർദ്ദങ്ങളുടെ ഫലമായി ഡ്രൈഫസിനെതിരെയുള്ള വിധി സൈനിക കോടതി ദുർബലപ്പെടുത്തി.

ലോകശ്രദ്ധ പിടിച്ചുപറ്റിയ പ്രമാദവും, വിവാദാത്മകവുമായ ഡ്രൈഫസ് കേസ് വിയന്നയിലെ Neue Freie Prese എന്ന പത്രത്തിൽ റിപ്പോർട്ട് ചെയ്യാൻ വേണ്ടി പാരീസിലെത്തിയ ഒരു യഹൂദ പത്രപ്രവർത്തകനായിരുന്നു. തിയോഡർ ഹെർട്സ്. അദ്ദേഹം ഒരു 'അസിമിലേറ്റഡ് ജൂ' ആയിരുന്നു. അതായത് മതകാര്യങ്ങളിൽ താല്പര്യമില്ലാത്ത ക്രിസ്തുമതത്തോട് സൗഹാർദ്ദം ആഗ്രഹിക്കുകയും ദേശീയ മുഖ്യധാരയിൽ സ്വാംശീകരിക്കപ്പെട്ടതുമായ സെക്കുലർ വീക്ഷണമുള്ള ആസ്ട്രിയൻ ജൂതനായിരുന്നു അദ്ദേഹം. ക്രിസ്തുമതവുമായി രമ്യതപ്പെട്ടുകൊണ്ട് യഹൂദപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് ഉറച്ചുവിശ്വസിച്ചയാളായിരുന്നു ഹെർട്സ്. 1895-ൽ തന്റെ ഡയറിയിൽ അദ്ദേഹം ഇപ്രകാരം എഴുതി.

"രണ്ട് വർഷം മുമ്പ് കത്തോലിക്കാസഭയുടെ സഹായത്തോടെ ആസ്ട്രിയയിലെങ്കിലും യഹൂദപ്രശ്നം പരിഹരിക്കാനാവുമെന്ന് ഞാനാഗ്രഹിച്ചു. പോപ്പുമായി ഒരു കൂടിക്കാഴ്ച

നടത്തി ആന്റിസെമിറ്റിസത്തിനെതിരെ ഞങ്ങളെ സഹായിക്കാൻ അഭ്യർത്ഥിക്കണമെന്ന് ഞാനാഗ്രഹിച്ചു. ക്രിസ്തുമതത്തിലേക്ക് സ്വയേഛയാൽ ബഹുമാനപൂരസ്സരം യഹൂദികളെ പരിവർത്തിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിന് ഞാൻ രൂപം കൊടുക്കുന്നതാണ്. പകൽവെട്ടത്തിൽ പന്ത്രണ്ട് മണിക്ക് ഞായറാഴ്ച സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഹാളിൽ പള്ളിമണികളുടെ നാഥധാരയിലായിരിക്കും മതപരിവർത്തന സത്യപ്രതിജ്ഞ നടക്കുക' (Marvin Lowventhal, The Diaries of Theodor Herzl (Newyork) P. 32).

പക്ഷേ ഡ്രൈഫസ് കേസ് വിചാരണവേളയിൽ കണ്ട കടുത്ത യഹൂദ മതവിദ്വേഷവും തെരുവുകളിൽ Death to Jews (യഹൂദികൾക്ക് മരണം) എന്ന് ആർത്തട്ടഹസിച്ച് അപസ്മാരബാധിതരെപ്പോലെ നീങ്ങിയ യൂറോപ്പിലെ ഏറ്റവും പ്രബുദ്ധരായ ഫ്രഞ്ചുജനതയുടെ ചിത്രവും ഹെർട്സലിന്റെ മനസ്സിനെ ആകപ്പാടെ ഉലച്ചുകളഞ്ഞു. വേട്ടയാടപ്പെടുന്ന ഒരു വംശത്തിന്റെ പ്രതിനിധിയാണ് താനും എന്ന ബോധം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഹെർടസ് ആകപ്പാടെ മാറുകയായിരുന്നു. അദ്ദേഹം ഡയറിയിലെഴുതി:

'ജൂതന്മാർക്ക് വേണ്ടി എന്തെങ്കിലുമൊന്ന് ചെയ്യണമെന്ന ചിന്ത എന്നെ പിടികൂടി. രണ്ടായിരം കൊല്ലത്തെ നമ്മുടെ ചിതറിത്തെറിക്കൽ നമുക്ക് ഏകീകൃതമായ ഒരു രാഷ്ട്രീയ നേതൃത്വത്തെ ഇല്ലാതാക്കി. ഇത് നമ്മുടെ ഏറ്റവും വലിയ നിർഭാഗ്യമായി ഞാൻ കാണുന്നു.' (The Diaries of Theodor Herzl)

## ഹെർട്സും ജൂതരാഷ്ട്രവും

അസാമാന്യമായ നിശ്ചയദാർഢ്യവും സംഘടനാപാടവവും ബുദ്ധിശക്തിയും പ്രകടിപ്പിച്ച വ്യക്തിയായിരുന്നു തിയോഡർ ഹെർട്സ്. 'സിയോണിസം' എന്ന ആധുനിക സംജ്ഞ അദ്ദേഹമാണ് നൽകിയത്. ഹംങ്കറിയിലെ ബുഡാപെസ്റ്റിൻ പുരോഗമനവാദികളും സമ്പന്നരുമായിരുന്ന യഹൂദദമ്പതികളുടെ മകനായി 1860ലാണ് തിയോഡർ ഹെർട്സ് ജനിച്ചത്. ജൂതമതവിശ്വാസത്തിൽ വളർത്തപ്പെട്ടയാളായിരുന്നില്ല അദ്ദേഹം. മതകീയ സിയോണിസത്തെപറ്റിയോ യഹൂദ മതപാരമ്പര്യങ്ങളെക്കുറിച്ചോ അദ്ദേഹത്തിന് ഒന്നുമറിയില്ലായിരുന്നു. Lovers of Zion, Auto Emancipation എന്നീ യഹൂദ വിമോചനത്തെപ്പറ്റി എഴുതപ്പെട്ട കൃതികൾ അദ്ദേഹം വായിച്ചിരുന്നില്ല. ഡ്രൈഫസ് കേസ് റിപ്പോർട്ട് ചെയ്യാൻ പ്യാരീസിലെത്തിയപ്പോൾ യഹൂദവിരോധത്തിന്റെ ഭീബത്സമായ മുഖം ദർശിച്ച ഹെർട്സ് നിശ്ചയദാർഢ്യമുള്ള ഒരു യഹൂദ തീവ്രവാദിയായി മാറുകയായിരുന്നു. പിന്നീട് അദ്ദേഹം വെറുതെയിരുന്നില്ല. യഹൂദമതത്തെ പറ്റി അഗാധപാണ്ഡിത്യമുള്ള പണ്ഡിതന്മാരുമായി ആശയവിനിമയം നടത്തി ജൂതമത്തിന്റെ മതപരവും സാമൂഹികവുമായ പ്രത്യേകതകളെപറ്റി സൂക്ഷ്മമായി പഠിച്ചു. ജൂത പ്രശ്നത്തിന് പരിഹാരം അവർക്കൊരു ജന്മഗേഹമാണെന്ന ഉറച്ച നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. സങ്കീർണമായ ആധുനിക ലോകരാഷ്ട്രീയത്തിൽ യഹൂദപ്രശ്നത്തിന് പരിഹാരം ഒരു ജന്മഗേഹമാണ് എന്നതിനെക്കുറിച്ചും ഈ ആശയം എങ്ങിനെ സാക്ഷാൽക്കരിക്കണം എന്നതിനെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്ന 'Der Judenstaat' (Jeweish State - യഹൂദ രാഷ്ട്രം) എന്ന ഒരു കൊച്ചുപുസ്തകം അദ്ദേഹം പ്രസിദ്ധീകരിച്ചു. 30,000 വാക്കുകളടങ്ങിയ ഒരു ലഘുലേഖയായിരുന്നു ആ പുസ്തകം തികഞ്ഞ ഒരു പ്രായോഗികവാദിയുടെ പദ്ധതികളായിരുന്നു അതിൽ ആവിഷ്കരിച്ചത്. ജൂതന്മാരുടെ സുരക്ഷിത ജീവിതത്തിന് ഫലസ്തീനിൽ ഒരു ജന്മഗേഹം എന്നതായിരുന്നു അദ്ദേഹം ആവിഷ്കരിച്ച പദ്ധതി. പക്ഷെ മതപരമായ ആഭിമുഖ്യമില്ലാതിരുന്ന ഹെർട്സിന് ഫലസ്തീൻ തന്നെ ജന്മഗേഹമായി കിട്ടണമെന്ന കടുംപിടുത്തമൊന്നുമുണ്ടായിരുന്നില്ല. 'യഹൂദരാഷ്ട്രം' എന്ന ഈ പുസ്തകത്തിൽ ഹെർട്സ് എഴുതി:

"ഈ ലഘുലേഖയിൽ ഞാൻ വികസിപ്പിച്ചെടുത്ത ആശയം വളരെ പുരാതനമായ ഒന്നാണ് അതായത് ഒരു ജൂതരാഷ്ട്രത്തിന്റെ സംസ്ഥാപനം"

ഹെർട്ട് ഒരു സ്വപ്നജീവിയായിരുന്നില്ല. പ്രായോഗികതയിൽ മാത്രമാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. യഹൂദരാഷ്ട്രം എന്ന തന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ തന്റെ ലഘുലേഖയിൽ ഹെർട്സ് രണ്ട് പ്ലാനുകളാണ് സമർപ്പിച്ചിട്ടുള്ളത്. അദ്ദേഹം അതിനെപറ്റി പറയുന്നത്: 'എന്റെ പദ്ധതി വളരെ ലളിതമാണ്. പക്ഷെ അത് നടപ്പാക്കൽ വളരെ സങ്കീർണ്ണവുമാണ്'. അതായത് യഹൂദരുടെ ദേശീയ പ്രശ്നങ്ങൾക്കായി 'സൊസൈറ്റി ഓഫ് ജൂസ്' എന്ന പേരിൽ ഒരു സംഘടനയും ജൂതന്മാരുടെ കുടിയേറ്റവും പുനരധിവാസവും കൈകാര്യം ചെയ്യാൻ 'ജൂയിഷ് കമ്പനി' എന്ന ഒരു സാങ്കേതിക സമിതിയേയുമാണ് അദ്ദേഹം രൂപകല്പന ചെയ്തത്. മതപരവും രാഷ്ട്രീയമായും മറ്റുള്ളവരിൽ പ്രകോപനമുണ്ടാക്കുന്ന പദങ്ങൾ അദ്ദേഹം വളരെ സമർത്ഥമായി ഒഴിവാക്കുകയായിരുന്നു. ആദ്യമായി ഒരു ഭൂമി വാങ്ങി അതിൽ യഹൂദികളെ കുടിയിരുത്തി ഭൂമിക്കുമേൽ ഒരു രാഷ്ട്രത്തിന്റേതായ പരമാധികാരം നേടിയെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. ഈ പദ്ധതിയുടെ ഉത്തരവാദിത്വം 'ജൂയിഷ് കമ്പനി' എന്ന സമിതിയായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. ഈ കമ്പനിക്ക് വമ്പിച്ച മൂലധനം സമാഹരിക്കാനും ഇതിൽ വ്യവസ്ഥ ചെയ്തിരുന്നു. യഹൂദരാഷ്ട്രം എന്ന പുസ്തകത്തിൽ ഈ കമ്പനിയെ പറ്റിയായിരുന്നു ഏറെയും വിശദീകരിച്ചത്. ജൂയിഷ് സൊസൈറ്റി രഹസ്യമെമ്പർഷിപ്പില്ലാത്ത ഒരു തുറന്ന സംഘടനയായിട്ടാണ് അദ്ദേഹം വിഭാവന ചെയ്തത്. ആ സംഘടന വിവിധ ഗവൺമെന്റുകളുമായി ജൂതപ്രശ്നം ചർച്ച ചെയ്യാൻ നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കണമെന്നും അദ്ദേഹം തന്റെ പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് – ഭൂമിയില്ലാതെ തന്നെ ഒരു രാഷ്ട്രത്തിന്റെ രൂപഭാവങ്ങളിൽ ജൂത സൊ

സൈറ്റി പ്രവർത്തിക്കണമെന്നായിരുന്നു ഹെർട്സിന്റെ പ്ലാൻ.

അദ്ദേഹത്തിന്റെ പദ്ധതി പ്രാവർത്തികമാക്കാൻ ഫലസ്തീനിൽ ഭൂമി വാങ്ങാനായി തുർക്കി സുൽത്താനായിരുന്ന അബ്ദുൾ ഹമീദ് ഖാനെ സമീപിച്ചു. സാമ്പത്തിക ഞെരുക്കത്തിൽ വലയുകയായിരുന്ന തുർക്കിയുടെ എല്ലാ സാമ്പത്തികപ്രശ്നങ്ങളും ഞങ്ങൾ പരിഹരിക്കാമെന്നും പകരം ഫലസ്തീനിൽ ഭൂമി വാങ്ങാൻ ഞങ്ങളെ അനുവദിക്കണമെന്നും ഹെർട് സുൽത്താനോട് അഭ്യർത്ഥിച്ചെങ്കിലും തുർക്കിസുൽത്താൻ ആ അഭ്യർത്ഥന നിരസിക്കുകയാണുണ്ടായത്. തദ്ദേശീയരായ ജനതക്ക് യാതൊരെതിർപ്പുമില്ലാതെ സമർത്ഥമായി പണം കൊടുത്ത് ഭൂമി വാങ്ങി അവിടെ രാഷ്ട്രം സ്ഥാപിക്കുമെന്നായിരുന്നു സിയോണിസ്റ്റുകളുടെ പരിപാടി. തൽക്കാലം ആ പദ്ധതി തടയപ്പെട്ടു ഫലസ്തീനിനെ ജന്മഗേഹമാക്കണം എന്ന അഭിപ്രായത്തോടു ഹെർടിസിനം കടുത്ത പ്രതിപത്തിയുണ്ടായിരുന്നില്ല. കാരണം ഫലസ്തീനിനോട് മതപരമായ ഒരാഭിമുഖ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഫലസ്തീനിലെ കുടിയേറ്റമുണ്ടായാൽ ഭാവിയിൽ ഉണ്ടാവുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അദ്ദേഹം ബോധവാനായിരുന്നു. ഹെർട്സിന്റെ യഹൂദരാഷ്ട്രത്തെ സംബന്ധിച്ച ആശയങ്ങളുടെ പ്രചരണാർത്ഥം അദ്ദേഹം നേരിട്ട് ലോകവ്യാപകമായ പര്യടനങ്ങൾ നടത്തുകയും മറ്റിടങ്ങളിലേക്ക് പ്രതിനിധികളെ അയക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരളത്തിലെ കൊച്ചിയിലെ യഹൂദികൾക്കിടയിലും സിയോണിസ്റ്റു പ്രചാരകർ വരികയുണ്ടായി അത് സംബന്ധിച്ച് പിന്നീട് പ്രതിപാദിക്കാം.

## ബാസലിലെ സിയോണിസ്റ്റ് കോൺഗ്രസ്

തന്റെ ആശയങ്ങൾ സമഗ്രമായി ചർച്ച ചെയ്യാൻ തിയോഡർ ഹെർട്സ് ആദ്യമായി 1897 ആഗസ്റ്റ് 29ന് സ്വിറ്റ്സർലണ്ടിലെ ബാസിലിൽ ഒരു ലോകസിയോണിസ്റ്റ് സമ്മേളനം വിളിച്ചുചേർത്തു. സിയോണിസ്റ്റ് പതാക ഉയർത്തിയായിരുന്നു സമ്മേളനം ആരംഭിച്ചത്. ബാസിലിലെ ഈ യോഗത്തിൻ ഹെർട്സ് പ്രഖ്യാപിച്ചു: 'നാം ഇവിടെ ജൂതവംശത്തിനു വേണ്ടിയുള്ള രക്ഷാഗേഹത്തിന് തറക്കല്ലിടുന്നു.' ആന്റി സെമിറ്റിസം നമുക്ക് വീണ്ടും കരുത്ത് പകർന്നിരിക്കുന്നു. സിയോണിസം യഹുദന്മാർക്ക് ജുദായിസത്തിലേക്കുള്ള മടക്കമാണ്. അവരുടെ ജന്മഗേഹത്തിലേക്കുള്ള മടക്കത്തിനു മുമ്പുള്ള മടക്കം' (Howard M. Sachar, A History of Israel from the rise of Zionism to our times - P 45 - 'Emergence of Zionism' എന്ന പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചത്). മൂന്ന് ദിവസം നീണ്ടുനിന്ന ബാസൽ സമ്മേളനത്തിൽ വെച്ച് ലക്ഷ്യം നടപ്പാക്കാൻ വിവിധങ്ങളായ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സിയോണിസ്റ്റുകൾക്കും രൂപം നൽകി.

ബാസലിലെ സിയോണിസ്റ്റ് കോൺഗ്രസ്സിനെ കുറിച്ച് പിന്നീട് ഹെർട്ട്സ് പറഞ്ഞത്. 'In Basle I created Jewish state' ബാസലിൽ വെച്ച് ഞാൻ ജൂതരാഷ്ട്രം സ്ഥാപിച്ചു കഴിഞ്ഞു'വെന്നാണ്. ബാസലിലെ സിയോണിസ്റ്റ് സമ്മേളനത്തിൽ ഒരു രാജകുമാരനെപ്പോലെയാണ് ഹെർട്സ് പ്രകീർത്തിക്കപ്പെട്ടത്. തിയോഡർ ഹെർട്സിന്റെ ജന്മഗേഹസിദ്ധാന്തം പാശ്ചാത്യ സാമ്രാജ്യത്തിനു കൂടി സ്വീകാര്യമായ രീതിയിലായിരുന്നു അദ്ദേഹം സംവിധാനം ചെയ്തത്. അങ്ങിനെ സാമ്രാജ്യത്വ താൽപര്യങ്ങളും സിയോണിസ്റ്റു താല്പര്യങ്ങളും ഒന്നിക്കുന്ന രീതിയിൽ ജൂതരാഷ്ട്രം വിഭാവനം ചെയ്യാനും പ്രവർത്തനപദ്ധതികൾ തയ്യാറാക്കാനും ഹെർട്സിനു കഴിഞ്ഞു.

ഫലസ്തീനിൽ ജൂത കുടിയേറ്റവും രക്ഷാഗേഹവും ഉണ്ടാവുന്നതിനോട് ആദ്യകാലത്ത് ബ്രിട്ടൻ യോജിച്ചില്ലായിരുന്നു. അന്ന് ആ പ്രദേശം തുർക്കിയുടെ അധീനതയിലുമായിരുന്നു. ബ്രിട്ടൺ ഫലസ്തീനു പകരം ഉഗാണ്ട തിരഞ്ഞെടുക്കാനാണ് സിയോണിസ്റ്റുകളോട് നിർദ്ദേശിച്ചത്. 1903-ൽ ചേർന്ന സിയോണിസ്റ്റ് കോൺഫറൻസിൽ ഹെർട്സ് ഫലസ്തീനുപകരം ഉഗാണ്ട മതി എന്ന ബ്രിട്ടീഷ് നിർദ്ദേശം മുന്നോട്ടുവെച്ചപ്പോൾ സിയോണിസത്തിന്റെ അനിഷേധ്യനായ നേതാവ് തിയോഡർ ഹെർടിസിനെതിരെ സിയോണിസ്റ്റുകൾക്കിടയിൽ നിന്നും അതിരൂക്ഷമായ എതിർപ്പാണ് നേരിട്ടത് എന്നത് ചരിത്രത്തിന്റെ മറ്റൊരു വശമാണ്. ഈ സിയോണിസ്റ്റ് യോഗം ചേർന്നതിന്റെ പിറ്റേ വർഷം 1904-ൽ 44-ാം വയസ്സിൽ യുവാവായ തിയോഡർ ഹെർട്സ് മരിച്ചു എന്നതും യാദൃശ്ചികമായിരിക്കാം.

(തുടരും)

■

---

*(25 -ാം പേജിൽ നിന്ന് തുടർച്ച)*

സാമാജിക നിയമങ്ങളുടെ രത്നച്ചുരുക്കമാണിത്. ഇസ്ലാമിന്റെയും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെയും സാമൂഹ്യവശത്തിന്റെ ചിത്രീകരണവും ഇതു തന്നെ.

***പരി: എൻ അബ്ദുറഹീം***

---

* അധികവില പ്രതീക്ഷിച്ചു സാധനങ്ങൾ പൂഴ്ത്തിവെക്കാൻ പാടില്ലെന്ന് ഇസ്ലാം കല്പിക്കുന്നു. എന്തെന്നാൽ പ്രകൃതിശക്തിക്കെതിരായ അത്തരം ഇടപെടലുകൾ സമുദായത്തിനാപത്തുണ്ടാക്കും. ദേശീയ വിപണിനിയന്ത്രണം ആധുനിക സാമ്പത്തിക നടപടിയാണെന്നു ചിലർ കരുതുന്നു. എന്നാലങ്ങനെയല്ല, ചില അടിയന്തിരഘട്ടങ്ങളിൽ വില നിയന്ത്രണമേർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ പതിനാലു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ, ഇസ്ലാം അംഗീകരിച്ചിരിക്കുന്നു. ഇസ്ലാം 'ഇഹ്തികാ'റിനെ നിരോധിച്ചിരിക്കുന്നു. വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി സാധനങ്ങൾ ഉപഭോക്താവിൽ നിന്ന് മറച്ചുവയ്ക്കുകയാണ് 'ഇഹ്തികാർ'. ഇത്തരം കച്ചവടക്കാരേയും, ഉൽപാദകരേയും സ്റ്റോക്കുകൾ വിട്ടുകൊടു

*(ശേഷം 37-ാം പേജിൽ)*

നമ്മുടെ വിയോജിപ്പുകൾ
30

# ദുൽഖർനൈൻ ആരാണ്?

(തുടർച്ച)

ഏ.പി. കുഞ്ഞാമു

**സിതിയൻസ് എന്ന അക്രമകാരികളായ ഒരു വർഗ്ഗമായിരുന്നു ബൈബിൾ പരാമർശിച്ച ഗോഗ് മഗോഗ്. ദുൽഖർനൈൻ അഥവാ സൈറസ് ദർബന്ദ് എന്ന സ്ഥലത്ത് മലമ്പാതയിൽ ഒരു ഭിത്തി കെട്ടി അവരെ തടഞ്ഞു നിർത്തി. പിന്നീട് ഈ ജനവർഗ്ഗം യൂറോപ്പിൽ വ്യാപിക്കുകയാണ് ചെയ്തത്.**

വിശ്വജേതാവായ ഒരു മഹാ സാമ്രാട്ടായിരുന്ന സൈറസ് ചക്രവർത്തി. മാസങ്ങളോളം ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ അതിഗംഭീരങ്ങളായ പടയോട്ടങ്ങളിൽ തന്റെ മേധാവിത്വം സ്വയം അംഗീകരിച്ച രാജാക്കന്മാരും അടിയറവു പറഞ്ഞ രാജാക്കന്മാരും ഉണ്ടായിരുന്നു. കീഴടങ്ങിയ ചില രാജാക്കന്മാർ അദ്ദേഹത്തിന്റെ തിരുമുഖം ദർശിച്ചിട്ടു പോലുമുണ്ടായിരുന്നില്ല. ചിലർക്ക് അദ്ദേഹത്തെ നന്നായറിയാമായിരുന്നു. യാതൊരെതിർപ്പും കൂടാതെ സാർവ്വഭൗമനായ ആ വിശ്വ ചക്രവർത്തിയുടെ ചെങ്കോലിനു കീഴിൽ അവരിൽ പല രും സ്വമേധയാ സൗഹൃദപൂർവ്വം അഭയം തേടി.

ഇതിനേക്കാളെല്ലാമുപരി പരമദയാലുവായിരുന്നു സൈറസ്. അദ്ദേഹത്തിന്റെ പടച്ചട്ടയിൽ ഭീഭത്സതയുടെ രക്തക്കറ ഉണ്ടായിരുന്നില്ല. കിടിലം കൊള്ളിക്കുന്ന ക്രൂരതയും, പ്രതികാരദാഹത്തിന്റെ കുടിപ്പകയുമുണ്ടായിരുന്നില്ല. ജയിച്ചടക്കിയ രാജാക്കന്മാർക്ക് പാരിതോഷികങ്ങളും പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു. കാരണം പരാജിതരും അദ്ദേഹവും തമ്മിൽ രക്തപുഴകൾ കൊണ്ട് വിഭജിക്കപ്പെട്ടിരുന്നില്ല. പരാജിതരാവട്ടെ, ജേതാക്കളുടെ കൂട്ടത്തിൽ നിന്നുള്ളവരാകട്ടെ അദ്ദേഹത്തെ സമീപിക്കുന്നവരോടെല്ലാം തുല്യമായി പെരുമാറി. തന്റെ ജനതയാൽ അദ്ദേഹം പിതൃതുല്യം സ്നേഹിക്കപ്പെട്ടു... അദ്ദേഹം തന്റെ യുഗത്തിന്റെ സന്താനമായിരുന്നില്ല. ഒരു യുഗത്തിന്റെ സ്രഷ്ടാവും, പിതാവുമായിരുന്നു. വിശ്വജേതാവും ജയശാലിയുമായ സൈറസിന്റെ പ്രവിശാലമായ സാമ്രാജ്യത്തിൽ എണ്ണിയാലൊടുങ്ങാത്തയത്ര രാജ്യങ്ങളുണ്ടായിരുന്നു. യാതൊരു പോരാട്ടങ്ങളുമില്ലാതെ സാമ്രാജ്യങ്ങൾ അദ്ദേഹത്തിന്നു മുമ്പിൽ കീഴടങ്ങി. സിംഹഹൃദയരായ സൈറസിന്റെ മുൻഗാമി നെബുക്കദ് നസറിനും പിൻഗാമി അലക്സാണ്ടർ ചക്രവർത്തിക്കും സുദീർഘമായ പോരാട്ടങ്ങളിലൂടെ മാത്രം കീഴടക്കാൻ കഴിഞ്ഞ അജയ്യമായ ടയർസിറ്റി സ്വമേധയാ സൈറസിനു മുന്നിൽ ആയുധം വെച്ച് കീഴടങ്ങുകയാണുണ്ടായത്. എല്ലാറ്റിനുമുപരിയായി യഹൂദർ അദ്ദേഹത്തെ വിമോചകനും രക്ഷകനുമായി കരുതി. (Historian's History).

ദുൽഖർനൈനിന്റെ നാലാമത്തെ സവിശേഷതയായി വിശുദ്ധ ഖുർആൻ വിവരിക്കുന്നത് പടിഞ്ഞാറും, കിഴക്കും, തെക്കും, വടക്കുമല്ലാത്ത, സാമ്രാജ്യത്തിന്റെ മദ്ധ്യഭാഗങ്ങളിലെ അദ്ദേഹത്തിന്റെ പടയോട്ടത്തെപ്പറ്റിയാണ്. അവിടെ അദ്ദേഹത്തിന് അപരിഷ്കൃതരായ ഒരു വിഭാഗം ജനതയെ കാണാൻ സാധിച്ചു. അവർക്ക് ഗോഗ് മാഗോഗിൽ നിന്നും (യഅ്ജൂജ് മഅ്ജൂജ്) തുടരെത്തുടരേയുള്ള അക്രമണങ്ങൾ ഉണ്ടാകുന്നതായി അവർ ദുൽഖർ നൈനിനെ ധരിപ്പിക്കുകയും അവരുടെ അഭ്യർത്ഥന മാനിച്ചു കൊണ്ടു ഗോഗ് മാഗോഗിന്റെ കടന്നാക്രമണത്തിൽ നിന്നും രക്ഷ കിട്ടാൻ അദ്ദേഹം ഒരു മതിൽ കെട്ടി അവരെ സുരക്ഷിതരാക്കി. വിശുദ്ധ ഖുർആന്റെ ഈ വിവരണത്തെ ആസ്വാദ്യകരമാക്കാൻ ഗോഗ് മഗോഗ് (യഅ്ജൂജ് മഅ്ജൂജ്) ആരാണെന്നു അറിയേണ്ടതുണ്ട്. ഇവരെപ്പറ്റി ബൈബിൾ എന്തു പറയുന്നുവെന്നു നോക്കാം. "കർത്താവിന്റെ അരുളപ്പാട് എനിക്കുണ്ടായി: മനുഷ്യപുത്രാ, മെശെക്ക്, റോശ് തുബാൽ എന്നിവയുടെ പ്രഭുവായ മാഗോഗ് ദേശത്തെ ഗോഗിന് എതിരെ മുഖം തിരിച്ചു അയാൾക്ക് എതിരെ

പ്രവചിക്കൂ. കർത്താവായ ദൈവം ഇങ്ങനെ അരുൾ ചെയ്യുന്നു എന്നു പറയൂ: റോശ് മോശേക്ക് തൂബാൽ എന്നിവയുടെ പ്രഭുവായ ഗോഗേ ഞാൻ നിനക്ക് എതിരാണ്. ഞാൻ നിന്നെ പിന്നോക്കം തിരിക്കും, നിന്റെ താടിയെല്ലിൽ കൊളുത്തിട്ടും നിന്നെയും നിന്റെ സർവ്വ സൈന്യത്തേയും കുതിരകളേയും കുതിരക്കാരേയും സായുധരായ അവരെ എല്ലാവരേയും ആ മഹാവ്യൂഹത്തെ പരിചയും ചെറുപരിചയും വാളുമേന്തിയ അവരെ എല്ലാവരേയും അവരുടെ കൂടെ പരിചയും ശിരസ്ത്രാണവും ധരിച്ചവരുമായ പേർഷ്യക്കാർ 'കുശിയർ' പുതുകാർ എന്നിവരേയും ഞാൻ പുറത്തിറക്കും. (എസ്കയേൽ 38: 1 –6).

ഗോഗ് മാഗോഗിനെക്കുറിച്ചു ആദ്യമായി വിവരം ലഭിക്കുന്നത് ബൈബിളിൽ നിന്നാണ്. ഈ ജനത വടക്കൻ ഭൂപ്രദേശത്ത് താമസിക്കുന്നവരാണ്. അവർ താമസിക്കുന്ന പട്ടണങ്ങളുടെ പേരാണ്. റഷ്യ, മോസ്കോ, ടോബോലസ്ക്. ഈ ബൈബിൾ പ്രസ്താവനയോട് ചരിത്രകാരന്മാർ യോജിക്കുന്നു. മാഗോഗിനെപ്പറ്റി ഉൽപത്തി 10:2ൽ പരാമർശമുണ്ട്. അതായത് യഫേതിന്റെ പുത്രന്മാരിൽ രണ്ടാമത്തെ ആളാണ് മാഗോഗ്. ചുരുക്കത്തിൽ ബൈബിളിന്റെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ കിരാതരായ ഒരു ജനവിഭാഗമാണ് ഇവർ എന്ന് മനസ്സിലാവുന്നു. ഇവർ വടക്കെ അറ്റത്ത് അതായത് വടക്ക് കിഴക്ക് ഭാഗത്ത് താമസിക്കുന്ന ഒരു ജനതയാണ്. വെളിപാടു ഭാഷയിൽ പൈശാചിക സമൂഹം എന്നാണ് 'ഗോഗ് മഗോഗ്' എന്നതിന്റെ അർത്ഥം. ജോസഫസ് ഈ സമൂഹത്തെ സീതിയൻസിന്റെ കൂടെയാണ് കണ്ടെത്തിയത്. അറിയപ്പെടാത്ത ഇത്തരം കുറേ സമൂഹങ്ങളെ ചരിത്രകാരന്മാർ ഇവിടെ കണ്ടെത്തിയതായി സാക്ഷിക്കുന്നു. ജറോമിന്റെ അഭിപ്രായത്തിൽ മാഗോഗ് കോക്കസസ് പർവ്വതത്തിന്റെ അപ്പുറത്തും കാസ്പിയൻ കടലോരത്തു മാണ് സ്ഥിതി ചെയ്തിരുന്നത്. ഇതും സീതിയൻസ് താമസിച്ച വടക്ക് പ്രദേശം തന്നെയാണ്. ചരിത്രകാരനായ ഹേറോഡോട്ടസിന്റെ അഭിപ്രായം ഈ അപരിഷ്കൃത ജനത കോക്കസസ് പർവ്വതത്തിന്റെയും കാസ്പിയൻ കടലോരത്തിന്റെയും ഇടക്കുള്ള ദേർ ബന്ത് എന്ന ഗിരിപ്രദേശത്ത് താമസിക്കുന്നവരാണ്. (ജൂത എൻസൈക്ലോപീഡിയ, Under Gog and Magog and Historians History of the World Vol. 2 p. 582) ചുരുക്കത്തിൽ പ്രസ്തുത ബൈബിളിന്റെയും ചരിത്രകാരന്മാരുടെയും വിവരണത്തിൽ നിന്നു ഇവർ റഷ്യ, മോസ്കോ, ടബോലസ്ക് എന്നീ സ്ഥലങ്ങളിലും കോക്കസസ് പർവ്വതത്തിന്റെ കാസ്പിയൻ കടലോരത്തിന്റെയും അടുത്തുള്ള ഗിരിനിരകളിൽ താമസിക്കുന്ന ഒരു അപരിഷ്കൃത ജനതയാണ്. ബൈബിളിന്റെ മേൽ ഉദ്ധരണി പ്രകാരം ഗോഗ് മഗോഗ് പേർഷ്യയെ അധീനപ്പെടുത്തിയിരുന്നു. ചരിത്രത്തിൽ രേഖപ്പെട്ടതനുസരിച്ചു സീതിയൻസ് അഥവാ മീഡുകൾ പേർഷ്യകീഴടക്കിയിരുന്നു. അവരിൽ നിന്നാണ് സൈറസ് ചക്രവർത്തി പേർഷ്യയെ മോചിപ്പിക്കുന്നത്. (Historians history of the World Vol. 2 P. 589) എതായാലും ചരിത്രത്തിൽ നിന്നും വളരെ സുതാര്യമായി മനസ്സിലാകുന്നത് സീതിയൻസ് അഥവാ ഗോഗ് മാഗോഗ് കരിങ്കടലിന്റെ വടക്ക് ഭാഗത്തും വടക്ക് കിഴക്കൻ പ്രദേശങ്ങളിലും താമസിക്കുന്നവരാണ് എന്നാണ്. ഇവർ ദേർബൻന്ത് (Derband) ചുരത്തിൽ കൂടി പേർഷ്യയുടെ ഭാഗങ്ങളിൽ വന്ന് രാജ്യങ്ങൾ വെട്ടിപിടിക്കുകയുണ്ടായി. ഇവരെ സൈറസ് ചക്രവർത്തി പരാജയപ്പെടുത്തുകയും അങ്ങനെ പേർഷ്യക്കാരെ അവരുടെ മേധാവിത്വത്തിനെതിരെ വിമുക്തമാക്കുകയും ചെയ്തു.

ദുൽഖർനൈൻ രാജാവിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ സംഭവം അദ്ദേഹം നിർമ്മിച്ച ദേർബത്തിലെ ചുമരാണ്. ഗ്രീക്ക് ചരിത്രകാരനായ ഹെറോഡോട്ടസിന്റെ വിവരണങ്ങളിൽ നിന്നും നമുക്ക് ഈ ചുമരിനെപ്പറ്റി കൃത്യമായി മനസ്സിലാക്കാം. ഹെറോഡോട്ടസിന്റെ വിവരണങ്ങളിൽ പേർഷ്യയിലേക്ക് പടയോട്ടം നടത്തിയ സീതിയൻസ് ദർബന്ദ് എന്ന പേരിൽ ഒരു ഭിത്തിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗോഗ് മാഗോഗിന്റെ ഈ കടന്നാക്രമണത്തെ ചെറുത്തുനിർത്താൻ വേണ്ടിയാണ് ദുൽഖർനൈൻ ആ നാട്ടുകാരുടെ അപേക്ഷപ്രകാരം "ദേർബന്ത് ഭിത്തി" എന്നറിയപ്പെടുന്ന ശക്തമായ ഒരു മതിൽ കെട്ടിക്കൊണ്ട് ഗോഗ് മാഗോഗിനെ തടഞ്ഞത്. ഈ ദേർബന്ത് മതിലിനെ സംബന്ധിച്ച എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ DARBAND എന്ന ശീർഷകത്തിൽ പ്രതിപാദിക്കുന്നുണ്ട്. "പേർഷ്യയിലെ കൊക്കേഷ്യയിലെ ഒരു പട്ടണമാണ് ദേർബന്ത്. ദാഗസ്താൻ എന്ന സ്റ്റേറ്റിലാണ് ഇതു സ്ഥിതി ചെയ്യുന്നത്. കാസ്പിയൻ തടാകത്തിന്റെ പടിഞ്ഞാറെ കരയിൽ സ്ഥിതി ചെയ്യുന്നു. അതിന്റെ തെക്ക് ഭാഗത്ത് കരയിൽ നിന്ന് കൊക്കോഷ്യൻ ഭിത്തി ആരംഭിക്കുന്നു. ഇതിന് 50 മൈൽ ദൈർഘ്യമുണ്ട്. ഇതിനെ അലക്സാണ്ടറുടെ ഭിത്തിയെന്നും വിളിക്കപ്പെടുന്നു. 'ഇരുമ്പ് ഗെയിറ്റ്' എന്നും 'കാസ്പിയൻ ഗേറ്റ്' എന്നും പറയപ്പെടുന്നു. ചുരപാതയെ ഇതു അടക്കുന്നു. ഇതിന് 29 അടി ഉയരമുണ്ട്. 10 അടി ഘനമുണ്ട്. അതിനൊരു വലിയ ഇരുമ്പു വാതിലും നിരവധി നിരീക്ഷണ ഗോപുരങ്ങളും ഉണ്ട്. ഇതുവഴി ശക്തമായ ഒരു പ്രതിരോധമതിലാണ് നിലവിൽ വന്നത്.

ചുരുക്കത്തിൽ ഇവിടെ ഒരു ശക്തമായ മതിൽ നിലനിന്നിരുന്നുവെന്നും വടക്ക് ഭാഗത്തു നിന്നുള്ള സീതിയൻസിന്റെ അക്രമണത്തിൽ നിന്നും പേർഷ്യയെ രക്ഷിച്ചിരുന്നത് ഈ മതിലായിരുന്നു. ഇതു അലക്സാണ്ടർ ചക്രവർത്തി നിർമ്മിച്ചതായാണ് പൊതുവിലുള്ള വിശ്വാസം. എന്നാൽ ചരിത്രസത്യങ്ങളെ വിലയിരുത്തുമ്പോൾ ഇതു നിർമ്മിച്ചത് മഹാനായ സൈറസാണെന്ന് നമുക്ക് മനസ്സിലാകും. അലക്സാണ്ടർ ദാരിയൂസിനെ പരാജയപ്പെടുത്തിയത് ബി.സി. 330 ഒരു വേനൽക്കാലത്തായിരുന്നു.

എന്നാൽ ഈ കീഴടക്കൽ കൊണ്ടു പേർഷ്യ മുഴുവനും അദ്ദേഹത്തിന് അധീനമായി. ദ്രുതചാരിയായ അദ്ദേഹത്തിന് അതിനൊന്നും സമയമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പടയോട്ടം ഒരു കൊടുങ്കാറ്റ് പോലെയായിരുന്നു. പിന്നീട് അദ്ദേഹം ധൃതിയിൽ കാബൂളിലേക്ക് പടയോട്ടം നടത്തുകയുണ്ടായി. അവിടെ അദ്ദേഹത്തിന്റെ സ്വന്തം പടത്തലവന്മാരിൽ തന്നെ വിപ്ലവം പൊട്ടിപ്പുറപ്പെടുകയാണുണ്ടായത്. അതു ബി.സി. 329ലെ ഒരു തണുപ്പു കാലത്തായിരുന്നു. പിന്നീട് അദ്ദേഹം ഇന്ത്യയിലേക്കു വന്നു. ഈ യാത്രകളെല്ലാം ദ്രുതഗതിയിലാണ് അദ്ദേഹം നിർവ്വഹിച്ചത്. ബി.സി. 324-ൽ അദ്ദേഹം ഇന്ത്യയിൽ നിന്ന് പേർഷ്യയിലേക്ക് മടങ്ങുകയാണുണ്ടായത്. അവിടെയും അദ്ദേഹത്തിന് പട്ടാളക്കാരിൽ നിന്നും വിപ്ലവം നേരിടേണ്ടി വന്നു. അതിനുശേഷം അദ്ദേഹം സ്വദേശത്തേക്ക് മടങ്ങവേ വഴിയിൽ വെച്ചു ബി.സി. 323-ൽ ദിവംഗതനായി. ഇതിൽ ചേർത്ത കൊല്ലങ്ങൾ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ പടയോട്ടങ്ങളെല്ലാം ഒരു കൊടുങ്കാററിന്റെ വേഗത്തിലായിരുന്നുവെന്ന് മനസ്സിലാക്കാം. മാത്രമല്ല ഈ ചെറിയ കാലയളവിൽ ധാരാളം രാജ്യങ്ങൾ അദ്ദേഹത്തിന് മുമ്പിൽ അടിയറ പറഞ്ഞതായി കാണാൻ സാധിക്കും. ദേർബന്തിൽ ഇത്രയും കൂടുതൽ സമയം ചിലവഴിക്കേണ്ടി വരുന്ന ഒരു വലിയ മതിൽ നിർമ്മാണ പദ്ധതി അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. 50 മൈൽ അകലവും, 10 അടി ഘനവും 29 അടി ഉയരവുമുള്ള ഒരു ശക്തമായ മതിൽ കെട്ടാൻ മാസങ്ങളോളം സമയം എടുക്കും. എന്നാൽ മുസ്‌ലിം വ്യാഖ്യാതാക്കളിൽ പലരും ദുൽഖർനൈനിനെ അലക്സാണ്ടറാണെന്ന നിഗമനത്തിൽ അവരുടെ തഫ്‌സീർ ഗ്രന്ഥങ്ങളിൽ ചേർത്തത് മൂലവും ഈ മതിലിന് അലക്സാണ്ടറുടെ മതിലെന്ന് പേർ വന്നു.

അലക്സാണ്ടർ ഈ മതിൽ നിർമ്മിക്കാത്തതുകൊണ്ട് ഈ മതിൽ സൈറസ് നിർമ്മിച്ചു എന്നു തെളിയുന്നില്ല. അതിന് പ്രത്യേക തെളിവുകൾ ആവശ്യമുണ്ട്. എന്നാൽ ചരിത്രപരമായും, ചില സാന്ദർഭിക തെളിവുകളുമാണ് ഈ മതിൽ സൈറസ് ചക്രവർത്തിയാണ് നിർമ്മിച്ചതു എന്നതിലേക്കുള്ളത്. സൈറസിന്റെ പിൻഗാമിയായ ദാരിയൂസിനെ സംബന്ധിച്ചു സൈറസിന് ഒരു ദർശനം ഉണ്ടായിരുന്നു ദാരിയൂസിന്റെ ചിറക് യൂറോപ്പിനും ഏഷ്യക്കും തണലായി തീരുമെന്നും പേർഷ്യൻ ഭരണം സൈറസിന്റെ മകന്റെ മരണശേഷം അവസാനിക്കുമെന്നുമായിരുന്നു ദർശനം. ഈ ദർശനത്തിന്റെ പുലർച്ചയെന്നോണം ദാരിയൂസ് സിതിയൻസിന്റെ ശക്തി തകർത്ത് യൂറോപ്പിനെ കീഴടക്കാൻ ഗ്രീസിലൂടെ പ്രയാണം ചെയ്തിട്ടാണ് യൂ റോപ്പിലുള്ള അവരെ അക്രമിച്ചത്. ദാരിയൂസിന് വളരെയധികം ദൂരം യാത്ര ചെയ്യേണ്ടി വന്നത് ഈ മതിൽ തടസ്സമായതുകൊണ്ടാണ്. വാസ്തവത്തിൽ അദ്ദേഹം അക്രമം നടത്താൻ ഉദ്ദേശിച്ച സ്ഥലം അദ്ദേഹം താമസിക്കുന്ന വടക്കൻ പ്രദേശത്തിന് വളരെ സമീപമായിരുന്നു. സൈറസ് നിർമ്മിച്ച ആ മതിൽകാരണമാണ് ദാരിയൂസ് ഗ്രീസിലൂടെ ചുറ്റി വന്ന് അടുത്തുള്ള സീതിയൻസിനെ ആക്രമിക്കേണ്ടി വന്നത്. സൈറസ് നിർമ്മിച്ചതാണ് പ്രസ്തുത ചുമർ എന്നതാണ് സത്യം. ദാരിയൂസ് അദ്ദേഹത്തിന്റെ പൗത്രനാണ്. ദാരിയൂസ് വളരെ ജ്ഞാനിയും യുദ്ധ നിപുണനുമായ ഒരു ഭരണകർ ത്താവാണ്. അപ്പോൾ വളരെ സമീപസ്ഥലത്തുള്ള ഒരു കൂട്ടരെ കീഴ്പ്പെടുത്താൻ വളരെ പ്രയാസപ്പെട്ട് സുദീർ ഘമായ യാത്ര വലിയ സൈന്യത്തേ യും കൊണ്ടു നിർവ്വഹിക്കുക എന്നുള്ളത് ഊഹാതീതമാണ്. ഈ മതിലിന്റെ തടസ്സമാണ് അദ്ദേഹത്തിന് വഴിമാറി പോകേണ്ടി വന്നത്. കൂടാതെ പ്രസ്തുത മതിൽ അത്ര എളുപ്പത്തിൽ പൊട്ടിക്കാനും സാദ്ധ്യമല്ലായിരുന്നു.

മറ്റൊരു കാര്യവും കൂടി നാം ഓർക്കുന്നത് നന്ന്. അതായത് സൈറസിന്റെ ആക്രമണത്തിനു മുമ്പ് പ്രസ്തുത പേർഷ്യൻ താഴ്‌വരകളിലേക്ക് ഈ അപരിഷ്കൃതവിഭാഗത്തിന്റെ കടന്നാക്രമണം അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. സൈറസിന്റെ അധീനതയിൽ വന്നതോടുകൂടി ഈ മതിൽ നിലവിൽ വന്നതുകൊണ്ട് അവരുടെ പരാക്രമങ്ങൾ പിന്നീട് നിലച്ചു. ഈ മതിൽ തന്നെയാണ് വിഖ്യാതനായ അലക്സാണ്ടറുടെ പേരിൽ തെറ്റായി അറിയപ്പെടുന്നത് വാസ്തവത്തിൽ സൈറസ് ചക്രവർത്തിയാണ് അത് നിർമ്മിച്ചത്. ഇതു കുടാതെ വിശുദ്ധ ഖുർആന്റെയും ബൈബിളിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത രാജാവ് ദൈവഭാഷണം ലഭിച്ച ഒരു സാത്വികനായ ഭരണകർത്താവാണെന്നുള്ളതും ഈ മതിൽ നിർമ്മിച്ചതു സൈറസ് ചക്രവർത്തിയാണെന്നതിലേക്ക് തെളിവായിത്തീരുന്നു. (തുടരും)

■

*(33 -ാം പേജിൽ നിന്ന് തുടർച്ച)*

ക്കുന്നതിന്, ഇസ്‌ലാമിക സ്റ്റേറ്റ് നിർബന്ധിക്കുന്നതായിരിക്കും. 'ഇഹ്തികാർ' എന്ന പദത്തിന്റെ യാഥാർത്ഥം ധാന്യത്തെ പൂഴ്ത്തിവെക്കുക എന്നാണ്. എന്നാൽ, ജീവിതത്തിൽ ആവശ്യമായ എല്ലാ അവശ്യവസ്തുക്കളെയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

കൃത്രിമോപാധികളിലൂടെ സാധനങ്ങളുടെ വില കുറക്കുന്നതിനെയും ഇസ്‌ലാം അനുവദിക്കുന്നില്ല. മദീനക്കാരായ കച്ചവടക്കാർക്കും ഉൽപാദകർക്കും മത്സരിക്കാൻ കഴിയാത്ത വിലയ്ക്ക് പുറമെനിന്നുള്ള ഒരു കച്ചവടക്കാരൻ മുന്തിരി വിൽക്കുന്നതായി ഹസ്രത്ത് ഉമർ(റ) ഒരിക്കൽ കണ്ടു. ഒന്നുകിൽ മദീനയിലെ നിലവാരമനുസരിച്ച് വിൽക്കുകയോ, അല്ലെങ്കിൽ ചരക്കുമായി പുറത്തുപോവുകയോ ചെയ്യാൻ അദ്ദേഹം അയാളോട് കല്പിക്കുകയുണ്ടായി. ഇതിനെ പറ്റി ചോദിച്ചപ്പോൾ, ഹസ്രത്ത് ഉമർ(റ) മറുപടി പറഞ്ഞത്, അങ്ങനെ അനുവദിക്കുന്നപക്ഷം മദീനയിലെ കച്ചവടക്കാർ വമ്പിച്ച നഷ്ടം സഹിക്കേണ്ടിവരുമെന്നും അന്നത്തെ സ്ഥിതിയ്ക്ക് അവർ അന്യായവിലയല്ല വാങ്ങുന്നതെന്നും ആയിരുന്നു. (ഗ്രന്ഥകർത്താവിന്റെ മറ്റൊരു പുസ്തകത്തിൽ നിന്നുള്ള ഉദ്ധാരണം - വിവ).

■

ലേഖനം

# വിദ്യാഭ്യാസം: നാലു ചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും

അബ്ദുൾ മജീദ് B.A. B.Ed., Ph.D.
ശഹാബ് അഹ്മദ് M.A. Ph.D

## ആധുനിക വിദ്യാഭ്യാസ തത്വങ്ങൾ: ഖുർആനുമായി ഒരു താരതമ്യ പഠനം

ആത്മീയമായോ ഭൗതികമായോ ആയ വീക്ഷണത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, ഒരു സമൂഹത്തിൽ ജീവിക്കുകയും വേദതത്വശാസ്ത്രവും ജീവിത വീക്ഷണവും വെച്ചുപുലർത്തുകയും തന്നെ ക്കുറിച്ചും തന്റെ ചുറ്റുപാടിനെക്കുറിച്ചും അറിയാൻ സഹജമായ വ്യഗ്രത കാണിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായിരിക്കും നമ്മുടെ കേന്ദ്രബിന്ദു. അതുകൊണ്ടാണ് മനഃശാസ്ത്രം, തത്വജ്ഞാനം, സമൂഹശാസ്ത്രം എന്നിവ സിദ്ധാന്തപരവും പ്രായോഗികവുമായ വിദ്യാഭ്യാസത്തിന്റെ നിർണ്ണായക ഘടകങ്ങളാവുന്നത്.

അതുകൊണ്ടാണ് നാഗരികതയുടെ എല്ലാ ഘട്ടങ്ങളിലും ജീവിതത്തിന്റെ എല്ലാ തുറകളിലും മനുഷ്യകുലത്തിന് സമഗ്രമായ മാർഗ്ഗം നൽകുന്ന ജ്ഞാനനിർഭരമായ വിശുദ്ധ ഖുർആൻ സൈദ്ധാന്തികവും പ്രായോഗികവുമായ ഈ നിർണ്ണായക ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നത്. അടിസ്ഥാനപരമായ വിദ്യാഭ്യാസ പ്രശ്നങ്ങളെ താഴെ കൊടുത്ത ചോദ്യങ്ങൾക്ക് മറുപടിയായാണ് വിശുദ്ധ ഖുർആൻ കൈകാര്യം ചെയ്യുന്നത്.

1). എന്തിനാണ് നാം വിദ്യാഭ്യാസം നേടുന്നത്?

2) എപ്പോൾ നാം വിദ്യാഭ്യാസം നേടണം?

3) എന്താണ് നാം പഠിക്കേണ്ടത്?

4) എങ്ങനെയാണ് നാം പഠിക്കേണ്ടത്?

ഈ ചോദ്യങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും വെളിച്ചത്തിൽ നാം ചർച്ച ചെയ്യുമ്പോൾ വിദ്യാഭ്യാസ വിചക്ഷണന്മാരുടെ സൈദ്ധാന്തികവും പ്രായോഗികവുമായ ആശയങ്ങളെ അവഗണിക്കാൻ നമുക്ക് സാദ്ധ്യമല്ല. ഈ ചോദ്യങ്ങളെല്ലാം മനുഷ്യന്റെ അസ്തിത്വവും അവന്റെ വ്യക്തിവികാസവുമായി നേരിട്ടു ബന്ധപ്പെട്ടതാണ്. അതിനാൽ മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള വിശദീകരണമാണ് ഈ ചർച്ചയുടെ പ്രാരംഭബിന്ദു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് പ്രപഞ്ച സംവിധാനത്തിന്റെ ക്രമമനുസരിച്ച് എല്ലാ ഓരോ വസ്തുവും പ്രത്യേക ഉദ്ദേശ്യത്തോടെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ബുദ്ധിമാന്മാർ പറയുന്നു:

''ഞങ്ങളുടെ നാഥാ, നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്'' (വി. ഖുർആൻ 3:192).

ഈ പ്രപഞ്ചം മുഴുവൻ തന്നെ വ്യർത്ഥമായിട്ടല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സൃഷ്ടികളിൽ ഉന്നതനായ മനുഷ്യനും ഒരുദ്ദേശ്യമില്ലാതെയല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല, മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം മറ്റു സൃഷ്ടികളേക്കാൾ ഉന്നതമാണ്. അതിതാണ്.

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല" (51:57)

''അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്'' (12:41). ഇതിന്റെയർത്ഥം മനുഷ്യനെയും ജിന്നിനെയും സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കുന്നതിൽ അർപ്പണം ചെയ്യുക എന്നത് മാത്രമാണ്.

### നാം എന്തിനാണ് വിദ്യാഭ്യാസം നേടുന്നത്?

ദൈവാരാധനയുടെ ഉദ്ദേശ്യം സഫലീകൃതമാകണമെങ്കിൽ മനുഷ്യൻ ദൈവത്തെയും അവന്റെ ഈ പ്രപഞ്ചത്തിലെ ഗുണങ്ങളുടെ പ്രകടനത്തെയും അറിയണം. ആശയപ്രകാശനത്തിൽ കാര്യക്ഷമത ആർജ്ജിക്കു

കയും വേണം. ഇക്കാരണത്താൽ കാരുണ്യവാനായ ദൈവം മനുഷ്യനാഗരികതയുടെ ആരംഭം മുതൽ പഠിപ്പിച്ചു തുടങ്ങി, അതായത് ആദം നബി (അ)യുടെ കാലം മുതൽക്ക്.

“അവൻ (അല്ലാഹു) ആദമിന് എല്ലാ (വസ്തുക്കളുടെയും) നാമങ്ങൾ പഠിപ്പിച്ചുകൊടുത്തു.” (2:32).

വെളിപാടു രൂപത്തിൽ വിശുദ്ധ ഖുർആൻ നബി തിരുമേനിയുടെ ആഗമനകാലത്ത് ഇറങ്ങുന്നതുവരെ ഈ അദ്ധ്യാപനം തുടർന്നു. (96:6)

''മനുഷ്യൻ അറിഞ്ഞിട്ടില്ലാത്തത് അവൻ (അല്ലാഹു) അവനെ (മനുഷ്യനെ) പഠിപ്പിച്ചു.”

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. എന്നെന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

ശരിയായ രീതിയിൽ ആരാധിക്കണമെങ്കിൽ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം നമുക്കുണ്ടായിരിക്കണം. ആശയപ്രകടനത്തിനുള്ള കാര്യക്ഷമതയും ഉണ്ടാവണം.

ഇക്കാരണങ്ങളാൽ, അല്ലാഹു നമുക്ക് അറിവ് നൽകി എന്നു മാത്രമല്ല, ആശയപരമായ പ്രകടനത്തിനുള്ള കാര്യക്ഷമതയും നൽകി.

“അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു.” (55:4, 5)

“ചൂളയ്ക്കു വെച്ച മൺപാത്രം പോലെ (മുട്ടിയാൽ മുഴങ്ങുന്ന വരണ്ട) മൂശകളിൽ നിന്ന് അവൻ മനുഷ്യനെ സൃഷ്ടിച്ചു.” (55: 15) വിശുദ്ധ ഖുർആനിലെ മേൽ സൂക്തപ്രകാരം ഭാഷണചാതുരിയും ഗുണവും ലീനമായ ഒരു വസ്തുവിൽ നിന്നാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

55–ാം സൂറ 4, 5 വാക്യങ്ങൾ പ്രകാരം അല്ലാഹു സ്വയം തന്നെയാണ് ഭാഷണകല മനഷ്യനെ പഠിപ്പിച്ചത്, അതായത് ഭാഷ. ദൈവം സ്വയം തന്നെയാണ് മനുഷ്യനെ ഭാഷ പഠിപ്പിച്ചത് എന്ന ഖുർആന്റെ അവകാശവാദം പൊള്ളയായതല്ല. ഗവേഷണം അതിനെ സാക്ഷീകരിക്കുന്നു. ഒരുദാഹരണം മാത്രം ഉദ്ധരിക്കാം. നിർജ്ജീവ വസ്തുക്കൾ ഉണ്ടാക്കുന്ന ശബ്ദങ്ങളുടെ (വെള്ളച്ചാട്ടം, കാറ്റുവീശൽ മുതലായവ)യും ജീവനുള്ള വസ്തുക്കളുടെയും ശബ്ദങ്ങൾ അനുകരിച്ചാണ് ഭാഷ വികാസം പ്രാപിച്ചതെന്ന ശബ്ദാനുകരണ സിദ്ധാന്തവും വ്യാക്ഷേപക സിദ്ധാന്തവും കാലഹരണപ്പെട്ടതാണ്. മനുഷ്യന് ശബ്ദങ്ങൾ അനുകരിക്കാൻ സാധിക്കുമെന്നും അതിനാൽ ശബ്ദങ്ങളിൽ നിന്നു മനുഷ്യൻ കണ്ടുപിടിച്ചതാണ് ഭാഷ എന്ന വാദം യുക്തിയ്ക്കു നിരക്കാത്തതാണ്. ഭാഷണചാതുരിയും ശബ്ദാനുകരണത്തിനുള്ള കഴിവും പരസ്പരം സഹവർത്തിക്കുന്നു. ഒന്നിന് മറ്റൊന്നിനെ ഒഴിച്ചുനിർത്താൻ പറ്റില്ല. ശബ്ദങ്ങൾ അനുകരിക്കാനുള്ള കഴിവ് സംഭാഷണശേഷിയുടെ ഒരു വശം മാത്രമാണ്. വിജ്ഞാന നിർഭരമായ വാക്കുകളും ബുദ്ധിയും, തർക്കശാസ്ത്രവും പ്രപഞ്ചത്തെ വിവരിക്കുന്ന വാക്കുകളും, മനുഷ്യപ്രകൃതിയെയും അവന്റെ വികാരവിചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന വാക്കുകളും, മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളെയും പ്രതിഫലിപ്പിക്കുന്ന വാക്കുകളും എല്ലാം തന്നെ വെറും യാദൃച്ഛികമായ ശബ്ദങ്ങളിൽ നിന്നുണ്ടായതാണെന്ന് വിചാരിക്കാവതല്ല.1

കാരുണ്യവാനായ ദൈവം ഇവിടെ വെച്ചു നിർത്തുന്നില്ല. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാൻ അല്ലാഹു നമ്മെ ഇപ്രകാരം പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. ''നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ, കോപത്തിന് പാത്രമായവരുടെയോ, വഴി പിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല” (1:6, 7)

പറയുക, “എന്റെ നാഥാ!, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ” (20:115).

ഈ പ്രാർത്ഥനകളിൽ നാം ജ്ഞാനം വർദ്ധിപ്പിച്ചു തരുവാൻ പ്രാർത്ഥിക്കുന്നു, കൂടാതെ ആത്മീയവും ധാർമ്മികവുമായ പുരോഗതിക്കും.

വിദ്യാഭ്യാസമുള്ള വ്യക്തികൾ വിദ്യാഭ്യാസമില്ലാത്തവരേക്കാൾ ശ്രേഷ്ഠരാണെന്ന് പണ്ഢിതന്മാർ പറയുന്നു. ഇതിന്റെ വിവക്ഷയുമായി വിശുദ്ധ ഖുർആൻ യോജിക്കുന്നു.

''അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ” (35:29)

വിജ്ഞാനമെന്നതു തന്നെ ദൈവഭയമാണെന്ന് ഈ സൂക്തം നിർവ്വചിക്കുന്നു. അതായത് അവനെക്കുറിച്ച് യഥാർത്ഥ ജ്ഞാനമുണ്ടാക്കുകയും അപ്രകാരം പെരുമാറുകയും ചെയ്യുക. അല്ലാഹുവാണ് ഏറ്റവും ഉന്നതൻ. അതിനാൽ ഏറ്റവും ഉന്നതവും ഏറ്റവും നല്ലതും ഏറ്റവുമധികം മനസ്സിലാക്കാവുന്നതുമായ ജ്ഞാനം അല്ലാഹുവിനെ അറിയുക എന്നതാണ്.

പറയുക, “അറിയുന്നവനും അറിയാത്തവരും സമമാകുമോ?” (39:10). അറിവുള്ളവർ അറിവില്ലാത്തവരേക്കാൾ ശ്രേഷ്ഠരാണ്. ഇത് ഒരു ചോദ്യമല്ല, ഒരു പ്രസ്താവനയുടെ പ്രകടിത രൂപമാണ്.

''അല്ലാഹു നിങ്ങളിൽ നിന്ന് വിശ്വസിക്കുന്നവരേയും അറിവ് നൽകപ്പെട്ടിട്ടുള്ളവരേയും പല പദവികളിലേക്ക് ഉയർത്തുന്നതാണ്” (58:12).

വിദ്യാഭ്യാസം നേടിയവർക്ക് അല്ലാഹു വാഗ്ദാനം ചെയ്ത പദവിയെക്കുറിച്ച് ശ്രദ്ധിക്കുക. താഴെ കൊടുത്ത ഹദീസും ഇതിനെ അനുകൂലിക്കുന്നു.

''പണ്ഢിതനായ ഒരാൾ ഒരാരാധകനേക്കാൾ ശ്രേഷ്ഠനാണ്, ചന്ദ്രൻ മറ്റെല്ലാ ഗ്രഹങ്ങളേക്കാൾ ശ്രേഷ്ഠമായതുപോലെ.'' (അബൂദാവൂദ്, തിർമിദി).

“ഒരു പണ്ഡിതന്റെ മഷി ഒരു രക്തസാക്ഷിയുടെ രക്തത്തേക്കാൾ കൂടുതൽ പരിശുദ്ധമാണ്.” യുഗങ്ങളായി തത്വജ്ഞാനികളും ചിന്തകരും അറിവിന്റെയും പണ്ഡിതന്മാരുടേയും ശ്രേഷ്ഠത മനസ്സിലാക്കിയിട്ടുണ്ട്. സോക്രട്ടീസ് (470–399 ബി.സി) വിജ്ഞാനം ഒരുനന്മയാണെന്ന് വിശ്വ

സിച്ചു. അറിവ് സ്വഭാവത്തെ നേർവഴിയിലാക്കുന്നു. ജ്ഞാനം സമ്പാദിച്ചാൽ മനുഷ്യൻ സാത്വികനായി ജീവിക്കുന്നു. പ്ലേറ്റോ (428/27-348/347, ബി. സി.) മനുഷ്യരിൽ ഏറ്റവും നല്ല ഒരാൾക്ക് നേടാവുന്ന പ്രഥമവും ഉത്തമവുമായ കാര്യമാണ് വിദ്യാഭ്യാസം. സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും അഭിപ്രായത്തിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും താല്പര്യത്തിന് വിജ്ഞാനം ആവശ്യമാണ്. അതിനാൽ അത് സ്വയം തന്നെ ഒരു നന്മയാണ്. അരിസ്റ്റോട്ടിലിനെ സംബന്ധിച്ചിടത്തോളം "ജീവിതത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സന്തോഷവും നന്മയുമാണ്" അതിനാൽ നന്മ നിലകൊള്ളുന്നത് ഇവയിലാണ്. ജീവിച്ചിരിക്കുന്നവർ മരിച്ചവരേക്കാൾ ശ്രേഷ്ഠരായതുപോലെ വിദ്യാഭ്യാസമുള്ളവർ വിദ്യാഭ്യാസമില്ലാത്തവരേക്കാൾ ശ്രേഷ്ഠരാണെന്ന് അരിസ്റ്റോട്ടിൽ പ്രഖ്യാപിച്ചു.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് മുസ്ലിംകൾ ചൈനയിൽ പോയിട്ടെങ്കിലും വിജ്ഞാനം കരസ്ഥമാക്കണമെന്ന് നബിതിരുമേനി(സ) മുസ്ലിംകളോട് കല്പിച്ചത്. അറേബ്യയും ചൈനയും തമ്മിലുള്ള ദൂരം കണക്കിലെടുക്കുക. അക്കാലത്ത് ഇത്തരം യാത്രക്കുള്ള ബുദ്ധിമുട്ടുകളും പരിഗണിക്കേണ്ടതാണ്. എന്നിട്ടുപോലും വിജ്ഞാനസമ്പാദനത്തിനുവേണ്ടി ഇത്തരം ദുരിതങ്ങൾ സഹവാസത്തോടെ നേരിടണമെന്നാണ് തിരുനബി(സ) മുസ്ലിംകളോടുപദേശിച്ചത്.

ഹിജ്റക്ക് പതിനഞ്ചു മാസങ്ങൾക്കുശേഷം ബദർ യുദ്ധം ജയിച്ചപ്പോൾ വിദ്യാഭ്യാസമുള്ള ഒരു തടവുകാരന് മോചനമൂല്യമായി തിരുമേനി (സ) നിശ്ചയിച്ചത്, അയാൾ മദീനയിലെ പത്തു കുട്ടികളെ വായിക്കാനും എഴുതാനും പഠിപ്പിക്കണമെന്നതാണ്. (സുർഖാനി വാല്യം 2). നബി തിരുമേനിയുടെ ഈ ആഹ്വാനത്തെ താഴെ പറയുന്ന വാക്കുകളിൽ വിവരിക്കാവുന്നതാണ്.

## വിജ്ഞാനമാർജ്ജിക്കുക

വിജ്ഞാനം ഒരാളെ തെറ്റും ശരിയും വിവേചിച്ചറിയാൻ സഹായിക്കുന്നു. അത് സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കുന്നു. അത് മരുഭൂമിയിൽ നമ്മുടെ സുഹൃത്താണ്. ഏകാന്തതയിൽ നമ്മുടെ സമൂഹമാണ്. സൗഹൃദത്തിൽ നമ്മുടെ സുഹൃത്താണ്. അത് നമ്മെ സന്തോഷത്തിലേക്ക് നയിക്കുന്നു. വിഷമഘട്ടങ്ങളിൽ നമുക്ക് സാന്ത്വനമേകുന്നു. സുഹൃത്തുക്കൾക്കിടയിൽ അതൊരാഭരണമാണ്, ശത്രുവിന്നെതിരിൽ ഒരായുധമാണ്.

നബിതിരുമേനി(സ) സ്വയം തന്നെ ഒരുനിരക്ഷരനായിരുന്നുവെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. എന്നിട്ടും വിജ്ഞാനം കരസ്ഥമാക്കുന്നതിനെക്കുറിച്ചദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

**2) എപ്പോഴാണ് നാം പഠിക്കേണ്ടത്?**

പരിതഃസ്ഥിതിയുടെ സ്വാധീനം ഗർഭാവസ്ഥയിൽത്തന്നെ തുടങ്ങുമെന്നത് സ്വീകാര്യമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അനൗദ്യോഗിക പഠനം, ജനനം മുതൽ തുടങ്ങുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ പരിതഃസ്ഥിതി രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. (എ) ജനനത്തിന് മുമ്പുള്ള ഘട്ടം (ബി) ജനനത്തിനുശേഷം ഉള്ള വികസനഘട്ടങ്ങൾ. ഗർഭിണികളായ സ്ത്രീകളോട് ശുചിത്വമുള്ള ഭക്ഷണം കഴിക്കാൻ തിരുമേനി(സ) ഉപദേശിച്ചു. ദോഷകരമായത് ഉപേക്ഷിക്കാനും, അവരെ അസ്വസ്ഥരാക്കുന്ന എല്ലാ സ്ഥിതിവിശേഷങ്ങളും ഒഴിവാക്കുവാനും ഉപദേശിച്ചു. ഗർഭസ്ഥ ശിശുവിൽ ഉണ്ടാവുന്ന ദോഷകരവും ഗുണകരവുമായ ഫലങ്ങൾ കണക്കിലെടുത്തായിരുന്നു ഈ ഉപദേശം. ഈ അത്ഭുതകരമായ സിദ്ധാന്തത്തെ 20ാം നൂറ്റാണ്ടിലെ മൂന്ന് മനഃശ്ശാസ്ത്രജ്ഞന്മാർ അനുകൂലിക്കുന്നു. അലിസൻ ഗോപ്നിക്, ആൻഡ്രൂ എൻ. മെൽറ്റ്സോഫ് & പട്രീഷ്യാ കെ. കുഹ്ൽ അവർ പറയുന്നു:

"ജനന സമയത്ത് അവർ തങ്ങളുടെ മാതാവിന്റെ ശബ്ദം തിരിച്ചറിയുന്നു. മൂകമെങ്കിലും കേൾക്കാവുന്ന ശബ്ദങ്ങൾ അവർ ഗർഭപാത്രത്തിൽ കേൾക്കുന്നു."2

ജനനത്തോടെ ശിശു നൂതനവും വ്യത്യസ്തവുമായ ജീവിതം ആരംഭിക്കുന്നു. അതിനാൽ ഇസ്ലാമികാചാരപ്രകാരം മുലപ്പാൽ നൽകുന്നതിനു മുമ്പുതന്നെ നവജാത ശിശുവിന്റെ കാതിൽ ബാങ്കും (പ്രാർത്ഥനക്കുള്ള വിളി) ഇടതു ചെവിയിൽ ഇഖാമത്തും (പ്രാർത്ഥനയിൽ വരിയായി നിൽക്കാനുള്ള വിളി) കൊടുക്കുന്നു. മറ്റെന്തെങ്കിലും പ്രചോദനത്തിന് വിധേയമാവുന്നതിനുമുമ്പ് നവജാത ശിശുവിന്, നൽകപ്പെടുന്ന നന്മയുടെ സന്ദേശമാണിവ. അനൗപചാരികമായ പഠനം ആരംഭിക്കുന്നത് എപ്പോൾ എന്നതിനെപ്പറ്റി ചിന്തകന്മാർ വ്യത്യസ്തമായ വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നു. പ്ലാറ്റോയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസവും ഉപദേശവും ശിശുവിന്റെ ആദ്യവർഷത്തിൽ തുടങ്ങുകയും ജീവിതത്തിന്റെ അവസാനം വരെ തുടരുകയുംചെയ്യുന്നു എന്നാണ്. ജെ.ജെ. റൂസ്സോ വിശ്വസിക്കുന്നത്, വളരെ അവനേരത്തെത്തന്നെ തുടങ്ങാൻ സാധ്യമല്ല എന്നാണ്. പ്രാഥമിക ഘട്ടത്തിലുള്ളതും പ്രധാനവുമായ വിദ്യാഭ്യാസത്തിന്റെ ഭാഗം, വ്യക്തമായും എല്ലാവരും അവഗണിക്കുന്നു, അതാവട്ടെ ഒരു ശിശുവിനെ വിദ്യാഭ്യാസത്തിനുവേണ്ടി തയ്യാറാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇസ് ലാം ഈ കാലത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആനും ഹദീസും, ശിശു ജനിച്ച ഉടനെത്തന്നെ ശിശുവിനെ ശ്രദ്ധിക്കാൻ മാതാപിതാക്കളോട് ശക്തമായി ശാസിക്കുന്നു. അവർ പ്രായപൂർത്തിയാവുന്നതുവരെ അത് തുടരണമെന്നും അനുശാസിക്കുന്നു. *(തുടരും)*

***വിവ: കെ. വി. ഹസ്സൻകോയ***

1. Mazhar Muhammed Ahmadi Arabic the source of all the language. The review of Religion Publication, Rabwah, Pakistan 1963, Vol I P. 2-3.

2. Gopik Alison, Andrew N. Meltzoft and Patricia N. Kuhl. The scientist in the Crib, William Marrow & Co., Inc. New York, N.Y. U.S.A., PP 27-28.

## കുറിപ്പുകൾ

**മുസാഫിർ**

# പാകിസ്താന്റെ പാസ്പോർട്ട്

ആധുനിക ലോകത്ത് വിവേകമുള്ള ജനാധിപത്യ രാജ്യങ്ങൾ അവരുടെ പൗരന്മാർക്ക് നൽകുന്ന പാസ്പോർട്ടുകളിലൊന്നും മതം രേഖപ്പെടുത്താറില്ല. ഒരു രാജ്യത്തിന്റെ പൗരൻ എന്നതിൽ കവിഞ്ഞ് മതപരമായ അടയാളത്തിൽ പൗരന്മാരെ തിരിച്ചറിയുക എന്നത് വിവിധ മതസ്ഥർ അധിവസിക്കുന്ന ബഹു സ്വരതയുള്ള ഒരു രാജ്യത്തിന് ഭൂഷണമല്ല. രാജ്യത്തിന്റെ തുല്യതാ സങ്കല്പത്തിന് അത് ഉചിതവുമല്ല. സമത്വത്തിലും മതസ്വാതന്ത്ര്യത്തിലും ബലിഷ്ഠമായ നിലപാടുകളുള്ള ഇന്ത്യാ ഗവൺമെന്റ് നൽകുന്ന പാസ് പോർട്ടിലും പൗരന്റെ മതം ഏതാണെന്ന് രേഖപ്പെടുത്താറില്ല.

അന്തർദേശീയ യാത്രാരേഖയായ പാസ്പോർട്ട് കമ്പ്യൂട്ടറുകൾക്ക് തിരിച്ചറിയാൻ പറ്റുന്ന രീതിയിൽ (Machine Readable Passport) പുനസംവിധാനം ചെയ്യണം എന്ന ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷന്റെ (ICAO) നിർദ്ദേശ പ്രകാരം 2005 ജനുവരി മുതൽ പാകിസ്താനിലും കമ്പ്യൂട്ടറുകൾക്ക് തിരിച്ചറിയാൻ പറ്റുന്ന മെഷിൻ റീഡബിൾ പാസ്പോർട്ട് വിതരണം ചെയ്തു തുടങ്ങിയിരുന്നു. അന്തർദേശീയ നിലവാരമുള്ള പുതിയ പാസ്പോർട്ടിൽ മതത്തിന്റെ കോളം ഇല്ല. പാകിസ്താനിലെ പട്ടാള സ്വേച്ഛാധിപതിയും മത തീവ്രവാദിയുമായിരുന്ന സിയാഉൽ ഹഖ് 1980 ൽ നടപ്പാക്കിയ മത കോളമുള്ള പാസ്പോർട്ടായിരുന്നു അതുവരെ പാകിസ്താനിൽ നിലവിലുണ്ടായിരുന്നത്.

പാസ്പോർട്ടിലെ മതം വെളിപ്പെടുത്തുന്ന കോളം മാറ്റിയതിനെ തുടർന്ന് പാകിസ്താൻ ജമാഅത്തെ ഇസ്ലാമി നേതൃത്വം കൊടുക്കുന്ന മുത്തഹിദ മജ്‌ലിസെ അമൽ (എം. എം. എ) എന്ന ആറ് മതസംഘടനകളുടെ രാഷ്ട്രീയ സഖ്യം മില്ല്യൻ മാർച്ച് എന്ന പേരിൽ വമ്പിച്ച പ്രക്ഷോഭത്തിനൊരുങ്ങിയിരിക്കുകയാണ്. ഏപ്രിൽ ഒന്നിന് ജമാഅത്തെ ഇസ്ലാമി നേതാവ് ഖാസി ഹുസൈന്റെ നേതൃത്വത്തിൽ അവർ നടത്തിയ ഏറ്റവും പ്രധാന ആവശ്യം പാസ്പോർട്ടിലെ മത കോളത്തിന്റെ പുനഃസ്ഥാപനമായിരുന്നു. അപമൃത്യുവിന്നിരയായ മുൻ പാകിസ്താൻ സ്വേച്ഛാധിപതി സിയാഉൽ ഹഖിന്റെ മകനും മുഷറഫ് മന്ത്രിസഭയിലെ മതകാര്യമന്ത്രിയുമായിരുന്ന ഇഅ്ജാസുൽ ഹഖും ഇതേ ആവശ്യം ശക്തിയായി ഉന്നയിക്കുകയുണ്ടായി. പാകിസ്താനിലെ പ്രസിഡന്റ് ജനറൽ മുഷ്റഫ് മുല്ലമാരുടെ അങ്ങേയറ്റം പിന്തിരിപ്പനായ ഈ ആവശ്യം അംഗീകരിച്ചിരിക്കുകയാണ്. മാത്രമല്ല പാകിസ്താൻ പാസ്പോ ർട്ടിന് പുറത്ത് ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താൻ എന്ന് രേഖപ്പെടുത്തുമെന്നും അദ്ദേഹം മത തീവ്രവാദികളുടെ മുല്ലാ സഖ്യത്തിന് ഉറപ്പ് നൽകി. പാകിസ്താനുമേൽ അമേരിക്കയുടെ അടിമചങ്ങല അടിക്കടി മുറുകുമ്പോൾ മുല്ലമാരെ പ്രീണിപ്പിക്കാൻ പ്രസിഡന്റ് കാട്ടുന്ന വേലകളാണ് ഈ അഹ്മദിയ്യാ വിരുദ്ധ നീക്കങ്ങൾ എന്നത് വ്യക്തമാണ്. നവാസ് ശരീഫിന്റെ പാകിസ്താൻ മുസ്ലിം ലീഗിനും ബേനസീറിന്റെ പി. പി. പിയും മുല്ലമാരുടെ ഈ അഭിപ്രായത്തെ പിന്തുണച്ചിരിക്കുകയാണ്. ഇതോടെ മുല്ലായിസത്തിന്റെ കരാള ഹസ്തങ്ങളിൽ നിന്ന് പാകിസ്താനെ മോചിപ്പിക്കാൻ ജനറൽ മുഷ്റഫ് ഉയർത്തിയ പ്രബുദ്ധമായ മിതത്വം (Enlightened Moderation) എന്ന മുദ്രാവാക്യം വെറും കാപട്യമാണെന്ന് തെളിഞ്ഞിരിക്കുന്നു.

പാസ്പോർട്ടിൽ മതം ചേർക്കണമെന്ന് പറഞ്ഞ് മില്യൻ മാർച്ച് നടത്തുന്ന എം. എം. എ. യുടെ മുഖ്യപരാതി 'മതകോളം രേഖപ്പെടുത്താത്ത പുതിയ പാസ്പോർട്ട് ഉപയോഗിച്ച് ഖാദിയാനികൾ (അഹ്മദികൾ) ഹജ്ജിനു പോയേക്കും എന്നാണ്. (The Hindu 23 March 2005) പാകിസ്താൻ ദേശീയ അസംബ്ലി 1974 മുതൽ അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചതാണ്. പാസ്പോർട്ടിൽ മത കോളത്തിന് നേരെ 'ഖാദിയാനി' എന്ന് രേഖപ്പെടുത്തി അഹ്മദികൾക്ക് ഹജ്ജ് മുടക്കലായിരുന്ന പാക് ഭരണകൂടത്തിന്റേയും മുല്ലമാരുടെയും പരിപാടി പാസ്പോ ർട്ടുകളിൽ മത കോളം രേഖപ്പെടുത്ത തിനാൽ അഹ്മദികൾ ഹജ്ജ് ചെയ്തുകളയും എന്ന ഭയം ഹജ്ജാജികളെ സ്വീകരിക്കുന്ന സഊദി അറേബ്യക്കില്ല. ഈയ്യിടെ നടപ്പാക്കിയ അന്തർദേശീയ നിലവാരമുള്ള മെഷിൻ റീഡബിൾ പാസ്പോർട്ടിനെ പറ്റി അവർ യാതൊരു പരാതിയും ഇതുവരെ ഉന്നയിച്ചിട്ടില്ല. ബേജാറ് പാകിസ്താനിലെ മുല്ലാക്കൾക്കാണ്. അഹ്മദികൾ പാകിസ്താൻ എന്ന മത ഭ്രാന്തന്മാരുടെ നാട്ടിൽ മാത്രമല്ല ജീവിക്കുന്നത് 178 രാജ്യങ്ങളിൽ അവർ ഇന്ന് പരന്ന് കിടക്കുന്നു. മത സ്വാതന്ത്ര്യത്തെ ആദരിക്കുന്ന വിവേകമതികളുടെ ആ നാടുകളിൽ നിന്നും അവരുടെ പാസ്പോർട്ട് ഉപയോഗിച്ച്

അഹ്മദികൾക്ക് ഹജ്ജിന് പോകാനാവുമെന്ന കാര്യം കൂപമണ്ഡൂകങ്ങളായ പാകിസ്താനിലെ മുല്ലമാർ മനസ്സിലാക്കാത്തതെന്താണ്. കീറക്കുട കൊണ്ട് ഉച്ച സൂര്യനെ മറക്കാൻ ശ്രമിക്കുന്ന പാകിസ്താനിലെ മുല്ലമാരുടെ പ്രവർത്തി പരിഹാസ്യമാണ്. ഹജ്ജ് മുടക്കുന്നത് അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും കാരണമാവുമെന്ന് വി. ഖുർആൻ പറഞ്ഞ കാര്യം മുല്ലമാരും പാകിസ്താൻ ഭരണകൂടവും ഓർക്കുന്നത് നന്ന്. ഖുർആൻ പറയുന്നു. ആദരണീയ ദേവാലയത്തിൽ നിന്നും അവർ (ആളുകളെ) തടയുന്നുവെന്നിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ അവർക്ക് എന്താണ് ന്യായം? (8:35)

"മതത്തിന്റെ കോളം ഒഴിവാക്കിയത് തങ്ങളുടെ മുസ്‌ലിം എന്ന ഐഡന്റിറ്റിക്കെതിരെയുള്ള കടന്നാക്രമണമായി അനുഭവപ്പെടുന്നു" (The Hindu 23 March) എന്നാണ് അഷ്ടകക്ഷി മുല്ലാ സഖ്യത്തിന്റെ (എം. എം. എ) പരാതി. പാകിസ്താനിൽ ജനിച്ച പൗരൻ മുസ്‌ലിമായി അറിയപ്പെടാതിരിക്കുന്നതിൽ മുല്ലമാരുടെ രോഷപ്രകടനം നോക്കണെ. പാകിസ്താനിൽ ജനിച്ച് പോയതുകൊണ്ട് ആ നാട്ടിന്റെ പാസ്പോർട്ട് തന്നെ വേണമല്ലോ എന്ന ഗതികേടുകൊണ്ടല്ലാതെ പാകിസ്താനിലെ പൗരനാണ് താനെന്ന് അന്തർദേശീയ വേദികളിൽ ആത്മാഭിമാനത്തോടെ പറയാൻ മുല്ലമാരല്ലാത്ത വിവേകബോധമുള്ള ഒരു പാകിസ്താനി പൗരനേയും കിട്ടുമെന്ന് തോന്നുന്നില്ല. കാരണം 'പരിശുദ്ധ ദേശം' എന്നർത്ഥമുള്ളത് ഇസ്‌ലാമിന്റെ പേരിൽ രൂപം കൊണ്ടതുമായ പാകിസ്താനിൽ മദ്യശാലകളും വ്യഭിചാരശാലകളും മയക്ക് മരുന്ന് കേന്ദ്രങ്ങളും നൃത്തശാലകളും മാഫിയാ സംഘങ്ങളും സുലഭമാണ്. പാകിസ്താന്റെ സാംസ്കാരിക കേന്ദ്രങ്ങളായത് കൊണ്ടായിരിക്കാം അവിടങ്ങളിലെ കാര്യങ്ങളെല്ലാം ശാന്തമായി മുറ പോലെ നടക്കുന്നു. ഇവിടങ്ങളിലൊന്നും ബോംബുകൾ പൊട്ടാറില്ല. എന്നാൽ അല്ലാഹുവിനെ ആരാധിക്കാൻ വരുന്ന പാകിസ്താനിലെ മസ്ജിദുകളിൽ ദിനേനയെന്നോണം മത്സര ബുദ്ധിയോടെ ബോംബുകൾ പൊട്ടുകയാണ്. ബദറിലും ഉഹ്ദിലും കണ്ട ആവേശത്തോടെ മുല്ലമാരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ബോംബ് സ്ഫോടന പരമ്പരകളിൽ ഇതിനകം ആയിരക്കണക്കിന് മുസ്‌ലിം സഹോദരങ്ങൾ മരിച്ചുകഴിഞ്ഞു. പാകിസ്താന്റെ ചോരക്കളങ്ങളായി മാറിക്കൊണ്ടിരിക്കുന്ന മസ്ദിജുകൾ കണ്ട് മുല്ലമാരുടെ ചോര തിളക്കുന്നില്ല. ഇസ്‌ലാമിക രോഷം പതഞ്ഞുപൊങ്ങുന്നില്ല. പകരം ഈ ജിഹാദിൽ ചോരത്തിളപ്പോടെ പങ്കെടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്ന മുല്ലമാർ ഇതെല്ലാം മതപരമായ പുണ്യകർമ്മമാണെന്നാണ് കരുതുന്നത്. ഇവർക്ക് പാസ്പോർട്ടിൽ മത കോളം കാണാത്തതിൽ നടുക്കമുണ്ടായതിൽ അത്ഭുതപ്പെടാനില്ല.

ഈ അവസരത്തിൽ ഒരു കാര്യം

സൂഫിക്കഥ

# നായ്ക്കളും സാത്വികരും

ഒരിക്കൽ സൂഫിവര്യനായ ഹസനുൽ ബസരി ഒരു നായയുടെ ഗുണങ്ങളുമായി ആരിഫീങ്ങളായ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരുടെ സ്വഭാവ ഗുണങ്ങൾ താരതമ്യം ചെയ്ത് പ്രസംഗിക്കുകയുണ്ടായി. ബസരിയുടെ പ്രസംഗം ഇങ്ങനെ.

നായയുടെ ഏറ്റവും ഒന്നാമത്തെ ഗുണം അത് എത്രയും വിശപ്പ് സഹിച്ച് അടങ്ങിയിരിക്കും. ഇത് സാത്വികരുടെ ഗുണമാണ്. നായ്ക്കൾ രാത്രി കുറച്ച് നേരമേ ഉറങ്ങാറുള്ളൂ. സാത്വികർ രാത്രി കുറച്ച് നേരം ഉറങ്ങി ബാക്കി സമയം നമസ്കാരങ്ങളിൽ മുഴുകുന്നു. നായ്ക്കൾ സ്വന്തമായി സ്വത്തുക്കളില്ലാത്തവരാണ്. ഇത് വിരക്തിയുടെ ഗുണമാണ്. നായ്ക്കൾ യജമാനനോട് അങ്ങേയറ്റം കൂറുപുലർത്തുന്നവനാണ്. ഇത് മുഅ്മിനീങ്ങളുടെ ലക്ഷണമാണ്. നായ്ക്കൾ കിടക്കുക ഏറ്റവും മോശമായ സ്ഥലങ്ങളിലാണ്. അവയ്ക്ക് അതിൽ യാതൊരു പരാതിയുമില്ല. വിനയവും സഹനശീലവുമുള്ളവർക്കേ അങ്ങനെ കഴിയാൻ സാധിക്കൂ. അവർ ഏത് പരുപരുത്ത യാഥാർത്ഥ്യങ്ങളും സന്തോഷപൂർവ്വം സ്വീകരിക്കുന്നു. നായ്ക്കൾ ഉറങ്ങുമ്പോൾ അതിനെ ആട്ടിയകറ്റിയാൽ യാതൊരു പ്രതിഷേധവുമില്ലാതെ അത് മറ്റൊരിടത്ത് പോയി കിടക്കും; അത് സംതൃപ്തരുടെ അടയാളമാണ്. നായ്ക്കളെ നാം ഉപദ്രവിച്ചു ആട്ടിപായിച്ചാലും അതിനോട് സ്നേഹം കാണിച്ചാൽ കഴിഞ്ഞതെല്ലാം മറന്ന് വാലാട്ടിക്കൊണ്ട് അത് അടുത്ത് വരും. അത് ഹൃദയ ശുദ്ധിയുള്ളവരുടെ സ്വഭാവമാണ്. യജമാനൻ ഭക്ഷണം കഴിക്കുമ്പോൾ നായ്ക്കൾ ദൂരേ നിന്ന് അത് നോക്കി സംതൃപ്തിയോടെ നിൽക്കും. ഇത് ആത്മിയാന്വേഷകർക്കേ സാധ്യമാകൂ. നായ്ക്കൾ ഒരു സ്ഥലം വിട്ടുപോയാൽ പിന്നെ ആ സ്ഥലത്തെ പറ്റി ഓർക്കാറില്ല. ഇത് പരിത്യാഗികളുടെയും വിരക്തരുടെയും സ്വഭാവമാണ്.

നികൃഷ്ടമെന്ന് നാം കരുതുന്ന ഒരു നായയിൽ വരെ അല്ലാഹു ഉത്തമമായ ഗുണങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. 'മനുഷ്യർക്ക് പോലും ആ ഗുണങ്ങൾ തീർത്തും സ്വായത്തമാക്കാൻ കഴിയില്ല.' ഇത്തരം യാതൊരു ഗുണങ്ങളുമില്ലാത്ത മനുഷ്യൻ നായ്ക്കളേക്കാളും അധപതിച്ചവനല്ലേ? ഹസനുൽ ബസരി ചോദിച്ചു. ■

# വാർത്തകൾ

## മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ശ്രീലങ്കയിലേക്ക്


**കോഴിക്കോട് :** ഏപ്രിൽ 2-ാം തീയതി ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശാനുസരണം ഒരു മാസത്തെ ശ്രീലങ്കാ സന്ദർശനത്തിനായി മൗലാന മുഹമ്മദ് ഉമർ സാഹിബ് ഭാര്യാസമേതം യാത്രയായി. ശ്രീലങ്കൻ ജമാഅത്തുകളിൽ തഅ്‌ലിം തർബിയ്യത്ത് പ്രഭാഷണങ്ങൾ നടത്താനാണ് അദ്ദേഹം നിയോഗിതനായത്.

---

ഉണർത്താൻ ആഗ്രഹിക്കുന്നു. പാസ്പോർട്ടിൽ മതകോളം പുനസ്ഥാപിക്കണമെന്ന് പ്രക്ഷോഭണം നടത്തുന്ന എം .എം. എ. യുടെ നേതൃത്വസ്ഥാനത്തുള്ള കക്ഷിയാണ് ജമാഅത്തെ ഇസ്‌ലാമി. പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ തന്നെയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ അബുൽ അഅ്‌ലാമൗദൂദി സാഹിബ്. രണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെയും പരമാചാര്യനും, സൈദ്ധാന്തികനും ഒരാൾ തന്നെ. ലക്ഷ്യവും ഒന്നുതന്നെ എന്നിരിക്കെ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രക്ഷോഭം ഒരു തത്ത്വാധിഷ്ഠിത ജിഹാദാണെങ്കിൽ ഇക്കാര്യത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടെന്തായിരിക്കും? പാസ്പോർട്ടിൽ മതകോളം രേഖപ്പെടുത്താൻ ഇന്ത്യയിലും അവർ പ്രക്ഷോഭം നടത്തുമോ? ഇവിടെ പാസ്പോർട്ടിലൂടെ മുസ്‌ലിമാണെന്ന് അറിയപ്പെടാത്തതിൽ ജമാഅത്തെ ഇസ്‌ലാമിക്കാരുടെ അഭിമാനത്തിന് വിജ്രംഭണവും വികാരത്തിന് മുറിവും ഉണ്ടാവുന്നില്ലേ? കാർഷിക, പാരിസ്ഥിതിക, സാമ്പത്തിക മനുഷ്യാവകാശ പ്രശ്നങ്ങൾ ചർച്ച ചെയ്ത് രാജ്യത്തെ പ്രബുദ്ധമാക്കുന്ന സോളിഡാരിറ്റിയുടെ അടുത്ത പ്രക്ഷോഭം ഇന്ത്യൻ പാസ്പോർട്ടിൽ മതം ചേർക്കണമെന്ന് പറഞ്ഞിട്ടായിരിക്കുമോ. ■

# അനുസ്മരണം

## യു. സൈനുദ്ദീൻ സാഹിബ്



കൂടാളി ജമാഅത്തിലെ യു. സൈനുദ്ദീൻ സാഹിബ് (73) കഴിഞ്ഞ മാർച്ച് 4ന് വെള്ളിയാഴ്ച അന്തരിച്ചു. (ഇന്നാലില്ലാഹി) കണ്ണൂർ ജില്ലയുടെ ആദ്യകാല ഐ. എൻ. ടി. യു. സി ബീഡിതൊഴിലാളി സംഘാടകനായി പ്രവർത്തിച്ചുവെന്ന് സമകാലീന സുഹൃത്തുക്കൾ ഇപ്പോഴും സ്മരിക്കുന്ന പരേതൻ അക്കാലത്തെ അറിയപ്പെട്ട പ്രസംഗകനായിരുന്നു. കൂടാളി ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ പോയ കാലത്തെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം ഇംഗ്ലീഷിലും ഉറുദുവിലും സംസാരിക്കുവാനുള്ള വൈഭവം സ്വന്തമായി പരിശീലിച്ച ആളാണ്. ജമാഅത്തിനോടുള്ള ആദരവും ആവേശവും മനസ്സിൽ സൂക്ഷിച്ച സൈനുദ്ദീൻ സാഹിബ് രോഗാതുരനായി ക്ഷീണിതനാവുന്നതുവരെ എല്ലാ സംസ്ഥാന സമ്മേളനങ്ങളിലും പ്രദേശിക യോഗ പരിപാടികളിലും പങ്കെടുക്കാറുണ്ടായിരുന്നു. മക്കൾ : ടി. സഫീർ അഹ്‌മദ് സാഹിബ്, ടി. സുരയ്യാബീഗം സാഹിബ. മരുമക്കൾ : ഇ. എം. ഷാഫി (കണ്ണൂർ), നുസ്റത്ത് ജഹാൻ (കോഴിക്കോട്), അബ്ദുൾ മജീദ് സാഹിബ് സഹോദരനും, നഫീസ സാഹിബ, ജമീലാ സാഹിബ, ശരീഫാബീ സാഹിബ എന്നിവർ സഹോദരികളുമാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

*കെ പി. കൂടാളി*

## യു. അമത്തുൽ ഹയ്യ് സാഹിബ

മട്ടന്നൂർ ജമാഅത്തിലെ യു. അമത്തുൽ ഹയ്യ് സാഹിബ (82) കഴിഞ്ഞ മാർച്ച് 2ന് ബുധനാഴ്ച നിര്യാതയായി (ഇന്നാലിലില്ലാഹി) ജമാഅത്തിന്റെ മുൻകാല സെൻട്രൽ കമ്മിറ്റി സെക്രട്ടറിയും ഇപ്പോൾ ഹസ്‌ലെ ഒമർ സ്കൂൾ ട്രഷറർ, കൂടാളി സ്കൂൾ കമ്മിറ്റി ചെയർമാൻ, മജ്‌ലിസ് അൻസാറുള്ള നാസിം, മട്ടന്നൂർ ജമാഅത്ത് പ്രസിഡന്റുമായ ജനാബ് യു. മൻസൂർ അഹ്‌മദ് സാഹിബിന്റെ മാതാവാണ് പരേത.

ഭക്തയും ധർമ്മിഷ്ഠയും സൽസ്വഭാവിയുമായിരുന്ന അമത്തുൽ ഹയ്യ് സാഹിബ വർഷങ്ങൾക്ക് മുമ്പ് ഒരു ലോവർ പ്രൈമറി സ്കൂളിലെ അദ്ധ്യാപികയായി കുറഞ്ഞ കാലം പ്രവർത്തിക്കുകയും അവരുടെ ആദ്യ ഭർത്താവായിരുന്ന കണ്ണൂർ എടപ്പകത്ത് അബ്ദുർ റഹിമാൻ കുട്ടി സാഹിബിനോടൊപ്പം ഖാദിയാനിൽ ദർവേശായി താമസിക്കുകയും പിന്നീട് കൂടാളിയിൽ തിരിച്ചെത്തി ലജ്നാ ഇമാഇല്ലാ പ്രസിഡന്റായും ജമാഅത്തിന്റെ സജീവ സേവകയാവുകയും ചെയ്തു.ഭർ ത്താവിന്റെ മരണാനന്തരം മഞ്ചേശ്വരത്തെ അബ്ദുൽ റസാക്ക് സാഹിബിനെ പുനർ വിവാഹം ചെയ്തു. മക്കൾ: മൻസൂർ അഹ്‌മദ് സാഹിബ് മുനീറ സാഹിബ, താഹിറ സാഹിബ, റഹ്‌മത്ത് സാഹിബ, മരുമക്കൾ : മുബാറക്ക് അഹ്‌മദ് സാഹിബ്, ബർക്കത്തുല്ലാഹ് സാഹിബ്, സക്കിയാബി സാഹിബ, മൊയ്തീൻ കോയ സാഹിബ്, സഹോദരങ്ങൾ മുനീർ അഹ്‌മദ് സാഹിബ്, അഹ്‌മദ് കോയാ സാഹിബ്, അല്ലാഹു പരേതക്ക് ജന്ന ത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ■

**എം. മൊയ്തീൻ കോയ, മട്ടന്നൂർ**